Aikyadeepam
# ഐക്യദീപം
ഏപ്രിൽ 2015
Since 1976 വില ₹ 10



## നിങ്ങൾക്ക് സമാധാനം

മാതാപിതാക്കൾ അറിയാൻ

അത്ഭുതങ്ങളുടെ ആകാശം

ചോദിച്ചാൽ തരുന്ന തമ്പുരാൻ

ബഥനി ആശ്വാസത്തിന്റെ ഭവനം



സൂര്യപ്രകാശം ഉപയോഗിക്കൂ !!!
പ്രകൃതിയെ സ്നേഹിക്കൂ !!!
ഭൂമിയെ സംരക്ഷിക്കൂ !!!
www.lightkin.in
LIGHTKIN™
we lighten your moments
Solar
Lighting System
ഒരു ഇന്ത്യൻ നിർമ്മിത ഉൽപന്നം
കറന്റ് കട്ട് മൂലം കുട്ടികളുടെ പഠനം, പാചകം, ജോലികൾ തുടങ്ങിയവയ്ക്ക് തടസം നേരിടുന്നുവോ?
ശാശ്വതപരിഹാരവുമായി
USE SOLAR ENERGY AND SAVE ELECTRICITY
ബോധനയിലൂടെ വാങ്ങൂ സബ്സിഡി നേടൂ...
Solar Home Lighting System
Solar LED Lantern
എല്ലാ വശത്തേയ്ക്കും നല്ല പ്രകാശം.
Charging, battery low voltage എന്നിവയ്ക്കായി പ്രത്യേകം LED - കൾ
Battery, Board, LED, Switch എന്നിവ ഉൾപ്പെടെ ഒരുവർഷ വാറന്റി
തുടർച്ചയായി 8 മണിക്കൂർ പ്രവർത്തിക്കുന്നു
ദിവസങ്ങളോളം വൈദ്യുതി മുടങ്ങിയാലും പ്രകാശത്തിന് ഇനിയും ബുദ്ധിമുട്ടില്ല.
പഠിക്കുന്നതിനും വായിക്കുന്നതിനുമായി പ്രകാശം കൂടിയ 1 ലൈറ്റ്
മൂന്ന് ഇടങ്ങളിൽ പ്രകാശത്തിനായി 3 LED ലൈറ്റുകൾ
തുടർച്ചയായി 8 മുതൽ 30 മണിക്കൂർവരെ പ്രകാശം ലഭിക്കുന്നു.
ബുക്കിങ്ങിനായി ബന്ധപ്പെടുക
Bodhana
Thiruvalla
Ph: 0469-2730561
2606063
വീട്, കട, ഫാം, എസ്റ്റേറ്റ്
വൈദ്യുതി ലഭിക്കാത്തവർ
ആരാധനാലയങ്ങൾ
വിദ്യാഭ്യാസസ്ഥാപനങ്ങൾ
എന്നിവർക്ക് ഉത്തമം
വൈദ്യുതി ഇല്ലാത്തവർക്കും ഉള്ളവർക്കും ഒരുപോലെ പ്രയോജനപ്രദം
സൂര്യപ്രകാശം മുഖേന ചാർജ്ജിങ് • ഉയർന്ന ഗുണമേന്മ • മികച്ച വില്പനാനന്തരസേവനം

എഡിറ്റോറിയൽ

editorial



# ആദ്യ ദർശനം കാത്ത്

അടഞ്ഞ കല്ലറ തുറന്നു എന്നത് മാത്രമല്ല ഉത്ഥാനം, പിന്നെയോ അർഹതയില്ലാത്തവരുടെ മേൽ വീണ്ടും സ്നേഹത്തിന്റെ മഴ നിർത്താതെ പെയ്തിറങ്ങുന്നതാണത്. തള്ളിപ്പറഞ്ഞവനും ഓടിയൊളിച്ചവരും കുരിശിനോട് ചേർന്നു നിന്നവരും ആ സ്നേഹമഴ നനയുകയായിരുന്നു. ദൈവം ഒഴുക്കിയ രക്ഷയുടെ കുളിർ മഴ. ഉത്ഥാനം വെറുമൊരു സംഭവമല്ല, അത് സ്നേഹത്തിന്റെ മറുപടിയാണ്, ദൈവം ഹൃദയത്തിൽ കരുതി വച്ച മറുപടി. മരണത്തിനും ഈ കല്ലറയ്ക്കും എന്റെ സ്നേഹത്തെ തകർക്കുവാനോ അടച്ചുപൂട്ടാനോ ആവില്ല. നിന്നോടുള്ള സ്നേഹത്താൽ എനിക്ക് ഇത്ഥാനം ചെയ്യാതിരിക്കാനുമാവില്ല എന്നു ദൈവം പറഞ്ഞതിന്റെ പ്രതിധ്വനിയാണല്ലോ നാം ആ കല്ലറയിൽ നിന്ന് കേൾക്കുന്നത്. അതേ ഉത്ഥാനത്തിന് നമ്മെ ചിലത് ഓർമ്മിപ്പിക്കാനും തീവ്രമായ ഒരു സ്നേഹത്തിലേക്ക് ക്ഷണിക്കാനുമുണ്ട്......

സ്നേഹിക്കുന്നതിലും സ്നേഹം പ്രകടിപ്പിക്കുന്നതിലും സ്ത്രീകൾ തന്നെയാണ് മുൻപിലെന്നു തോന്നിപ്പോകുന്നു. കുരിശിന്റെ വഴിയും ഉയിർപ്പും അതാണ് നമ്മെ പഠിപ്പിക്കുന്നത്. കുരിശിന്റെ വഴിയിൽ, നിഴലായി നടന്ന ശിഷ്യന്മാർ അകലം പാലിച്ച് അവനെ അനുഗമിച്ചപ്പോൾ, കുരിശെടുക്കാൻ ഒരുവൻ നിർബന്ധിതനായപ്പോൾ, അവനെ ആശ്വസിപ്പിക്കാൻ അവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ; കുറെ സ്ത്രീകൾ. അവർക്കായി അവൻ ചില വിലപ്പെട്ട സമ്മാനങ്ങൾ കരുതിവച്ചിരുന്നു. ഹൃദയം തകർന്ന് അനുധാവനം ചെയ്ത അമ്മയ്ക്ക് മാത്രം സ്നേഹം കൊണ്ടൊരു ചുടുചുംബനവും അവന്റെ സഹനങ്ങളെ ഒരു പരിധിവരെയെങ്കിലും ഒപ്പിയെടുത്ത വേറോനിക്കയ്ക്ക് അവന്റെ തിരുമുഖചിത്രവും പിന്നെ ഓർശ്ലേം സ്ത്രീകൾക്ക് ആശ്വാസത്തിന്റെ വചനങ്ങളും അവൻ ഹൃദയത്തിൽ കരുതിവച്ചിരുന്നു. കുരിശോട് ചേർന്നും അവരുണ്ടായിരുന്നു. അതിൽ മഗ്ദലനമറിയത്തിന് ഉത്ഥാനശേഷം ആദ്യ ദർശനവും. അവൾക്ക് അവന്റെ കല്ലറയുടെ അരികിൽ നിന്ന് മാറുവാനാകില്ലായിരുന്നു. അതല്ലേ? ആ സ്നേഹമല്ലേ സങ്കടങ്ങൾ തല്ലിവീഴ്ത്തിയിട്ടും പുലരും മുമ്പേ അവളെ അവിടെ എത്തിച്ചത്. ശിഷ്യന്മാരുടെ സ്നേഹവും സങ്കടവും ഉറഞ്ഞുകൂടി തളർച്ചയായി ശരീരത്തെ ബാധിച്ചപ്പോൾ, ഭയമായി മനസിനെ തളച്ചിട്ടപ്പോൾ, അവൾ ഓടുകയായിരുന്നു ആ കല്ലറയിലേക്ക് അതെ, സ്നേഹിക്കുന്നവരുടെ ഇടങ്ങളിലേക്ക് നാം അറിയാതെ വലിച്ചടിപ്പിക്കപ്പെടുന്നതുപോലെ, ഒരുപക്ഷേ അവളുടെ സ്നേഹത്തിന്റെ പാരമ്യമാകാം ഉത്ഥിതനെ ആദ്യം കാണുവാനുള്ള ഭാഗ്യവും അവൾക്ക് നല്കിയത്. കല്ലറയിലേത്തിയ ശിഷ്യന്മാർ തിരികെ പോയിട്ടും അവൾ കല്ലറയുടെ വെളിയിൽ കരഞ്ഞുകൊണ്ട് ഒരു പാദക്ഷാളനം, പണ്ട് ശിമയോന്റെ ഭവനത്തിൽ വച്ച് അവന്റെ പാദങ്ങൾ കഴുകിതുടച്ചതുപോലെ, ഒരുപക്ഷേ അതിലും തീവ്രമായ സ്നേഹത്തോടെ....



തിരുരക്തതുള്ളികൾ പൊഴിഞ്ഞു കിടക്കുന്ന ഈ കുരിശിന്റെ വഴിയേ നാം നടന്ന് ഉത്ഥാനത്തിന്റെ ആ കല്ലറയിലെത്തുമ്പോഴേക്കും മഗ്ദലനമറിയത്തെപ്പോലെ നമുക്കവിടെ കാത്തിരിക്കാം; കണ്ണീരോടെ; ഒരു പാദക്ഷാളനത്തിന് വേണ്ടി കൈകൾ നിറയെ കണ്ണീർതുള്ളികളായ്. നിന്റെ നാഥനെ നിന്റെ അരികിലെത്തിക്കാനുള്ള സ്നേഹം നിന്നിലുണ്ടോ? എങ്കിൽ അവൻ വരും നിന്നെ തേടി... അവൻ നിന്നെ വിളിക്കും മറിയം.... നിനക്ക് വിളി കേൾക്കാതിരിക്കാനാവില്ല.... നീയും വിളിക്കും റബ്ബോനി... എന്റെ നാഥാ....

# ഐക്യദീപം

*Aikyadeepam*

2015 ഏപ്രിൽ പുസ്തകം 46 ലക്കം 4






















- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ
  കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ്
  മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  തോമസ് കൊടിനാട്ടുകുന്നേൽ
  കോർ എപ്പിസ്ക്കോപ്പാ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



**Printing at: Dona Offset, Kottayam**

**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**


## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ആരോഗ്യം,
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ

06 **നിങ്ങൾക്ക് സമാധാനം**
മോർ മിലിത്തിയോസ് യൂഹാനോൻ മെത്രാപ്പോലീത്ത

08 **അത്ഭുതങ്ങളുടെ ആകാശം**
ജോനാഥ് കപ്പൂച്ചിൻ

11 **ബഥനി ആശ്വാസത്തിന്റെ ഭവനം**
ഫാ. ജോൺ ബർക്കുമാൻസ് ഒ.ഐ.സി.





18 **മാതാപിതാക്കൾ അറിയാൻ**
അഡ്വ. ചാർളി പോൾ

21 **ചോദിച്ചാൽ തരുന്ന തമ്പുരാൻ**
സി. അർച്ചിത SIC

29 **വിഷുക്കൈനീട്ടം**
മീരാകൃഷ്ണ

31 **The Crucified Christ is the Savior of the World**
Rev. Fr. Michael Edathil



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com




മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്


# അസത്യത്തിൽനിന്ന് സത്യത്തിലേക്ക് മരണത്തിൽനിന്ന് ജീവനിലേക്ക് : ഉയിർപ്പുചിന്തകൾ



തിന്മയുടെയും അസത്യത്തിന്റെയും വേരുകൾ അറുത്തുനീക്കി ശാശ്വത സമാധാനത്തിന്റെയും ആത്യന്തികമായ ആനന്ദത്തിന്റെയും അനുഭവത്തിലേക്ക് ഉയിർപ്പുതിരുനാൾ നമ്മെ എത്തിച്ചിരിക്കുന്നു. കല്ലറയ്ക്കും അപ്പുറത്തുള്ള ഒരു ജീവനും ജീവിതവും നമ്മുടെ മുമ്പിൽ എഴുതിചേർത്ത് നമ്മെ എല്ലാവിധ കെണിയിൽനിന്നും രക്ഷിച്ച യേശുനാഥന് സ്തുതിയും മഹത്വവും നമുക്ക് കരേറ്റാം. അവിടുത്തെ മരണം ദാരുണമായിരുന്നു; പീഡകളുടെ ആധിക്യം സങ്കല്പിക്കാവുന്നതിലപ്പുറമായിരുന്നു. മനുഷ്യന്റെ പാപങ്ങൾക്ക് ദൈവം പരിഹാരം ചെയ്ത് അവനെ വീണ്ടെടുത്തു. നമ്മുടെ പാപങ്ങളുടെ ആധിക്യംപോലെ യേശുനാഥന്റെ പീഡയുടെ ആധിക്യവും വലുതായിരുന്നു. ശാരീരികപീഡനങ്ങളോടൊപ്പം എല്ലാത്തരത്തിലുള്ള നിന്ദനവും എതിർപ്പും അവഗണനയും പരിഹാസവും വെല്ലുവിളികളും അവിടുത്തേക്കുണ്ടായി. താൻ എളിമപ്പെട്ടപ്പോൾ ഒരിക്കലും മായാത്തതും സുദൃഢവുമായ രക്ഷയുടെ ഭവനം പണിതുയർത്തുക ആയിരുന്നു. ആ ശിലയുടെ ബലം അവനേറ്റ അതിക്രമങ്ങളുടെയും അപമാനത്തിന്റെയും ആധിക്യത്തിനൊപ്പം ആയിരുന്നു എന്ന് നമുക്ക് ഓർക്കാം. ഈ തിരുനാൾ സ്നേഹത്തിന്റെ വീണ്ടെടുപ്പ് തിരുനാളാണ്. എന്തുവില കൊടുത്തും മനുഷ്യനെ രക്ഷിക്കുവാൻ തയ്യാറായ ദൈവത്തിന്റെ സ്നേഹാധിക്യമാണ് പ്രകടമാകുന്നത്. ആർക്കൊക്കെ മനസ്സിലായാലും ആരൊക്കെ ഉൾക്കൊണ്ടാലും ശരി ദൈവത്തിന്റെ സ്വഭാവം സ്നേഹമാണെന്ന് അവിടുന്ന് ചരിത്രത്തിലൂടെ തെളിയിച്ചു. നാം ആ പാതയാണ് പിന്തുടരേണ്ടത്. ദൈവത്തിലേക്കുള്ള പാത സ്നേഹത്തിന്റെ പാതയാണ്. എല്ലാവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

നമ്മുടെ സംസ്ഥാനത്തുണ്ടായ, ഉണ്ടായിക്കൊണ്ടിരിക്കുന്ന, സാംസ്കാരിക അധഃപതനം നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ്. ഭരണ-പ്രതിപക്ഷ കക്ഷികൾ കാട്ടിക്കൂട്ടിയ വിക്രിയകളും, ലജ്ജയും ജാള്യതയുമില്ലാതെ അവയെ ന്യായീകരിക്കുകയും വാസ്തവമല്ലാത്ത രീതിയിൽ വളച്ചൊടിക്കുകയും, അതിന്റെ പേരിൽ ചേരി തിരിഞ്ഞ് ആക്രമണങ്ങൾ അഴിച്ചുവിടുകയും, സഭ്യമല്ലാത്ത രീതിയിൽ പൊതുസമൂഹത്തിന്റെ മുമ്പിൽ സംസാരിക്കുകയും ചെയ്ത സാഹചര്യങ്ങൾ തികച്ചും തീരാകളങ്കമാണ്. നമ്മുടെ കുഞ്ഞുങ്ങളും ചെറുപ്പക്കാരും പൊതുസമൂഹവും ജനായത്ത


*(ശേഷം പേജ് 23)*

# നിങ്ങൾക്ക് സമാധാനം



നോമ്പിന്റെയും പീഡാനുഭവത്തിന്റെയും രക്ഷാകരമായ ഉയിർപ്പിന്റെയും നാളുകൾ വീണ്ടും ചില ഓർമ്മപ്പെടുത്തലുകളിലേക്കും തിരിച്ചറിവുകളിലേക്കും നമ്മെ വിളിച്ചുണർത്തുന്നു. ഉയിർപ്പ് ഉദ്ഘോഷിക്കുന്ന രണ്ട് പ്രധാന സന്ദേശങ്ങളാണ് ദൈവസ്നേഹവും ദൈവീക സമാധാനവും.

ഇന്ന് ലോകത്തിന് അന്യമായിക്കൊണ്ടിരിക്കുന്ന, മനുഷ്യൻ ആഗ്രഹിക്കുന്നതും എന്നാൽ അപ്രാപ്യമായി തോന്നുന്നതും സ്നേഹവും സമാധാനവും തന്നെ. ഇത് രണ്ടും ദൈവദാനങ്ങളാണുതാനും. ദൈവത്തെ മറന്ന് പോകുന്നതും ദൈവാനുഭവം ഇല്ലാതെ പോകുന്നതും പ്രകടനാത്മകമായ ആത്മീയതയും ഇന്നിന്റെ പര്യായമായപ്പോൾ സ്നേഹവും സമാധാനവും അനുഭവിക്കുവാൻ മനുഷ്യന് സാദ്ധ്യമാകാതെ വരുന്നു. നമുക്ക് ചുറ്റും ഇന്ന് ശാന്തിയെക്കാളധികം അരാചകത്വമാണ് നിലനിൽക്കുന്നത്.




**മോർ മിലിത്തിയോസ്**
**യൂഹാനോൻ മെത്രാപ്പോലീത്ത**
സെന്റ് ഏലിയാസ് സിറിയൻ ഓർത്തഡോക്സ് സെമിനാരി, മഞ്ഞിനിക്കര
തുമ്പമൺ ഭദ്രാസനം

ഇരുളിലാണ് പ്രകാശത്തിന്റെ ആവശ്യം. അതുകൊണ്ടുതന്നെ സ്നേഹവും സമാധാനവും അന്യമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലാണ് ഉയിർപ്പിന്റെ സന്ദേശത്തിന്റെ ഏറ്റവും വലിയ പ്രസക്തി. ലാഭക്കൊതിയുള്ള ഇന്നിന്റെ മനുഷ്യമനസ്സിൽ എല്ലാത്തിന്റെയും അളവുകോൽ സമ്പത്താണ് എന്ന് ചിന്തിച്ചുപോകുന്നു. ഒരു പരിധിവരെയെങ്കിലും അദ്ധ്യാത്മിക ലോകത്തെയും സമ്പത്തും ആഢംബരവും കൈയടക്കിയിട്ടുണ്ട്.

എന്നാൽ ക്രിസ്തുവിന്റെ അളവുകോൽ സ്നേഹത്തിന്റെ അളവുകോലാണ്. യോഹന്നാൻ 1:14 നാം വായിക്കുന്നു അനന്തമായ സ്നേഹത്തിൽ പ്രേരിതനായി ദൈവം അവനെ ലോകത്തിലേക്ക് അയച്ചു എന്ന്.

വീണ്ടും പത്രോസ് തന്റെ ലേഖനത്തിൽ പറയുന്നു, "നിങ്ങൾ രക്ഷ പ്രാപിച്ചിരിക്കുന്നത് നശിച്ചുപോകുന്ന പൊന്നും വെള്ളിയുംകൊണ്ടല്ല, വിലയേറിയ ക്രിസ്തുവിന്റെ രക്തത്താലത്രേ" എന്ന് (1 പത്രോസ് 1:18-19). മനുഷ്യന്റെ വിമോചനം സാദ്ധ്യമായത് ക്രിസ്തുവിന്റെ രക്തത്താലാണ് എങ്കിൽ അത് ദൈവസ്നേഹത്തിന്റെ, അതും മനുഷ്യനോടുള്ള സ്നേഹത്തിന്റെ ഉന്നതമായ തലമാണ്. ക്രിസ്തു വീണ്ടും നമ്മെ ഓർമ്മപ്പെടുത്തുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ സ്നേഹിപ്പിൻ എന്ന് (യോഹന്നാൻ 13:34). ക്രിസ്തു എന്നിൽ നിന്നും നിങ്ങളിൽനിന്നും ആഗ്രഹിക്കുന്നത് സ്നേഹത്തിന്റെ ആചരണമാണ്. സ്നേഹം നിലനിൽക്കുന്ന ഒരു സമൂഹത്തിൽ ഒരു തിന്മയ്ക്കും കടന്നുവരുവാൻ സാധിക്കില്ല. സ്നേഹം അന്യമായിക്കൊണ്ടിരിക്കുന്ന ഈ സമൂഹത്തിൽ ക്രൈസ്തവ ദൗത്യം സ്നേഹത്തിന്റെ പുനഃസ്ഥാപനമാണ്. ഈ ഉയിർപ്പ് സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും കഴിയുന്നവന്റെ ഉയർത്തെഴുന്നേൽപ്പാകണം.

**ഇരുളിലാണ് പ്രകാശത്തിന്റെ ആവശ്യം. അതുകൊണ്ടുതന്നെ സ്നേഹവും സമാധാനവും അന്യമായിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിലാണ് ഉയിർപ്പിന്റെ സന്ദേശത്തിന്റെ ഏറ്റവും വലിയ പ്രസക്തി. ലാഭക്കൊതിയുള്ള ഇന്നിന്റെ മനുഷ്യമനസ്സിൽ എല്ലാത്തിന്റെയും അളവുകോൽ സമ്പത്താണ് എന്ന് ചിന്തിച്ചുപോകുന്നു.**




ഉയിർപ്പ് പെരുന്നാളിന്റെ വിശ്വാസം സുവിശേഷ ഭാഗത്തിൽ നാം വായിക്കുന്നു. "എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു, ഞാൻ നിങ്ങൾക്ക് ലോകത്തിൽ നൽകപ്പെടുന്നതുപോലെയല്ല'' (യോഹന്നാൻ 13:35-36). നിത്യമായതും സകല അശാന്തിയെയും മറികടക്കുന്നതുമായ ഒരു സമാധാനത്തിന്റെ ആഹ്വാനമാണ് ഉയിർപ്പ്. മനുഷ്യാവതാരത്തിന്റെ പരമമായ ലക്ഷ്യവും മനുഷ്യനെയും ദൈവത്തെയും തമ്മിൽ രമ്യപ്പെടുത്തുക എന്നതായിരുന്നു. ക്രിസ്തുവിന്റെ ജനനത്തിൽ മാലാഖമാർ പാടിയ സ്വർഗ്ഗീയ സന്ദേശവും സമാധാനത്തിന്റെ ആയിരുന്നു. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം'' വി. ലൂക്കോസ് 2:14). ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അവർക്ക് പ്രത്യക്ഷമായി അവർക്ക് നൽകിയ സന്ദേശം നിങ്ങൾക്ക് സമാധാനം എന്നതാകുന്നു (വി. യോഹന്നാൻ 20:14).

ഉയിർപ്പിന്റെ സന്ദേശം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ആകുന്നു എന്ന് പറയുമ്പോൾ തന്നെ അത് അറിയപ്പെടുന്നത് അതിലൂടെ മാത്രമെ സാദ്ധ്യമാകൂ. ദൈവരാജ്യത്തെ മുൻനിർത്തി ക്രിസ്തു പഠിപ്പിക്കുകയും ആയതിനായി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ തന്നെ അത് വ്യവസ്ഥാപിതമായ സാമൂഹിക സാമുദായിക രാഷ്ട്രീയ നടപടികളെ ചോദ്യം ചെയ്യുകയും ചെയ്തു. ആയത് ക്രിസ്തുവിന്റെ ക്രൂശിലേക്കുള്ള പാതയെ ത്വരിതമാക്കുകയും ചെയ്തു. ക്രിസ്തുവിന്റെ സന്ദേശം പറയുന്നവനും കേൾക്കുന്നവനും ഒരുപോലെ മുറിപ്പെടുത്തുന്നതാണ്. ക്രിസ്തു നമ്മെ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തു എങ്കിലും (യോഹന്നാൻ 15:17-19). മനുഷ്യൻ ഇന്ന് ദൈവത്തിനോട് എന്നതിലധികം ലോകവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പൗലോസ് ശ്ലീഹാ പറയുന്നത് "ജഡത്തിന്റെ പ്രവർത്തിയാണ് ഇന്ന് മനുഷ്യനെ നയിക്കുന്നത്."

ക്രിസ്തുവിന്റെ ഉയിർപ്പ് പെരുന്നാളിൽ നാം പങ്കാളികളാകുമ്പോൾ ജഡത്തിന്റെ പ്രവർത്തിയെ വിട്ട് ആത്മാവിന്റെ ഫലത്തെ പുറപ്പെടുവിക്കാൻ നമുക്ക് ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.




# അത്ഭുതങ്ങളുടെ ആകാശം



ജോനാഥ് കപ്പൂച്ചിൻ

അത്ഭുതങ്ങളിലൂടെ കരഗതമാകുന്ന ആശ്വാസത്തിന് ഒരാളുടെ ആത്മീയ ജീവിതത്തിൽ അല്പായുസ്സാണ്. നമ്മുടെ നിരാശയെയും സന്ദേഹങ്ങളെയും സ്വാർത്ഥതകളെയും താത്കാലികമായി മറച്ചുവയ്ക്കുന്ന ഒരാവരണമല്ലാതെ മറ്റൊന്നുമല്ലത്. അത്ഭുതങ്ങൾ നിലയ്ക്കുമ്പോൾ ഉള്ളിലെ അവസാനിക്കാത്ത ദുരാശകളും അസംതൃപ്തികളും മോഹഭംഗങ്ങളുമൊക്കെ പതുക്കെ പുറത്തു വരുന്നു. ഇസ്രായേൽ ഒരുപാട് അത്ഭുതങ്ങൾക്ക് സാക്ഷിയായി തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. അവർക്കുവേണ്ടി യഹോവ ഈജിപ്തിനെതിരെ മഹാമാരികൾ അയയ്ക്കുന്നു. ചെങ്കടൽ ഭേദിക്കുന്നു. മരുഭൂമിയിൽ മന്ന വർഷിക്കുന്നു. മോറിയായിൽ പാറ പിളർന്നു. ജലം നല്കുന്നു. എന്നാൽ, അവരുടെ വിശ്വാസം അത്ഭുതങ്ങളെ മാത്രം ആശ്രയിച്ചുള്ളതായിരുന്നു. അതുകൊണ്ടുതന്നെ ദൈവിക ഇടപെടലുകൾ അസ്തമിക്കുന്നമാത്രയിൽ യഹോവയ്ക്കെതിരായവർ പിറുപിറുക്കാൻ തുടങ്ങുന്നു. വിശന്നപ്പോൾ അടിമത്തത്തിന്റെ ഇറച്ചിപ്പാത്രങ്ങൾക്കും അപ്പകഷണങ്ങൾക്കും വേണ്ടി കിനാവു കാണാൻ ആരംഭിക്കുന്നു.

അത്ഭുതങ്ങളും അടയാളങ്ങളും ആത്യന്തികമായി നമ്മെ രക്ഷിക്കാൻ പോകുന്നില്ല. ക്രിസ്തുവിനതറിയാമായിരുന്നു. അതുകൊണ്ടാണ് അത്ഭുതങ്ങൾക്കുവേണ്ടി മാത്രം തന്നെ തേടിയെത്തിയ ജനാവലിയെ പലപ്പോഴുമവൻ നിരുത്സാഹപ്പെടുത്തിയത്. അത്ഭുതങ്ങൾ ചെയ്യുന്നതും ഒരു പ്രലോഭനമാണെന്നവന്റെ മരുഭൂമിയിലെ തപസ്സുകാലം അവനു പറഞ്ഞുകൊടുത്തു. കുറ്റവാളിയായി നിൽക്കുമ്പോഴും അത്ഭുതങ്ങൾ കാണണമെന്ന് പ്രതീക്ഷിച്ച് പലതും ചോദിച്ച ഹേറോദോസിനോട് അവൻ ഒന്നിനും ഉത്തരം പറയുന്നില്ല. കുരിശിൽ മരണം കാത്തുകിടക്കുമ്പോഴും നീ താഴേക്കിറങ്ങി വന്നാൽ ഞങ്ങൾ വിശ്വസിക്കാം എന്നു വെല്ലുവിളിച്ചവരുടെ മുമ്പിൽ മൗനം പാലിച്ചു. അത്ഭുതങ്ങൾക്കുവേണ്ടിയുള്ള



ഒരുവന്റെ പരക്കം പാച്ചിലുകൾ അവന്റെ ആത്മീയ ബലശൂന്യത യെയാണ് പുറത്തു കൊണ്ടുവരു ന്നത്. ഈ ഉയിർപ്പുതിരുനാൾ പോലും നമ്മെ ഓർമ്മിപ്പിക്കുന്നത താണ്.

ഉത്ഥിതനായ ക്രിസ്തു ആർക്കെല്ലാം വെളിപ്പെട്ടു എന്നന്വേഷിച്ച് വെറുതെ സുവിശേഷത്തിലൂടെ കടന്നുപോകുകയായിരുന്നു ഞാൻ. അതെന്നെ വല്ലാതെ അതിശയിപ്പിച്ചു.ഉയിർപ്പിന്റെ രഹസ്യം ആദ്യം തുറന്നു കിട്ടുന്നത് ശൂന്യമായ കല്ലറയ്ക്കുമുമ്പിൽ കരഞ്ഞു കൊണ്ടിരുന്ന മഗ്ദലേന മേരിക്കായിരുന്നു. സത്യത്തിൽ പല കാരണങ്ങൾ കൊണ്ട് ക്രിസ്തു പ്രത്യക്ഷപ്പെടാൻ ഏറ്റവും കൂടുതൽ യോഗ്യതയുള്ളത് അവന്റെ അമ്മയ്ക്കാണ്. മകന്റെ മരണം ഏറ്റവും കൂടുതൽ തകർത്തുകളഞ്ഞത് അവളെയാണ്. ഒരുപാട് പുരുഷന്മാരോടൊപ്പം ഇടറിയ ജീവിതം പങ്കുവച്ച പഴയകാലമുണ്ടായിരുന്നു മഗ്ദലേനായ്ക്ക്. അമ്മ മേരിയാകട്ടെ, ഒരു പുരുഷനേയും അറിയാതിരുന്നവൾ. കന്യാത്വത്തിന്റെ കവചകുണ്ഡലമണിഞ്ഞവൾ. മഗ്ദലേന ഒരിക്കൽ കണ്ണീരുകൊണ്ട് അവന്റെ പാദം കഴുകിയിട്ടുണ്ട്. എന്നാൽ അമ്മ മേരിയാകട്ടെ, പലവട്ടം ഉണ്ണിയായിരുന്ന യേശുവിനെ, പാദം മാത്രമല്ല ശരീരം മുഴുവനുമായി കുളിപ്പിച്ചിരിക്കുന്നു. മഗ്ദലേനയ്ക്ക് അവൻ ഉയിർക്കുമെന്ന പ്രതീക്ഷപോലും ഉണ്ടായിരുന്നില്ല. മൃതശരീരത്തിൽ പരിമളതൈലം പൂശുവാനാണവൾ എത്തിയത്. ക്രിസ്തുവിനെ തോട്ടക്കാരനായിട്ടുപോലും അവൾ തെറ്റിദ്ധരിക്കുന്നുണ്ട്. എന്നിട്ടും അമ്മ മേരിയെ അവഗണിച്ചുകൊണ്ട് മഗ്ദലേനയ്ക്കവൻ ആദ്യം പ്രത്യക്ഷപ്പെട്ടു.

വീണ്ടും ഏമ്മാവൂസിലേക്കു പോയ രണ്ടു ശിഷ്യന്മാർക്ക് ക്രിസ്തു വെളിപ്പെട്ടുകിട്ടുന്നുണ്ട്. ജറുസലേമിൽ തന്നെയും പ്രതീക്ഷിച്ച് കാത്തിരിക്കണമെന്ന് കൽപിച്ചിട്ടും ആശ നഷ്ടപ്പെട്ട് വിട പറഞ്ഞവരായിരുന്നു ക്ലെയോപ്പാസും കൂട്ടുകാരനും. മേരിയാകട്ടെ, ദൈവം കൽപ്പിച്ചപ്പോൾ ഈജിപ്തിലേക്ക് പാലായനം ചെയ്യാൻ തയ്യാറായി. നസ്രത്തിലേക്കു മടങ്ങിവരാൻ പറഞ്ഞപ്പോൾ അവിടേക്കും. ചാർച്ചക്കാരി എലിസബത്തിനെ കാണാൻ യൂദയായിലെ മലമ്പ്രദേശത്തെ പട്ടണത്തിലേക്ക് പോകാൻ പോലും തയ്യാറാകുന്നു. ദൈവം ആഗ്രഹിക്കാത്ത ഒരിടത്തേക്കും പോയതുമില്ല. അപ്പോഴും ക്രിസ്തു മറിയത്തെ തന്റെ ദർശനത്താൽ അനുഗ്രഹിച്ചില്ല.

പീറ്ററിനെയും കൂട്ടരെയും തിബേരിയൂസ് കടൽത്തീരത്തു വച്ച് ക്രിസ്തു കണ്ടുമുട്ടുന്നുണ്ട്. ഒരിക്കൽ വലയും വഞ്ചിയുമുപേക്ഷിച്ച് അവനെ അനുഗമിച്ചവർ ഒടുവിൽ പഴയ ജീവിതശൈലിയിലേക്കു മടങ്ങിയവർ. ദൈവത്തിനുവേണ്ടി വിലപ്പെട്ടതെല്ലാം ഉപേക്ഷിച്ചവളാണ് മേരി. ഏകമകനെപ്പോലും കാൽവരിയിൽ സമർപ്പിച്ചവൾ. എന്നിട്ടുമവൾ ഉത്ഥാനരഹസ്യമറിയുന്നതിൽ നിന്ന് അകറ്റിനിർത്തപ്പെടുന്നു. സംശയിച്ചുകൊണ്ട് കലഹിച്ചു നിന്ന തോമസിന്റെ മുമ്പിൽ പോലും അവിടുന്നു വീണ്ടും കടന്നുവരുന്നുണ്ട്. ദൈവീകപദ്ധതിയെ ഒരിക്കലും സംശയിക്കാത്തവളായിരുന്നു മേരി. ഗബ്രിയേൽ മാലാഖ, നീ പരിശുദ്ധാത്മാവിനാൽ ഗർഭിണിയാകുമെന്നറിയിച്ചപ്പോൾ "ഇതാ കർത്താവിന്റെ ദാസി"യെന്നു പറഞ്ഞ് വിശ്വസിച്ചവൾ. അവിടെയുമവൾ ഒറ്റപ്പെട്ടു പോകുന്നു. എന്തേ ഈ അമ്മ മാത്രം, സുവിശേഷ ഉത്ഥാന സംഭവങ്ങളിൽ നിന്നും അപ്രത്യക്ഷയായത്?

**അത്ഭുതങ്ങളും അടയാളങ്ങളും ആത്യന്തികമായി നമ്മെ രക്ഷിക്കാൻ പോകുന്നില്ല. ക്രിസ്തുവിനതറിയാമായിരുന്നു. അതുകൊണ്ടാണ് അത്ഭുത ങ്ങൾക്കു വേണ്ടി മാത്രം തന്നെ തേടിയെത്തിയ ജനാവലിയെ പലപ്പോഴുമവൻ നിരുത്സാഹ പ്പെടുത്തിയത്.**

പിന്നീടാണ് ക്രിസ്തു തോമസിനോട് ആ വചനം പറഞ്ഞത്; "നീ കണ്ടതു കൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്ന

വർ കൂടുതൽ ഭാഗ്യവാന്മാർ'' (യോഹ 20:29). അത്തരമൊരു വിശ്വാസത്തിലേക്കുയർന്ന ജീവിതമായിരുന്നു മറിയത്തിന്റേത്. തന്റെ മകന്റെ ഉയർപ്പിനെ തിരിച്ചറിയാൻ ഈ അമ്മയ്ക്ക് ഒരു തിരുവിലാവിലും കൈവിരലിടേണ്ട ആവശ്യമില്ലായിരുന്നു. അത്രയും ആഴപ്പെട്ട വിശ്വാസത്തിലേക്കുള്ള ആഹ്വാനമാണ് ഉത്ഥിതൻ നമുക്കും കൈമാറുന്നത്. ദൈവത്തിൽ നിന്ന് യാതൊരു ഇടപെടലുകളും പ്രതീക്ഷിക്കാതിരിക്കുക. എല്ലാ പ്രതീക്ഷകളും അവസാനിക്കുമ്പോഴും നമുക്കവനിൽ വിശ്വസിക്കാനാകണം-Men must believe Him inspite of all contrary evidence.


അത്ഭുതങ്ങൾക്കുവേണ്ടിയുള്ള അമിതദാഹം ഒരു പകട സൂചനയാണ്. ഇപ്പോൾ അത്ഭുതപ്രവർത്തകരായ ചിലരുടെ ബാലിശമത്സരവേദികളായി ധ്യാനകേന്ദ്രങ്ങൾ നിലംപതിക്കുകയാണ്. വിസ്മയിക്കുന്ന അത്ഭുത സാക്ഷ്യപ്പെടുത്തലുകളും രോഗശാന്തിവരദാനങ്ങളുമായാണ് അവർ വചനപീഠത്തിലേക്കു പ്രവേശിക്കുന്നത്. വിശ്വാസികളാകട്ടെ, വ്യഗ്രതയോടെ അവരെ കേൾക്കുന്നു. കൂടുതൽ ആളുകൾ തിങ്ങിക്കൂടുന്നു. ആത്മീയ വ്യവസായങ്ങളിൽ ഏറ്റവും ലാഭമുള്ള വിൽപനച്ചരക്കായി ഇപ്പോൾ അത്ഭുതങ്ങൾ തരംതാണിരിക്കുകയാണ്. ദൈവത്തെ അനുഭവിക്കാനല്ല; അത്ഭുതങ്ങൾ കാണാനാണ് ജനങ്ങൾ വചനകൂടാരത്തിലും തീർത്ഥാടനകേന്ദ്രങ്ങളിലും തടിച്ചുകൂടുന്നത്. അതിനാൽ ഉള്ളിലോരു പരിണാമവും സംഭവിക്കാതെ പൂർവ്വാധികം പഴയപോലെ അവർ മടങ്ങിപ്പോവുകയാണ്.

അത്ഭുതങ്ങളും അടയാളങ്ങളും മാത്രമാണ് വിശ്വാസത്തിന്റെ കരുത്തെന്ന് കരുതരുത്. അപ്പം വർദ്ധിപ്പിച്ചതിന് സാക്ഷിയായ ജനം ഭക്ഷിച്ചു തൃപ്തരായിട്ടും അവരിൽ കുറച്ചു പേരേ വിശ്വസിച്ചുള്ളൂ എന്നോർക്കണം. ''ഞാൻ ജീവന്റെ അപ്പമാണ്... ഇതു മരിക്കുകയില്ല'' എന്ന കഠിനമൊഴി കേട്ട് അനുഗമിച്ചവർ തന്നെ കൂട്ടത്തോടെ പിന്തിരിഞ്ഞു പോകുകയും ചെയ്യുന്നു.

മരിച്ച ലാസറിനെ മൂന്നാംനാൾ ഉയർപ്പിച്ചതു കണ്ട് പലരും വിശ്വസിച്ചു. എന്നാൽ അവനെ വധിക്കുവാൻ ചിലർ ഗൂഢാലോചന നടത്താൻ കാരണമായതും ഈ അത്ഭുതമാണെന്ന് തുടർന്നു നാം വായിക്കുന്നു. സത്യത്തിൽ അത്ഭുതങ്ങൾ ജീവിതത്തെ വശീകരിക്കുന്ന താത്കാലികമായ കുറുക്കുവഴിയാണെന്ന് പലരും മറന്നുപോകുകയാണ്. ഒരുപക്ഷേ ഉത്ഥിതനായ ക്രിസ്തു നമുക്കിടയിൽ പ്രത്യക്ഷപ്പെട്ടാൽ പോലും അചഞ്ചലമായ മാറ്റങ്ങൾ സംഭവിക്കുമെന്ന് എന്തുറപ്പാണുള്ളത്? ധനവാന്റെയും ലാസറിന്റെയും ഉപമയെടുക്കുക. ഭൂമിയിൽ സുഖജീവിതമായിരുന്നു ധനവാന്റേത്. ഒടുവിൽ നരകത്തിന്റെ ക്ലേശകരമായ മർദ്ധനമുറ അവനെ വലയം ചെയ്യുന്നു. ദൂരെ അബ്രഹാമിന്റെ സ്നേഹപരിചരണത്തിൽ ആനന്ദിക്കുന്ന ലാസറിനെക്കണ്ട് അവന് വീണ്ടുവിചാരമുണ്ടാകുന്നു. അവൻ പറഞ്ഞു. ''ലാസറിനെ എന്റെ പിതൃഭവനത്തിലേക്ക് അയയ്ക്കണമേ എന്നു ഞാൻ അപേക്ഷിക്കുന്നു. എനിക്ക് അഞ്ചു സഹോദരന്മാരുണ്ട്. അവരും പീഡകളുടെ ഈ സ്ഥലത്തു വരാതിരിക്കേണ്ടതിന് അവൻ അവർക്കു സാക്ഷ്യം നൽകട്ടെ.'' അബ്രഹാം പറഞ്ഞു. ''അവർക്കു മോശയും പ്രവാചകന്മാരും ഉണ്ടല്ലോ! അവരുടെ വാക്കുകൾ കേൾക്കട്ടെ. '' എന്നിട്ടും ധനവാന്റെ അധരങ്ങളിൽ നിന്നും പിടിവാശി അകന്നു പോയില്ല. അവൻ തർക്കിച്ചു. ''പിതാവായ അബ്രഹാമേ, അങ്ങനെയല്ല മരിച്ചവരിൽ ഒരുവൻ ചെന്നു പറഞ്ഞാൽ അവർ അനുതപിക്കും.''

അബ്രഹാം അവനോടു പറഞ്ഞു. ''മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്കു ബോധ്യമാകുകയില്ല.''

മരിച്ചവരിൽ നിന്ന് മൂന്നാം നാൾ ഉയിർത്തവനാണ് ക്രിസ്തു. എന്നാൽ, അവന്റെ ശവകുടീരത്തിൽ മുദ്രവച്ച് കാവൽ നിന്നവർക്കുപോലുമത് ബോധ്യമായില്ല. ഞങ്ങൾ ഉറങ്ങിക്കിടന്നപ്പോൾ അവന്റെ ശിഷ്യന്മാർ അവനെ മോഷ്ടിച്ച് കൊണ്ടുപോയെന്നാ അവർ ന്യായികരിച്ചത്. ഉയിർപ്പ് ഒത്തിരി അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും അകമ്പടിയോടെ തുറക്കപ്പെടുന്ന വെളിപാടിന്റെ മുദ്രണമല്ല. ശൂന്യമായ കല്ലറ പോലെ ഒരു തെളിവുകളും ഇല്ലാതിരിക്കുമ്പോഴും ഉള്ളിലുണരുന്ന വിശ്വാസത്തിന്റെ പ്രകാശമാണ്. അതുകൊണ്ടുതന്നെ ആകാശത്തോളം വിശാലമാണെങ്കിലും ഒരത്ഭുതവും ഇപ്പോഴെന്നെ മോഹിപ്പിക്കുന്നില്ല. ഈ ഉത്ഥാനപ്പുലരിയിൽ പകരം എനിക്കൊരാഗ്രഹമേയുള്ളു... ഒരു കടുകുമണിയോളം വിശ്വാസം.




*(കടപ്പാട്: തിയോ ബുക്സ്)*



സന്യാസവർഷം 2015

# ബഥനി
## ആശ്വാസത്തിന്റെ ഭവനം



**ഫാ. ജോൺ ബർക്കുമാൻസ്**
**ഒ.ഐ.സി.**

ബഥനി ആശ്രമത്തെ ഇനിയും പരിചയപ്പെടുത്തേണ്ടതുണ്ടോ എന്നറിവില്ല. എങ്കിലും പ്രസ്ഥാനങ്ങളെ അടുത്തറിയുന്നത് അവയോടുള്ള സ്നേഹവും അടുപ്പവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണല്ലോ. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ആത്മകഥയായ *ഗിരിദീപ*ത്തിൽ നിന്നും, അതിനെ ആധാരമാക്കി ബഹു.തോമസ് ഇഞ്ചക്കലോടി അച്ചൻ രചിച്ച *ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ്* എന്ന ഗ്രന്ഥത്തിന്റെ 10മുതൽ 14 വരെ അദ്ധ്യായങ്ങളിൽ നിന്നും (ഇഞ്ചക്കലോടി I, 2006 എന്നായിരിക്കും ഈ ലേഖനത്തിൽ ഉദ്ധരിക്കുക) ബഥനി ആശ്രമം സ്ഥാപിക്കുന്നതിനുള്ള തയ്യാറെടുപ്പ്, പെരുന്നാട് മുണ്ടൻ മലയിൽ അതിന്റെ സ്ഥാപനം, വളർച്ച, പുനരൈക്യാലോചനകൾ, മുണ്ടൻമലയിൽ നിന്നുള്ള ആശ്രമസ്തരുടെ പടിയിറക്കം, വെണ്ണിക്കുളത്തുള്ള പ്രവാസിജീവിതം, മാർ ഈവാനിയോസ്, തേയോഫിലോസ് എന്നിവരോട് ചേർന്നുള്ള ബഥനിക്കാരുടെ ആഗോളകത്തോലിക്കാസഭയോടുള്ള പുനരൈക്യം ഇവയെപ്പറ്റിയുള്ള സാമാന്യ അറിവ് എല്ലാ മലങ്കരകത്തോലിക്കർക്കും ലഭിച്ചിട്ടുണ്ടല്ലോ. ആ ചരിത്രസംഭവങ്ങൾക്ക് ജീവൻ പകർന്ന ചിന്താധാരകൾ ഉണ്ട്. ബഥനി ആശ്രമത്തിന്റെ അടിസ്ഥാനസിദ്ധികൾ (foundational charisms) ആണ് അവ. അവയിൽ നാലെണ്ണം വായനക്കാർക്ക് അല്പമായി പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു. ബഥനി ആശ്രമം

എത്ര വളർന്നാലും ആശ്രമങ്ങളും ആശ്രമസ്തരും എവിടെയൊക്കെ, ഏതു ഭൂഖണ്ഡങ്ങളിൽ ജിവിച്ചാലും ഏതെല്ലാം സംഘട്ടനങ്ങളിൽ കൂടെ കടന്നുപോകേണ്ടി വന്നാലും ഈ അടിസ്ഥാന സിദ്ധികൾക്ക് മാറ്റം വരുന്നില്ല. അടിസ്ഥാനസിദ്ധികൾ അംഗങ്ങൾ ജീവിക്കുന്നതിലുള്ള വളർച്ചയാണ് സമൂഹത്തിന്റെ വളർച്ചയുടെ മാനദണ്ഡം. സിദ്ധികൾ അവഗണിക്കപ്പെടുമ്പോൾ സമൂഹത്തിന് തളർച്ച സംഭവിക്കുന്നു

1. മാർ ഈവാനിയോസിൽ നിന്ന് ബഥനിയ്ക്കു ലഭിച്ച ഏറ്റവും വലിയ പൈതൃകം, അതിന്റെ തനിമ (uniqueness)തന്നെ ആണ്. ഒരു സന്ന്യാസസമൂഹം സ്ഥാപിക്കണമെന്ന ആഗ്രഹം ശക്തമായപ്പോൾ അതുവരെ ആരും നടന്നിട്ടില്ലാത്ത പാതയിലൂടെ സഞ്ചരിക്കാനാണ് അദ്ദേഹം തീരുമാനിച്ചത്. അന്നത്തെ കേരളത്തിലെ യാക്കോബായ സഭയിലെ ദയറാകളോ, മദ്രാസിലും, കൽക്കട്ടായിലും, സെറാമ്പൂരിലും വച്ച് ഇടപ്പെട്ട ആംഗ്ളിക്കൻ സന്ന്യാസ സഭകളോ, ഈശോസഭയോ കേരളത്തിൽ തന്നേ ആരംഭിച്ച ഏതദ്ദേശീയ കർമ്മലീത്താ സഭയോ ഒന്നും മാതൃകയായി അദ്ദേഹം സ്വീകരിച്ചില്ല. ഒരു പൗരസ്ത്യ - കത്തോലിക്കാ -ഇൻഡ്യൻ (Oriental-Catholic-Indian) സന്ന്യാസപ്രസ്ഥാനമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. തന്റെ സന്ന്യാസസമൂഹത്തിന്റെ ഈ മൂന്നു ഭാവങ്ങളും വളരെ അവധാനതയോടെയാണ് അദ്ദേഹം നേടിയെടുത്തത്. സെറാമ്പൂരിലും ബാരി സോളിലും ഉണ്ടായിരുന്ന ഭാവി ബഥനി സന്ന്യാസി /സന്ന്യാസിനികൾക്ക് കൊടുത്തിരുന്ന ***സ്തുതി ചൊവ്വാക്കപ്പെട്ട അന്തോക്യൻ സുറിയാനി ആരാധ നാക്രമ ആദ്ധ്യാത്മികതയുടെ നിഷ്ഠയുള്ള അനുഷ്ഠാനത്തിലും "ഒന്നാം തരം സഭയിൽ മനോഹരമായ ആരാധനാക്രമം"*** എന്ന ചിന്തയിലും ആരാധനാക്രമത്തോടു കാണിക്കേണ്ട വിശ്വസ്ത അദ്ദേഹം ഉറപ്പിച്ചു(ഇഞ്ചക്കലോടി I, 2006, p.216). ഹിന്ദു സംസ്കാരത്തോട് ഉള്ള കുടുംബബന്ധം തന്നെയാണ് ഫാദർ പി. റ്റി. ഗീവർഗ്ഗീസ് പണിക്കർക്കുണ്ടായിരുന്നത്. ഗാന്ധിജിയുടെ സബർമതിയും രവീന്ദ്രനാഥ ടാഗോറിന്റെ ശാന്തിനികേതനവും സന്ദർശിച്ച് ഹൈന്ദവ സന്ന്യാസത്തിന്റെ അടിസ്ഥാന ഭാവങ്ങളായ മൗനവും ഏകാന്തതയു ശാന്തിയും ദൈവോന്മുഖതയും ലാളിത്യവും അദ്ദേഹം ശക്തമായി ഉൾക്കൊണ്ടു. ആശ്രമം, സന്ന്യാസം എന്ന സംജ്ഞകൾക്ക് നസ്രാണികളുടെ നിഘണ്ടുവിൽ ഇടം കൊടുപ്പിച്ചു. അവയേപ്പറ്റിയുള്ള ഭാഷ്യം അവതരിപ്പിക്കുക മാത്രമല്ല, സ്വന്തജീവിതത്തേ അതിന്റെ ഭാഷ്യമാക്കി മാറ്റി. ബഥനി ആശ്രമത്തിന് ഇൻഡ്യയിലെ സഭയ്ക്ക് കൊടുക്കാവുന്ന ഏറ്റം വലിയ സംഭാവന പൗരസ്ത്യ- കത്തോലിക്ക -ഇൻഡ്യൻ സന്ന്യാസദർശനത്തിന്റെ മിഴിവുറ്റ ജീവിത ഭാഷ്യങ്ങളായിരിക്കും.

2. തന്റെ സഭയെ അതിന്റെ ആത്മീയ പാപ്പരത്വത്തിൽ നിന്ന് കരകയറ്റുന്നതിന്, അതിന്റെ നവീകരണത്തിനുവേണ്ടിയാണ് മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം സ്ഥാപിച്ചത്. അത് ഒരു വലിയ ഒരളവു വരെ സാധിച്ചു എന്ന് ഓർത്തഡോക്സ് സഭയിലെ ബഥനി ആശ്രമസുപ്പീരിയറായിരുന്ന അലക്സന്ത്രയോസച്ചൻ അംഗീകരിക്കുന്നു: ***ആ കാലഘട്ടത്തിലെ ഇരുളടഞ്ഞ ചക്രവാളത്തിൽ ഒരു രജതരേഖയായിട്ടാണ് ബഥനി ആശ്രമപ്രസ്ഥാനം ഉദയം ചെയ്തത്. ആദ്ധ്യാത്മിക മണ്ഡലത്തിൽ അത് സൃഷ്ടിച്ച തരംഗങ്ങൾ, കോളിളക്കം നിറഞ്ഞ അലമാലകളായി രൂപം പ്രാപിച്ചപ്പോഴേക്കും ബഥനി മല ഒരു മികച്ച തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞിരുന്നു*** (മിശിഹാനുകരണ സമൂഹം, ജീവിതനിയമങ്ങൾ, 1983 p.ii). ബഥനി ആശ്രമം അന്നത്തേ യാക്കോബായ സഭയിലെ ഒരു മികച്ച തീർത്ഥാടനകേന്ദ്രമായതിന്റെ കാരണം ശ്രദ്ധിക്കേണ്ടതു തന്നെയാണ്. ആശ്രമത്തെ അവിടെ എത്തിച്ചേരുന്നവർക്കു മുങ്ങിക്കുളിക്കാവുന്ന ദൈവസ്നേഹം, പ്രാർത്ഥന, തപസ്സ്, ക്രിസ്തീയ സാഹോദര്യം, ആതിഥ്യം, എല്ലാം ഒന്നിച്ചു കലർത്തിയ ഒരു പുണ്യതീർത്ഥമാക്കി മാറ്റിയിരുന്നു അവിടുത്തേ അന്തേവാസികൾ എന്നതു തന്നെയായിരുന്നു കാരണം. മെത്രാഭിഷേകശേഷം നടത്തിയ അനുമോദന സമ്മേളനത്തിലെ മറുപടി പ്രസംഗത്തിൽ തിരുമേനി പറയുന്നു: ***സഭാശുശ്രൂഷകൾകൊണ്ട് സഭയ്ക്കുണ്ടാകാവുന്ന ഐശ്വര്യത്തേക്കാൾ നമ്മുടെ സഭയ്ക്കും ഈ നാട്ടിലെ എല്ലാ ക്രിസ്ത്യാനികൾക്കും ആവശ്യമുള്ളത് ജനങ്ങളിൽ യഥാർത്ഥഭക്തിയാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു... ഞാൻ സാമുദായികശ്രമങ്ങളെ ഉപേക്ഷിച്ച് ബഥനി ആശ്രമം മുഖേനെ ഭക്തിപരമായ കാര്യങ്ങളിൽ ഏകാഗ്രതയോടെ പരിശ്രമിക്കുകയും ചെയ്തു*** (ഇഞ്ചക്കലോടി I, 2006, p.197). ഇതു തന്നേയാണ് ഇന്ന് ആഗോളപ്രശസ്തി നേടിയിരിക്കുന്ന *ദൈവസേവനത്തെക്കാൾ ദൈവസമ്പാദനം മഹത്തരം* എന്ന സൂക്തം വഴി സഭാപിതാവ് നമ്മെ പഠിപ്പിച്ചിരിക്കുന്നത്. മാർ ഈവാനിയോസ് തിരുമേനി സന്ന്യാസ ജീവിതസഹായി ആരംഭിക്കുന്നത് തന്നെ "*ദൈവം സ്നേഹമാകുന്നു*" (1 Jn 4/8) എന്ന തിരുവചനം കൊണ്ടുതന്നെയാണ്. സന്ന്യാസജീവിതത്തിന്റെ വലിയ കരുത്ത് സ്നേഹം തന്നേയാകുന്ന ദൈവത്തോടുള്ള അടുപ്പത്തിലാണ്. ദൈവസ്നേഹത്തിൽ ഉള്ള ലയനമാണ് സന്ന്യാസം. മോക്ഷം നേടുന്നതിനുള്ള മാർഗ്ഗങ്ങളായി ഋഷിമാരുപദേശിച്ച ജ്ഞാന -ഭക്തി-കർമ്മ-മാർഗ്ഗങ്ങളേ സ്നേഹമാർഗ്ഗമായി മാർ ഈവാനിയോസ് തിരുമേനി സമന്വയിപ്പിക്കുന്നു. ഇന്ന് ബഥനി ആശ്രമത്തിന്റെ അടിയന്തര ആവശ്യം സേവന മാധ്യമങ്ങളുടെ വിപുലീകരണമല്ല, തങ്ങളുടെ സേവനമാധ്യമങ്ങളെ സ്നേഹമാർഗ്ഗമായി പുനരാവഷ്കരിക്കുകയാണ്.

3. ബാല്യകാലം മുതലേ മാർ ഈവാനിയോസ് തിരുമേനിയുടെ ചിന്താധാരയും കരുതലും സംയോജിച്ചിരുന്നത് തിരുസഭയിലായിരുന്നു. ഈ നിലപാട് അനേകരെ വലിയവരാക്കിയിട്ടുണ്ട്. ഉടമകളെ വലിയവരാക്കാനുള്ള മാസ്മരശക്തി ഈ ചിന്താധാരയ്ക്കുണ്ട്. മാവേലിക്കരയിൽ നിന്ന് ആരംഭിച്ച് കോട്ടയം - സെറാമ്പൂർ -മുണ്ടൻമല -തിരുവനന്തപുരം -

റോം -യൂറോപ്പ് -യുഎസ് എ- തിരുവനന്തപുരം വഴി സ്വർഗ്ഗത്തിൽ അവസാനിച്ച യാത്രയുടെ തീർത്ഥാടന മന്ത്രം, (ശരണം വിളി) *തിരു സഭയേ* എന്നതുമാത്ര മായിരുന്നു. സഭയേപ്പറ്റിയുള്ള തീക്ഷണത തന്നെ യാണ്. ***ഞാൻ സ്വർഗ്ഗത്തിലാ യിരിക്കുമ്പോൾ മലങ്കരസഭയ്ക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കും*** എന്ന ഗുരുമൊഴിയിൽ പ്രതിഫലിക്കുന്നത്. സഭയോടുള്ള സ്നേഹവും കരുതലും ദൈവസ്നേഹത്തിൽ ഒരുവനെ ആഴപ്പെടുത്തുന്നതേ ഉള്ളു. കാരണം കർത്താവ് പണിതവീടാണ് സഭ. ദൈവം അവിടെ വസിക്കുന്നു. സഭയിലൂടെയാണ് ഒരുവൻ ദൈവത്തോട് സംസാരിക്കുന്നത്. സഭയ്ക്കുവേണ്ടി യാണ് മാർ ഈവാനിയോസ് തിരുമേനി ബഥനി ആശ്രമം സ്ഥാപിച്ചത്, അതിന്റെ നവീകരണത്തിനു വേണ്ടി. സഭയുടെ അടിസ്ഥാനസ്വഭാവത്തേയും കൂദാശകളെയും തട്ടിത്തകർത്ത പ്രൊട്ടസ്റ്റന്റ് വിപ്ലവത്തെ നേരിടുന്നതിന്, യൂറോപ്പിന്റെ വിദ്യാഭ്യാസത്തിനും സംസ്കാരത്തിനും അടിത്തറ പാകുന്നതിന്, നിങ്ങൾ ലോകം മുഴുവൻ പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന ഗുരുവിന്റെ മങ്ങലേറ്റു കിടന്ന കൽപന പ്രോജ്ജ്വലിപ്പിച്ച് ലോകത്തിന്റെ എല്ലാ മുക്കിലും മൂലയിലും സുവിശേഷത്തിന്റെ പ്രകാശം മങ്ങാതെ പ്രോജ്ജ്വലിപ്പിക്കുന്നതിനുള്ള ദൈവിക നിയോഗമാണ് സന്ന്യാസസഭകൾക്കുള്ളത്. മുണ്ടൻ മലയിൽ കൊളുത്തിയ ദീപശിഖ കൊണ്ട് സഭയെ ആദ്ധ്യാത്മിക പ്രബുദ്ധതയിലേക്ക് നയിച്ചുകൊണ്ടിരിക്കുവാനുള്ള ദൈവീകനിയോഗം എത്ര വളർന്നാലും എവിടെ ആയിരുന്നാലും ബഥനി ആശ്രമത്തിന് അന്യമാകുന്നില്ല. ഈ നിയോഗം പുനരൈക്യം സാധിച്ചതുകൊണ്ടോ പൊന്തിഫിക്കൽ ആയതുകൊണ്ടോ അവസാനിക്കുന്നതല്ല.

4. സഭയുടെ ആദ്ധ്യാത്മികനവീകരണത്തിനും സുവിശേഷതീക്ഷണതയ്ക്കും ഒരു മിഷനറി സംഘം (Missionary Group or Mission society) പോരാ സർവ്വസംഗപരിത്യാഗികളുടെ ഒരു സന്ന്യാസസമൂഹമാണ് വേണ്ടത് (ഇഞ്ചക്കലോടി I, 2006, pp. 152,155) എന്ന തിരിച്ചറിവ് മാർ ഈവാനിയോസ് തിരുമേനിയുടെ സഭാ- ആദ്ധ്യാത്മികചിന്തയുടെ വളർച്ചയിലെ ഒരു വഴിത്തിരിവായിരുന്നു. ബഥനിയുടെ ഈ സർവ്വസംഗ പരിത്യാഗശുശ്രൂഷ ആരംഭിക്കുന്നത് സെമിനാരി പ്രിൻസിപ്പൽ ഉദ്യോഗം രാജിവച്ച്, Serampore college Professor's gown ഊരി വച്ച് MA Achan മുണ്ടൻ മല കയറി കാഷായ



എത്തി ക്കുവാൻ ദൈവനിയോഗം ഏറ്റുവാങ്ങിയത് സന്ന്യാ സികളും സന്ന്യാസസമൂഹങ്ങളുമാണ്. മനുഷ്യ ശരീരത്തിൽ ചങ്കിന്റെ പ്രവർത്തനം പോലെയാണ് സഭാഗാത്രത്തിൽ സന്ന്യാസജീവിതത്തിന്റേത്. ഈ സത്യം തിരിച്ചറിഞ്ഞപ്പോഴാണ് *സന്ന്യാസജീവിതം സഭാജീവിതത്തിന്റെ ചങ്കാണെ* ന്ന് മാർ ഈവാനിയോസ് തിരുമേനി പ്രഖ്യാപിച്ചത്. വിവിധ അവയവങ്ങളിൽ നിന്ന് തിരിച്ചെത്തുന്ന അശുദ്ധരക്തം ശുദ്ധീകരിച്ച് അവയിലേക്ക് വീണ്ടും സംക്രമിപ്പിക്കുന്നതുപോലെ സഭാഗാത്രത്തിൽ അപ്പോഴപ്പോൾ അടിഞ്ഞുകൂടികൊണ്ടിരിക്കുന്ന മ്ലേച്ഛതകളേ തങ്ങളുടെ പ്രാർത്ഥനകൊണ്ടും വിശുദ്ധികൊണ്ടും ശുദ്ധീകരിച്ച് സഭയുടെ പ്രഭ ഒരിക്കലും വസ്ത്രവും ധരിച്ച് ആബോ ഗീവർഗ്ഗീസ് ആയപ്പോഴാണ്. അത് പൂർണ്ണമാകുന്നത് സ്വയാർജ്ജിതമായിരുന്ന 400 ഏക്കർ തോട്ടം നീരുപാധികം ഉപേക്ഷിച്ച് മലയിറങ്ങുമ്പോഴാണ്. ഒരു ഭാണ്ഡക്കെട്ടും അതിൽ ഭിക്ഷാപാത്രവും മാത്രമായി ആബോയുടെ പിറകെ മലയിറങ്ങുന്ന ആശ്രമസ്തർ സർവ്വസംഗപരിത്യാഗത്തിന്റെ പ്രതീകങ്ങളായി. അങ്ങനെ സർവ്വസംഗപരിത്യാഗം ബഥനിയുടെ അടിസ്ഥാനഭാവമായി. അർഹിക്കുന്നവയിൽ നിന്നുപോലും ഇറങ്ങിപ്പോരുന്നതിനും വലിച്ചുകൂട്ടുന്നതിന് ചിലവഴിക്കുന്ന വിഭവശേഷിയും സമയവും ദൈവസംസർഗ്ഗത്തിനും മറ്റുള്ളവർക്കു വേണ്ടിയും ഉപയോഗിക്കുന്നതിനുള്ള സ്വതന്ത്രമായ തിരഞ്ഞെടുപ്പാണ് നമ്മുടെ സന്ന്യാസപ്രസ്ഥാന

ങ്ങളുടെ ഇന്നത്തെ പ്രാഥമിക ആവശ്യം.

5. ബഥനിയുടെ ആദ്യപിതാക്കന്മാർ പിൻ തലമുറയ്ക്ക് കൈമാറിയ പൈതൃകങ്ങൾ ഇവ തന്നേ എന്ന് എല്ലാവരും സമ്മതിക്കും. പക്ഷേ, പുനരൈക്യം സാധിച്ച 1930 വരെയുള്ള മുണ്ടൻമല സംസ്കാരത്തിൽ നിന്നും വളരെ വിദൂരത്തിലാണ് ഇന്ന് നാം എന്നത് നിഷേധിക്കാനാവില്ല. എന്നാൽ *കാലം മാറിപ്പോയി* എന്ന ഒരേ ഒരു നീതികരണവുമായി ഇന്നത്തെ സ്ഥിതിവിശേഷങ്ങളെ വിലയിരുത്തുന്നതിനോ നീതികരിക്കുന്നതിനോ നിഷേധിക്കുന്നതിനോ ആകില്ലല്ലോ. ആരും പുതിയ വീഞ്ഞ് പഴയ തോൽക്കുടങ്ങളിൽ ഒഴിച്ചുവയ്ക്കാറില്ല. അതിന് പുതിയ തോൽക്കുടങ്ങൾ, പുതിയ സംവിധാനങ്ങൾ, തന്നേ വേണം. പക്ഷേ സംവിധാനങ്ങളുടെ പുതുമ ഉറപ്പുവരുത്തുമ്പോൾ വീഞ്ഞു ഇല്ലാതായിപ്പോകരുതല്ലോ. പുനരൈക്യം മുതൽ നാളിതുവരെയുള്ള ബഥനി ആശ്രമചരിത്രത്തിന്റെ രണ്ടാം ഘട്ടത്തിലേക്ക് മലങ്കരമക്കളിൽ ആർക്കെങ്കിലും സൂക്ഷ്മതയോടെ, അവധാനതയോടെ ഇറങ്ങാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഏതാനും വരികളിൽ മാത്രം ഒതുങ്ങുന്ന ഒരു പ്രാരംഭപരിശ്രമം മാത്രമേ ഇവിടെ നടത്താനാവൂ.

6. വെണ്ണിക്കുളത്തുനിന്നും ഏതാനും ആശ്രമസ്തരെ തിരുവനന്തപുരത്തും (നാലാഞ്ചിറ) തിരുവല്ലായിലും (തിരുമൂലപുരം) ആക്കി കൊണ്ട്, ഒരു സമൂഹമായി ജീവിച്ച ആശ്രമസ്തരെ രണ്ടു diocesan സമൂഹങ്ങളാക്കി മാറ്റുന്നു. ഒരു diocesan സമൂഹത്തിന് ആവശ്യമായ വി.നിയമവും (Holy Rule) തിരുവനന്തപുരത്തേക്ക് നൽകുകയുണ്ടായി. തിരുമൂലപുരം ബഥനി ആശ്രമത്തിന്റെ സ്ഥാനത്താണ് ഇപ്പോൾ മാർ ഈവാനിയോസ് സമൃതിമന്ദിരം പണിയുന്നത്. Holy Redeemers Monastery എന്ന പേരിൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ തിരുവല്ല St.Johns Cathedral പള്ളിമുറിയിൽ ആരംഭിച്ച diocesan ആശ്രമത്തിൽ സീറോമലബാർ സഭാംഗങ്ങളായ 4 പേർ 1934 ൽ അംഗങ്ങളായി ചേർന്നു. TOCD വൈദികരുടെ നേതൃത്വത്തിൽ അവരുടെ സന്ന്യാസപരിശീലനവും മംഗലപ്പുഴ സെമിനാരിയിൽ വൈദികപരിശീലനവും നടത്തി, അപ്പോഴേക്കും തുകലശ്ശേരിയിൽ (ഇപ്പോഴത്തേ ആശ്രമത്തിന്റെ സ്ഥലത്ത് ) ആരംഭിച്ചു കഴിഞ്ഞിരുന്ന ബഥനി ആശ്രമശാഖാമന്ദിരത്തിൽ എത്തി. Interdiocesan ആയിത്തീരുന്നതിനുള്ള *പെരുന്നാട് അച്ചന്മാരുടെ* പരിശ്രമത്തിൽ അതൃപ്തരായി, അവരിൽ രണ്ടുപേർ സമൂഹസ്ഥാപകന്റെ അനുവാദത്തോടെ ചങ്ങനാശ്ശേരിയിൽ ഇടവകവൈദികരായി. ഒരാൾ (Fr.Theophilos) തിരുവല്ലാ രൂപതയിൽ ഇടവകവൈദികനായി തുടരുകയും നാലാമത്തേ ആൾ (Fr.Chrysostom) കുരിശുമല ആശ്രമത്തിൽ ഏതാനും വർഷങ്ങൾ ജീവിച്ചശേഷം ബഥനി ആശ്രമത്തിൽ തിരിച്ചെത്തി ജീവിച്ച് മരണമടയുകയും ചെയ്തു.

7. പുനരൈക്യം സാധിച്ചതോടെ ബഥനി ആശ്രമത്തിന്റെ വളർച്ചയെയും സുസ്ഥിതിയെയുംകാൾ പുനരൈക്യ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും സുസ്ഥിതിക്കുമാണ് പ്രാധാന്യം കൊടുക്കേണ്ടത് എന്ന ചിന്ത ബന്ധപ്പെട്ട എല്ലാവരുടെയും, ആശ്രമസ്ഥരുടെയും സമൂഹസ്ഥാപകന്റെയും മനസ്സിൽ സ്ഥലം പിടിച്ചു. തൽഫലമായി തിരുവനന്തപുരത്തും തിരുമൂലയിലും ആയിരുന്ന ബഥനി ആശ്രമസ്തർ മിക്കവാറും എല്ലാവരും തന്നേ ഓരോരോ ഇടവക കളിലും മിഷനുകളിലും തനിയേ താമസിച്ച് മിഷൻ പ്രവർത്തനം നടത്തി തുടങ്ങി. 1932കളിലെ ***തെക്കൻ മിഷൻ*** ജോഷ്വാ അച്ചനും സെറാഫിയോൻ അച്ചനും കോശി അച്ചനും വികസിപ്പിച്ചെടുത്തതാണ്. തിരുവല്ലായിൽ, തിരുവല്ല, തോട്ടഭാഗം, കടമാൻകുളം, കോട്ടൂർ, ആനിക്കാട്, തിരുമൂലപുരം, ചെങ്ങരൂർ, മുക്കൂർ ഇടവകകൾ എബ്രഹാം അച്ചൻ, ജോണച്ചൻ റഫായേലച്ചൻ, പക്കോമിയോസ് അച്ചൻ ഗീവറുഗീസച്ചൻ ഇവരുടെ അജപാലന ശുശ്രൂഷകൾ കൊണ്ട് ശക്തിപ്പെട്ടവയാണ്. ഈ പശ്ചാത്തലത്തിലാണ് ബഥനിയെ ***പുനരൈക്യ പ്രസ്ഥാനത്തിന്റെ പിള്ളത്തൊട്ടിൽ*** ആയി വിശേഷിപ്പിക്കുന്നത്. ഈ ക്രമീകരണത്തിലൂടെ, ദൈവപരിപാലനയിൽ, മലങ്കരകത്തോലിക്കാസഭ വളർന്നു. അതേസമയം, സന്ന്യാസ ജീവിതത്തിന്റെ അടിസ്ഥാനഭാവമായ കൂട്ടജീവിതം ബഥനി ആശ്രമസ്തരായ അനേകർക്ക് നഷ്ടപ്പെട്ടു. ബഹുമാനപ്പെട്ട എബ്രഹാമച്ചന്റെ പരാതി ശ്രദ്ധിക്കുക: ***ആനിക്കാടു പള്ളിമുറിയുടെ ഏകാന്തതയിൽ തനിയെ സന്ധ്യ കഴിക്കാനാണോ ഞാൻ എന്റെ വീട് വിട്ട് ഇറങ്ങിപ്പോന്നത് ?*** അന്ന് മലങ്കരകത്തോലിക്കാസഭ വളർന്നപ്പോൾ ബഥനി സമൂഹം തളരുകയായിരുന്നു.

8. ഇവിടെ വന്ന പാകപ്പിഴ ദൈവദാസൻ മാർ ഈവാനിയോസ് തന്നേ 1946ൽ എഴുതിയ ഇടയലേഖനത്തിൽ സമ്മതിക്കുകയും സമൂഹജീവിതം വീണ്ടെടുക്കുന്നതിന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു: ***ബഥന്യാശ്രമത്തെ അഭിവൃദ്ധിപ്പെടുത്തുവാനും പുനരൈക്യപ്രസ്ഥാനത്തിന്റെ ആത്മീയശക്തി കേന്ദ്രമായി അതിനെ തീർക്കുവാനും ദൈവം തന്റെ പരിപാലനയിൽ തുറന്നു തരുന്ന മാർഗ്ഗങ്ങളിൽ കൂടി അതിന്റെ മഹനീയ ആദർശങ്ങളെ സാധിക്കുവാനായി സർവ്വാത്മനാ പരിശ്രമിക്കുവാൻ നാം ആഗ്രഹിക്കുന്നു... ആശ്രമത്തിലെ സമൂഹജീവിതം കൂടുതൽ ക്രമീകൃതമാക്കുവാനും ദൈവവിളിയുള്ള ബാലന്മാരെയും യുവാക്കളെയും സ്വീകരിച്ച് അവരെ പരിശീലിപ്പിക്കുവാനുള്ള കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കി വരുന്നു.*** ഒരു സമൂഹമായി സ്ഥാപിക്കപ്പെട്ട ബഥനി സമൂഹം തിരുവല്ലായിലും തിരുവനന്തപുരത്തും രണ്ടു സുപ്പീരിയർമാരുടെ അധീനതയിൽ രണ്ടു സമൂഹങ്ങളായി ജീവിക്കുന്നതിലുള്ള അസ്വസ്ഥത നിരന്തരം അറിയിച്ചുകൊണ്ടിരുന്ന സമൂഹാംഗങ്ങളുടെ അഭ്യർത്ഥനയെ മാനിച്ച് ഒരു Interdiocesean സമൂഹത്തിന് ആവശ്യമായ വി.നിയമം സമൂഹസ്ഥപകനും തിരുവനന്തപുരം അതിരൂപതയുടെ അദ്ധ്യക്ഷനും ആയിരുന്ന മാർ ഈവാനിയോസ് തിരുമേനിയും തിരുവല്ലാ രൂപതയുടെ അദ്ധ്യക്ഷനായിരുന്ന മാർ സേവേറിയോസ് തിരുമേനിയും

ചേർന്ന് നൽകികൊണ്ട് 1948 ൽ സമൂഹത്തെ ഒരു Interdiocesean സമൂഹമായി ഉയർത്തി (cfr. Interdiocesan ആശ്രമത്തിന്റെ വി.നിയമാവലി, ആമുഖോപന്യാസം pp.ii,iii).

9. ഈ കാലഘട്ടത്തിൽ സമൂഹത്തിനേറ്റ ഏറ്റവും വലിയ ആഘാതം വളർച്ചയിൽ വന്ന മുരടിപ്പാണ്. കാരണം, അംഗങ്ങളാകുവാൻ വരുന്നവർക്ക് പരിശീലനം കൊടുക്കാൻ കഴിവുള്ളവരുടെ അഭാവവും സംലഭ്യതക്കുറവും തന്നേയായിരുന്നു. 1948 വരെയുള്ള കാലഘട്ടത്തിൽ പൂവണിഞ്ഞ ഒരേ ഒരു ദൈവവിളി മലങ്കരസഭയുടെയും ബഥനി ആശ്രമത്തിന്റെയും യശസ് ഉയർത്തിക്കാട്ടിയ യുഗപ്രഭാവവാനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി മാത്രമായിരുന്നു. തിരുവല്ല ആശ്രമത്തിൽ ചേർന്ന എല്ലാവർക്കും സന്ന്യാസപരിശീലനം കൊടുത്തത് TOCD അച്ചന്മാരായിരുന്നു. അവരെ നന്ദിപൂർവ്വം ഓർക്കുന്നു. എന്നാൽ മാർ ഈവാനിയോസ് തിരുമേനി സമൂഹത്തിന്റെ ഏറ്റവും വലിയ തനിമയായി കണ്ട ഇൻഡ്യൻ സന്ന്യാസഭാവം പരിശീലനം ലഭിച്ച വർക്ക് എത്ര മാത്രം ലഭിച്ചു എന്നറിവില്ല. കാഷായ വസ്ത്രവും മത്സ്യവും മുട്ടയും ചേർത്തുള്ള സസ്യാഹാരവും ആശ്രമം നിലനിർത്തി. എന്നാൽ ഇൻഡ്യൻ സന്ന്യാസത്തിന്റെ മുഖമുദ്രയായ മൗനം, ഏകാന്തത, ലാളിത്യം, ദൈവോന്മുഖത, മാർ ഈവാനിയോസ് തിരുമേനി തന്നെ വികസിപ്പിച്ചെടുത്ത ഭജനവും ശാന്തിദിനവും എന്ന പ്രാർത്ഥനാസമ്പ്രദായത്തിലെ സന്നി ധാന ബോധം, ഒരുക്കധ്യാനം, പര്യവസാനധ്യാനം - ആത്മശോധന എന്നീ ആദ്ധ്യാത്മീക അഭ്യാസങ്ങ ളിൽ എത്രമാത്രം പരിശീലിപ്പിക്കപ്പെട്ടവർക്ക് അഭ്യാസം ലഭിച്ചു എന്നതൊക്കെ ചോദ്യചിഹ്നങ്ങളായി അവശേഷിക്കുന്നു. യാമപ്രാർത്ഥനകൾ "ചൊല്ലി" അവസാനിപ്പിക്കുന്ന ഒരു ചടങ്ങല്ല, ആരാധനയും സ്തുതിപ്പും നന്ദിയും പാപമോചനഅപേക്ഷയും മദ്ധ്യസ്ഥാപേക്ഷകളും ചേർത്ത് അതാത് യാമങ്ങളിൽ നടത്തുന്ന സ്തുതിപ്പുകളാക്കി മാറ്റാൻ എത്ര മാത്രം സാധിച്ചു കാണും?

10.സമൂഹസ്ഥാപകൻ മാരകമായി രോഗബാധിതനാകുന്നതിന് മുൻപുള്ള സമൂഹചരിത്രം കലുഷിതം തന്നെയായിരുന്നു. സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ ആയി ബഹു.ജോൺ കുഴിനാപ്പുറത്ത് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ചെങ്ങന്നൂർ മിഷൻ മന്ദിരം ജനറലേറ്റ് ഹൗസ് ആക്കി ഉയർത്തി. അധികം താമസിയാതെയുള്ള അദ്ദേഹത്തിന്റെ രാജി, പകരം ബഹു.ജോഷാ അച്ചൻ സുപ്പീരിയർ ജനറൽ ആയി തിരഞ്ഞെടുക്കപ്പെടുന്നത്, അദ്ദേഹത്തിന്റെ രാജി എല്ലാം കലുഷിത അന്തരീക്ഷം സൃഷ്ടിച്ചു. സമൂഹസ്ഥാപകനും അംഗങ്ങളും തമ്മിൽ കാഴ്ചപ്പാടുകളുടെ സമന്വയത്വത്തിൽ മുൻപോട്ട് പോകുന്ന തിനുള്ള പ്രയാസമായിരുന്നു പ്രധാന കാരണം. പ്രതിവിധിയായി അന്ന് തിരുവനന്തപുരം അതിരൂപതയുടെ വികാരി ജനറലായി സേവനം ചെയ്തിരുന്ന ബഹു.ഫ്രാൻസീസ് സാലസ് TOCDയെ സമൂഹത്തിന്റെ സുപ്പീരിയർ ജനറൽ/വിസിറ്റേറ്റർ ആയി നി യമിച്ചത് കൂടുതൽ സംഘർഷങ്ങൾ സൃഷ്ടിച്ചതേയുള്ളു.

11. പെരുന്നാട് മുണ്ടൻ മലയിൽ ഈവാനിയോസ് പിതാവിനോടൊത്ത് ജീവിച്ച് അവിടെ നിന്നിറങ്ങി കത്തോലിക്കാ പുനരൈക്യം സാധിച്ച ആശ്രമവൈദികശ്രേഷ്ഠരോട് കാൻഡി, ആലുവാ, തൃശ്ശിനാപ്പള്ളി സെമിനാരികളിൽ പഠിച്ച് വൈദികരായ 10 പേർ കൂടി ചേർന്നപ്പോൾ ബഥനി വളർച്ചയുടെ പാതയിൽ അതിശീഘ്രം സഞ്ചരിക്കാനുള്ള ആരംഭമായി. അപ്പോഴേക്കും കത്തോലിക്കാസഭയിൽ ബഥനി 20 വർഷം പിന്നിട്ടുകഴിഞ്ഞു. കത്തോലിക്കാസഭയുടെ സന്ന്യാസജീവിതത്തേപ്പറ്റിയുള്ള അതിവിശാലമായ അനുഭവസമ്പത്തിന്റെ ചുവടു പിടിച്ച് വളരുവാനുള്ള ആഗ്രഹം ആദ്യപിതാക്കന്മാരിൽ ശക്തമായി. പുതുതായി വന്ന "അഭ്യസ്തവിദ്യരുടെ" സഹായത്തോടു കൂടി ഈ ആഗ്രഹം റോമിനേ അറിയിച്ചുകൊണ്ടിരുന്നു. വളർച്ചയ്ക്കുവേണ്ടിയുള്ള വ്യഗ്രതയും മുറവിളിയും കൂടുതൽ ശക്തമായപ്പോൾ റോമിൽ നിന്നു Apostolic Visitator ആയി നിയോഗിച്ച (1953) Fr. Augustino Lombardi രണ്ടു രൂപതകളിലായി കഴിഞ്ഞിരുന്ന Interdiocesan സമൂഹത്തേ ഒരു സുപ്പീരിയർ ജനറലിന്റെ (Fr. Peter Kozhimannil OIC) ഭരണത്തിൻ കീഴിലാക്കി. ആ സമൂഹത്തിന് ഒരു പുതിയ വി.നിയമവും ആവശ്യമായി വന്നു. പ്ലാസിഡ് പൊടിപ്പാറ TOCD അച്ചന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ വി.നിയമം 1955 ൽ പ്രാബല്യത്തിൽ വന്നു. അതനുസരിച്ച് സമൂഹം interdiocesan ആയി തന്നെ തുടർന്നു. എന്നാൽ കാനൻ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതനുസരിച്ചുള്ള മേഖലകളിൽ സമൂഹാംഗങ്ങൾ അതാതു സ്ഥലത്തേ രൂപതാദ്ധ്യക്ഷന് വിധേയപ്പെട്ടിരുന്നു. പക്ഷേ വി.നിയമത്തിലെ സന്ന്യാസ സുപ്പീരിയർ എന്ന പദത്തിന്റെ അർത്ഥ വ്യാപ്തിയിൽ രൂപതാദ്ധ്യക്ഷൻ വരുമായിരുന്നില്ല. അതു ജനറൽ ചാപ്റ്റർ തെരഞ്ഞെടുക്കുന്ന സമൂഹത്തിന്റെ പൊതു സുപ്പീരിയർ തന്നേ ആയിരുന്നു.

12. **പൂനാപഠനഗൃഹത്തിന്റെ സ്ഥാപനം** : തോമ്മാശ്ലീഹാ ഇൻഡ്യയിൽ വന്നതിന്റെ 19 -ാം ശതവത്സരജൂബിലി (1952) സന്ദർശനത്തിന്റെ അവസരത്തിൽ ബഥനി ആശ്രമത്തിന്റെ പഠനഗൃഹം പൂനായിൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും അതിനുവേണ്ടിയുള്ള ഭാഗികമായ ധനസഹായവും അന്നത്തേ Oriental Congregation ന്റെ Prefect ആയിരുന്ന Eugine Cardinal Tisserant ൽ നിന്ന് ലഭിച്ചു. 1955 April 30 ന് പൂനാ ആശ്രമം ബഥനിയുടെ പഠനഗൃഹം (Study House) ആയി ആരംഭിച്ചു. പൂനായിലെ ബഥനി ആശ്രമത്തിന്റെ സ്ഥാപനം വലിയ ഒരു പ്രസ്ഥാനം കൂടി ഉദ്ഘാടനം ചെയ്തു. പൂനരൈക്യപ്പെടുന്ന മെത്രാന്മാർക്ക് പൂനരൈക്യപ്പെടുന്ന വിശ്വാസികളുടെ മേൽ അവർ എവിടെയായിരുന്നാലും അജപാലനാധികാരവും അവകാശവും ഉണ്ടായിരിക്കുമെന്ന സഭാസ്ഥാപനത്തിന്റെ Magna Carta ആയ Christo Pastorum Principi യിലെ വ്യവസ്ഥ ഇൻഡ്യയിലെ വൻ നഗരങ്ങളിൽ പ്രാവർത്തികമാക്കുന്നതിനുള്ള കർമ്മസമിതി (Executive Wing) യായി മാറി. പൂനാ-ബോംബെയിൽ

പ്രവർത്തിച്ചിരുന്ന ബഥനി ആശ്രമസ്തർ. അവരുടെ കഠിനാധ്വാനം കൊണ്ട് ബോംബെയിലും പിന്നീട് മറ്റു സ്ഥലങ്ങളിലും Malankara Catholic Personal Parishes സ്ഥാപിച്ചെടുത്തു. ബഥനി, മലങ്കര കത്തോലിക്കാസഭയുടെ പിള്ളതൊട്ടിൽ ആയിരുന്നു എങ്കിൽ (cfr.no.7 above) അതേ ബഥനി തന്നെ യാണ് ETRI മലങ്കരകത്തോലിക്കാസഭയുടെയും പിള്ളതൊട്ടിൽ.

13. സന്ന്യാസസഭകൾക്ക് Interdiocesan status ന് മുകളിൽ ലഭിക്കാവുന്ന പദവിയാണ് Pontifical Status. ജീവിതക്രമത്തിലും അംഗസംഖ്യയിലും ഭദ്രത വന്ന സമൂഹങ്ങളെ സ്വാഭാവികമായി Pontifical status ലേക്ക് ഉയർത്താറുണ്ട്. മെത്രാസനങ്ങളുടെ പരിമിതമായ സാധ്യതകളിൽ നിന്ന് ആഗോള സഭയുടെ വിശാലത യിലേക്കുള്ള വിളിയാണ് Pontifical Status. പൊന്തിഫിക്കൽ പദവിയുള്ള ഒരു സമൂഹം അതിന്റെ ആഭ്യന്തരജീവിതം, സന്ന്യാസ ശിക്ഷാക്രമം ഇവ സംബന്ധിച്ച എല്ലാക്കാര്യങ്ങളിലും പരി.സിംഹാസനത്തിന്റെ നിയന്ത്രണത്തിൽ വരുന്നു. എന്നാൽ അവർ ഏറ്റെടുത്ത് നടത്തുന്ന അജപാലനശുശ്രൂഷ അതാതു സ്ഥലത്തെ രൂപതാദ്ധ്യക്ഷന്റെ നിയന്ത്രണത്തിലാണ് നടത്തേണ്ടത്. മാർപ്പാപ്പായോടും രൂപതാദ്ധ്യക്ഷനോടും സന്ന്യാസി കാണിക്കുന്ന വിധേയത്വം അയാളെ സഭയുടെ അച്ചടക്കമുള്ള ഒരു മുന്നണി പടയാളിയായി മാറ്റുന്നു. Lombardi അച്ചൻ നാമനിർദ്ദേശം ചെയ്ത ഭരണസമിതിയുടെ നേതൃത്വത്തിൽ സമൂഹജീവിതവും ഭരണവും പുരോഗമിച്ചതോടെ സമൂഹത്തേ Pontifical status ലേക്ക് ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1966 April 14ന് സമൂഹം പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തപ്പെട്ടു. 34 വർഷങ്ങൾക്കുശേഷം 2000മാണ്ടിൽ സമൂഹത്തിന് 2 പ്രോവിൻസുകൾ നിലവിൽ വന്നു.

14. ഓരോ വ്യക്തിഗതസഭക്കും പൊതുവായ ദൈവശാസ്ത്രവീക്ഷണങ്ങൾക്കു പുറമേ, അതാതിന്റെ ആരാധനാക്രമം, ആദ്ധ്യാത്മികത, സഭാസംഘടന ഇവയിൽ അധിഷ്ഠിതമായ ഒരു ദൈവശാസ്ത്ര പഠനവും അജപാലനശുശ്രൂഷയുമാണ് ആവശ്യം എന്ന തിരിച്ചറിവ്, രണ്ടാം വത്തിക്കാൻ സൂനഹദോസിനുശേഷം ഇൻഡ്യൻ സഭാമണ്ഡലത്തിൽ ശക്തിപ്പെട്ട ഒരു ദൈവശാസ്ത്ര ആഭിമുഖ്യമാണ്. ഈ ദർശനത്തിന് അനുസൃതമായി രൂപകൽപ്പന ചെയ്ത ദൈവശാസ്ത്ര പഠനപദ്ധതിയാണ് ബഥനിയിലെ ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള Bethany Vedavijnana Peeth (BVP). ഈ പഠന പദ്ധതിയിൽ കൂടി കടന്നുപോയിട്ടുള്ളവരാണ് 1990 നുശേഷം ബഥനിയിൽ വൈദികപട്ടം സ്വീകരിച്ച 127 വൈദികർ. അവരിൽ പലർ റോമിലും യൂറോപ്പിലെ കത്തോലിക്കാ ദൈവശാസ്ത്ര സർവ്വകലാശാലകളിലും ബിരുദാനന്തര ബിരുദങ്ങൾ നേടി BVP യിലും മറ്റു സെമിനാരികളിലും അദ്ധ്യാപനം നടത്തുന്നു. മലങ്കരകത്തോലിക്കാ സഭയുടെയും ബഥനി ആശ്രമത്തിന്റെയും ഒരു ദൈവശാസ്ത്ര - ആദ്ധ്യാത്മിക think tankആയി വർത്തിക്കുന്നതിനുള്ള ദൈവീകനിയോഗമാണ് BVPക്കുള്ളത്.

15. ഇൻഡ്യയിലെ സന്ന്യാസസമൂഹങ്ങൾ അതിവേഗം സ്ഥാപനപരതയിലേക്ക് വഴുതിവീഴുകയാണ്, ബഥനി ആശ്രമസ്ഥർക്ക് വൻകിട സ്കൂളുകൾ നടത്താനല്ലാതെ വേറൊന്നും അറിയില്ല, സ്കൂളുകളേക്കാൾ വലിയ ആത്മീയ ശുശ്രൂഷകളാണ് ബഥനിയിൽ നിന്ന് മലങ്കരസഭ പ്രതീക്ഷിക്കുന്നത് എന്നിങ്ങനെയുള്ള നിരീക്ഷണങ്ങളും പരാതികളും പലയിടത്ത് നിന്നും കേൾക്കാറുണ്ട്. സാഹചര്യങ്ങൾ ഏറെ സങ്കീർണ്ണമാണ്, പ്രതിവിധികളും അതുപോലെ തന്നെ സങ്കീർണ്ണമാണ് എന്നുള്ളത് എല്ലാവർക്കും അറിയാം. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങൾക്ക് പലപ്പോഴും ഉപരിപ്ലവങ്ങളായ ഉത്തരങ്ങൾ കൊടുക്കുവാനാണല്ലോ നമ്മുടെ എല്ലാം പ്രവണത. വി. ചാവറ കുര്യാക്കോസച്ചൻ ഓരോ പള്ളിയോടും ചേർന്ന് തുടങ്ങിയ പള്ളിക്കൂടങ്ങളും ബോംബെ, കൽക്കത്ത, അഹമ്മദാബാദ് തുടങ്ങിയ വൻ നഗരങ്ങളിലും തമിഴ്നാട്ടിലെ വിവിധ കേന്ദ്രങ്ങളിലും ഈശോസഭക്കാർ തുടങ്ങിയ, ഇപ്പോഴും പ്രഭ പരത്തി വിരാജിക്കുന്ന വിദ്യാഭ്യാസശൃംഖലകളും ഇൻഡ്യയുടെ വിദ്യാഭ്യാസസാംസ്കാരികമേഖലകളെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് ഒരു ചരിത്രസത്യം മാത്രമാണ്. തിരുവനന്തപുരത്തെ മാർ ഈവാനിയോസ് ചങ്ങനാശ്ശേരിയിലെ സെന്റ് ബർക്കുമാൻസ്, പാലായിലെയും തൃശ്ശൂരിലെയും സെന്റ് തോമസ് കോളേജുകൾ എല്ലാം കേരളത്തിന്റെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളെ എത്രമാത്രം വളർത്തി എന്നത് അംഗീകരിക്കപ്പെടുന്ന സത്യമാണ്. വി.നിയമത്തിന്റെ ഒന്നാമത്തേ വിപുലീകരണത്തിൽ തിരുവനന്തപുരത്തേ ബഥനി ആശ്രമത്തിനു കൊടുത്ത വി.നിയമത്തിൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് (cfr.no.240 എ). അതിനുശേഷമുള്ള എല്ലാ വി.നിയമങ്ങളിലും വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ട്. പക്ഷേ ഈ വിഷയത്തിൽ സംഭവിച്ചിരിക്കുന്ന തകിടം മറിച്ചിൽ കണ്ടില്ല എന്ന് കരുതാനാവില്ല. പിന്നീടു വന്ന ക്രോഡീകരണങ്ങളിൽ എറ്റം അവസാനത്തെ ഖണ്ഡികയിൽ ആണ് വിദ്യാഭ്യാസപ്രവർത്തനങ്ങൾ. എന്നാൽ ആൾ വിഭവശേഷികളുടെ വിനിയോഗത്തിൽ, വിന്യാസത്തിൽ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഒന്നാം സ്ഥാനം പിടിച്ചു പറ്റിയിരിക്കുകയാണ്. അതൊടൊപ്പം ബഥനിയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ വെറും ഒരു ധനാഗമമമാർഗ്ഗമോ വ്യവസായമോ അല്ല, അത് ബഥനിയുടെ അപ്പസ്തോലികപ്രവർത്തനങ്ങളിൽ ഒന്നാണ്, അത് സുവിശേഷം പ്രഘോഷിക്കുന്നതിനുള്ള സഭയുടെ /ബഥനിയുടെ പരിശ്രമങ്ങളിൽ ഒന്നാണ് എന്നത് വിസ്മരിക്കപ്പെടാറുണ്ട്. മൂവായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന ഒരു സ്ഥാപനം വഴി അവിടുത്തെ academic excellenceനോടോപ്പം, പഠിക്കുന്നവർക്കും പഠിപ്പിക്കുന്നവർക്കും അവരുടെ കുടുംബങ്ങൾക്കും സുവിശേഷമൂല്യങ്ങൾ പകർന്നുകൊടുക്കുന്നതിനുള്ള വലിയ ബാധ്യതയും സാധ്യതയും ആണ് എല്ലാ സഭവക വിദ്യാഭ്യാസസ്ഥാനങ്ങൾക്കും തുറന്നുകിട്ടുന്നത്. ഈ സാധ്യത ഉപയോഗിച്ച് സമൂഹത്തിന്റെ

വിദ്യാഭ്യാസ സ്ഥാപനങ്ങളേ അപ്പസ്തോലികപ്രവർത്തനമാക്കി മാറ്റുന്നതിലാണ് ബഥനിക്കാരുടെ തന്മയത്വം കാണിക്കേണ്ടത്.

16 ബഥനി ആശ്രമത്തിന് സഭയോടുള്ള പ്രതിബദ്ധതയ്ക്ക് ത്രിവിധ മുഖങ്ങൾ ഉണ്ട്. ഈ മൂന്ന് ആഭിമുഖ്യങ്ങൾ ചേർന്നതാണ് ബഥനിയുടെ ത്രിവർണ്ണപതാക. ***മലങ്കരസഭയുടെ നവീകരണം വഴി ഭാരതമാനസാന്തരം*** എന്ന അതിമനോഹരവും അതിശക്തവുമായ ഫോർമുല വഴി ഒരു ബഥാനിയൻ മലങ്കരസഭയോടും ഇൻഡ്യയിലേ സഭയോടും അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനുള്ള ഗുരുവിന്റെ കൽപന ഓരോ ക്രിസ്തുശിഷ്യനോടും സന്ന്യാസിയോടും ബഥാനിയനോടും ഉള്ള വ്യക്തിഗത കൽപനയാണെന്ന് തോന്നുന്നില്ല. അത് വിശുദ്ധസഭയ്ക്കുള്ള കൽപനയാണ്. സഭയിലെ ഓരോ ഘടകവും സംഘടനകളും സന്ന്യാസമൂഹാംഗങ്ങളും വ്യക്തികളും അതാതുസ്ഥലത്ത് സുവിശേഷദീപം പ്രകാശിപ്പിക്കുമ്പോഴാണ് സഭ ലോകം മുഴുവൻ സുവിശേഷം പ്രകാശിപ്പിക്കുന്നത്. ഒരു ബഥാനിയനും ലോകം മുഴുവൻ സുവിശേഷം പ്രസംഗിക്കാൻ വിളിക്കപ്പെട്ടിട്ടില്ല. സഭയുടെ ആവശ്യമനുസിച്ച് ഓരോ സമൂഹവും പ്രേഷിതനും നിയോഗിക്കപ്പെട്ട് അയയ്ക്കപ്പെടുകയാണ്. ബർണബാസിന്റെയും സാവൂളിന്റെയും (Acts 13/2ff) അന്തോഖ്യയിലേക്കുള്ള നിയോഗവും യാത്രയും ശ്രദ്ധിക്കുക. പരിശുദ്ധാത്മാവാണ് അവരേ നിയോഗിക്കുന്നത്. സഭയാണ് അവരേ അയയ്ക്കുന്നത്. തനിയെ കണ്ടുപിടിച്ച് സ്വയംപ്രേരിതരായി നീങ്ങുന്നതാണ് പല വ്യക്തികളുടെയും പ്രേഷിതസംരംഭങ്ങളുടെയും പരാജയത്തിന്റേറ കാരണം. ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവാനുള്ള ഗുരുവിന്റെ കൽപനയോട് ചേർന്നുകിടക്കുന്ന ഒരു പ്രേഷിതഭൂമിശാസ്ത്രം (Pastoral Geography)ഉണ്ട്. ***പാപമോചനത്തിനുള്ള അനുതാപം (Lk24:46) അവന്റെ നാമത്തിൽ ജറുസെലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു. ജറുസെലേമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കും***((Acts 1/8). ഇവ വെറും സ്ഥലപ്പേരുകൾ മാത്രമായിരുന്നില്ല, ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന ഗുരുവിന്റെ കൽപനയുടെ ഭൂമിശാസ്ത്ര സൂചികകളും പരിമിതികളും കൂടി ആയിരുന്നു. ജറുസെലേമിൽ മാത്രം സുവിശേഷവേല ചെയ്ത വി.യാക്കോബ് ശ്ലീഹാ ലോകം മുഴുവനിലുമുള്ള വിജാതീയരുടെ സുവിശേഷം ത്വരിതപ്പെടുത്തുക കൂടിയായിരുന്നു. യൂദയായുടെ ജറുസെലേമിലാണ് യേശു കുർബ്ബാന അർപ്പിച്ചതും മരിക്കുന്നതും ഉയിർത്തെഴുന്നേൽക്കുന്നതും പരിശുദ്ധാത്മാവിന്റെ ദാനം നൽകുന്നതും മാമ്മോദീസാ ആദ്യമായി നൽകപ്പെടുന്നതും. അവിടെ നിന്നും ലഭിച്ച ദൈവാനുഭവമാണ്/ ക്രിസ്തുരഹസ്യമാണ് ആദിമക്രൈസതവർ ലോകത്തിനു മുഴുവൻ പകർന്നു കൊടുത്തത്. ഒരു മലങ്കരവിശ്വാസിക്ക്/മിഷനറിയ്ക്ക് മാമ്മോദീസാ ലഭിക്കുന്നത്, പരിശുദ്ധാത്മനൽവരം ലഭിക്കുന്നത്, കർത്താവേശുമിശിഹാ സത്യമായി ഉയിർത്തെഴുന്നേറ്റു എന്ന വിശ്വാസം ഉൾക്കൊണ്ട് ഏറ്റുപറയുന്നത്, കർത്താവേശുമിശിഹായുടെ തിരുശരീരവും തിരുരക്തവും സ്വീകരിക്കുന്നത്, പരികർമ്മം ചെയ്യപ്പെടുന്നത് എല്ലാം മലങ്കര കത്തോലിക്കാസഭയിൽ നിന്നും അതിലൂടെയുമാണ്. ആദിമക്രൈസ്തവർക്ക് വിശുദ്ധസഭ പുതിയ ജറുസലേമായിരുന്നു എങ്കിൽ ഒരു മലങ്കരകത്തോലിക്കന് ആ സഭ പുതിയ ജറുസലേം ആണ്. അതിൽ നിന്ന് ഉൾക്കൊണ്ട വിശ്വാസവും ദൈവാനുഭവവും ആണ് അയാൾ എവിടെയായിരുന്നാലും മറ്റുള്ളവരുമായി പങ്കു വയ്ക്കുന്നത്. അവിടെ നിന്നാണ്, സ്വന്തസഭയിൽ നിന്നാണ്, ഒരു പ്രേഷിതന്റെ യാത്ര ആരംഭിക്കുന്നത്. അവിടേയ്ക്കു തന്നെയാണ് അയാൾ, വി.പൗലോസിനെപ്പോലെ, ഇടക്കിടെ തിരിച്ചുവരേണ്ടതും വീണ്ടും ഊർജ്ജം സമ്പാദിക്കേണ്ടതും.

**ആദിമക്രൈസ്തവർക്ക് വിശുദ്ധസഭ പുതിയ ജറുസ ലേമായിരുന്നു എങ്കിൽ ഒരു മലങ്കരകത്തോലിക്കന് ആ സഭ പുതിയ ജറുസലേം ആണ്. അതിൽ നിന്ന് ഉൾക്കൊണ്ട വിശ്വാസവും ദൈവാനുഭവവും ആണ് അയാൾ എവിടെയായിരുന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നത്.**

17. ബഥനി ആശ്രമത്തേപ്പറ്റി വളരെ ലളിതമായ (popular) ഒരു വായനയ്ക്കല്ല മുകളിൽ പരിശ്രമിച്ചിരിക്കുന്നത് എന്ന് എടുത്തുപറയുവാൻ ആഗ്രഹിക്കുന്നു. മലങ്കരകത്തോലിക്കാസഭാവിശ്വാസികളിലും പൊതുജനങ്ങളിലും ഒരു വിഭാഗം ആശ്രമത്തേപ്പറ്റി പറയാറുള്ള പരാതികൾ, ആശ്രമത്തെ സ്നേഹിക്കുന്നവരിൽ കുറേപ്പേരെങ്കിലും ഉള്ളിൽ ഒതുക്കുന്ന ആകുലതകൾ ഇവയ്ക്കെല്ലാം ഉള്ള ഉത്തരങ്ങൾ ആശ്രമത്തിന്റെ ചരിത്രത്തിലും ഇന്നത്തെ സ്ഥിതിയിലും അധിഷ്ഠിതമായിരിക്കണം എന്ന ആഗ്രഹത്തിന്റെ പേരിലാണ് പല കാര്യങ്ങൾ എടുത്തു പറഞ്ഞത്. ആശ്രമം അംഗസംഖ്യയിൽ വളരാൻ തുടങ്ങിയത് ഒന്നാമത്തേ പൂനാ ബാച്ചിന്റെ (1959) വൈദികപട്ടസ്വീകരണത്തോടെയാണ്, ദിശാബോധത്തിന് വ്യക്തത ലഭിച്ചത് ഒരു സുപ്പീരിയൽ ജനറലിന്റെ കീഴിൽ ഒരു വി.നിയമം കൊണ്ട് ഭരിക്കപ്പെടുവാൻ ആരംഭിച്ചപ്പോഴാണ് എന്നു പറയുന്നതിൽ അതിശയോക്തിയില്ല. അതിനു മുൻപുള്ളതൊക്കെ ഒരു Exodus അനുഭവം ആയിരുന്നു. വളർച്ച വന്നതോടെ ബഥനിയുടെ സാന്നിദ്ധ്യം ആവുന്നതിലേറെ പരന്നു പോയോ എന്ന ഭീതി ഇന്നു പലർക്കും ഉണ്ട്. അടിസ്ഥാന സിദ്ധി കളിലേക്കുള്ള ഒരു Gharvapasi അത്യാവശ്യ മായിരിക്കുന്നു എന്നാണ് പലരും ഇപ്പോൾ ചിന്തിക്കുന്നത്.



# മാതാപിതാക്കൾ അറിയാൻ

**ഒരു ടൺ ഉപദേശത്തേക്കാൾ നല്ലതാണ് ഒരു സ്പൂൺ കരുണ**



**അഡ്വ. ചാർളിപോൾ**

മാനുഷികതയുടെ പരിശീലനകേന്ദ്രമാണ് കുടുംബം. കുടുംബത്തിൽ നിന്നാണ് സനാതന മൂല്യങ്ങൾ കുട്ടിയിൽ രൂപപ്പെടേണ്ടത്. ധാർമ്മികതയുടെ നീരൊഴുക്ക് കുടുംബത്തിലുണ്ടാകണം. ഒരുപിതാവ് കുഞ്ഞിന്റെ കളിക്കൂട്ടുകാരനാണ്. ഭർത്താവ് ഭാര്യയുടെ ചങ്ങാതിയാണ്. ഭാര്യ ഭർത്താവിന്റെ കൂട്ടുകാരിയാണ്. ഇത്തരത്തിലുള്ള ഒരു ബന്ധം നിലനിർത്തണം. മാതൃകാകുടുംബത്തിൽ പരസ്പരസ്നേഹം, ത്യാഗമനോഭാവം, ക്ഷമ, സമർപ്പണം, കടമകൾ നിർവ്വഹിക്കൽ, പരസ്പരധാരണ, പരസ്പരം വളർത്തൽ, പരിലാളന, മൂല്യബോധം, പങ്കുവയ്ക്കൽ, സാമ്പത്തിക അച്ചടക്കം, കൂട്ടായ്മ എല്ലാം ഉണ്ടാകും. ദുശ്ശീലങ്ങൾക്ക് ഇടയുമില്ല. അപ്രകാരമുള്ള കുടുംബാന്തരീക്ഷത്തിലാണ് മക്കൾ ഉന്നതവ്യക്തിത്വത്തിന് ഉടമകളാകുക.

ചെറുപ്പകാലങ്ങളിലെ ശീലം മരണംവരെ തുടരും. നല്ല പെരുമാറ്റശീലങ്ങൾ ചെറുപ്പത്തിലേ പകർന്നു നൽകുക. പെരുമാറ്റം വ്യക്തിത്വത്തിലെ സവിശേഷഘടകമാണ്. പെരുമാറ്റം നന്നായില്ലെങ്കിൽ മറ്റുള്ളവർ നമ്മുടെ പേരുമാറ്റും. കളിപ്പേരിടും. സവിശേഷതകളുടെ സമാഹാരമാണ് വ്യക്തിത്വം. സ്നേഹവും അംഗീകാരവും നൽകി മക്കളെ വളർത്തുക. സവിശേഷ മൂല്യങ്ങൾ നിരന്തരം പകർന്നുനൽകുക. "വിതച്ചതാണ് കൊയ്യാനാകുക."

മക്കൾ ചോദിക്കുന്നതൊക്കെ മക്കൾക്ക് വാങ്ങിക്കൊടുക്കരുത്. അങ്ങനെ ചെയ്താൽ ജീവിതത്തിൽ ചെറിയൊരു നിരാശപോലും മക്കൾക്ക് താങ്ങാനാവില്ല. ചിലപ്പോൾ മക്കൾ വാശിപിടിച്ച് കരയും. തറയിൽ കിടന്ന് ഉരുണ്ട് ബഹളം വെയ്ക്കും. എന്നാലും മക്കൾക്ക്

എന്താണ് വാങ്ങിക്കൊടുക്കേണ്ട മാതാപിതാക്കൾ തന്നെ തീരുമാനിക്കണം. ചിലപ്പോൾ കുട്ടികൾ കുറച്ച് വികൃതികൾ കാണിക്കും. അതു മാതാപിതാക്കൾ സഹിക്കണം. ഈ പ്രായത്തിൽ മാത്രമല്ലേ കുസൃതിത്തരങ്ങൾ നിറഞ്ഞ ജീവിതം കുട്ടികൾക്ക് സാധിക്കൂ. അല്പം കുസൃതിയില്ലെങ്കിൽ കുട്ടികൾക്കും മുതിർന്നവർക്കും എന്താണ് വ്യത്യാസം. മക്കളെ എപ്പോഴും ശാസിക്കാതിരിക്കുക. സാധാരണഗതിയിൽ പറഞ്ഞാൽ മക്കൾ അനുസരിക്കും. മക്കളെ എപ്പോൾ ശാസിക്കണമെന്ന് മാതാപിതാക്കൾ സ്വയം തീരുമാനിക്കണം.

മാതാപിതാക്കൾ മക്കൾക്ക് എന്തെങ്കിലും വാഗ്ദാനം ചെയ്താൽ എപ്പോഴും അതു പാലിക്കുക. അല്ലെങ്കിൽ വാഗ്ദാനങ്ങൾ പാലിക്കാതിരിക്കുന്നതിൽ തെറ്റില്ലെന്ന് മക്കൾ മനസിലാക്കും. മക്കൾ എന്തെങ്കിലും തെറ്റു ചെയ്തിട്ടുണ്ടെങ്കിൽ ദയവായി തിരുത്തുക. അല്ലെങ്കിൽ തെറ്റു ചെയ്താൽ ഒന്നും സംഭവിക്കില്ലെന്നും അതെല്ലാം ആവർത്തിക്കാമെന്നും മക്കൾ വിചാരിക്കും. മക്കളെ ഒരിക്കലും മറ്റു കുട്ടികളുമായി താരതമ്യപ്പെടുത്തരുത്. അത് മക്കളെ വല്ലാതെ വേദനിപ്പിക്കും. മക്കളുടെ ആത്മവിശ്വാസം നശിപ്പിക്കും. മക്കൾക്ക് ഒരുപാടുകഴിവുകളുണ്ട്. എന്നിട്ടും മറ്റുള്ളവരുടെ മുന്നിൽ വച്ച് മക്കൾ മണ്ടനാണെന്ന് മാത്രം തെളിയിക്കണോ. ചിലപ്പോൾ മക്കൾ നിങ്ങളോടു പറയുന്ന കാര്യങ്ങളിൽ ചീത്തത്തരങ്ങളും അബദ്ധങ്ങളും മണ്ടത്തരങ്ങളും കണ്ടേക്കാം. അതെല്ലാം പറഞ്ഞ് ശകാരിക്കുകയോ, കളിയാക്കുകയോ ആണെങ്കിൽ പിന്നീടൊരിക്കലും നിങ്ങളോട് മക്കൾക്ക് മനസു തുറന്നു സംസാരിക്കാൻ സാധിക്കില്ല. മക്കളുടെ കൂട്ടുകാരുടെ മുന്നിൽവച്ച് ദയവായി മക്കളുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കാതിരിക്കുക. കൂട്ടുകാരുടെ മുന്നിൽ വച്ച് മക്കളെ കുറ്റപ്പെടുത്തുമ്പോൾ അവർ സന്തോഷിക്കുകയും മക്കളുടെ മനസ് വേദനിക്കുകയും ചെയ്യും. മക്കളുടെ തെറ്റു തിരുത്താൻ മക്കളെ പഠിപ്പിക്കേണ്ടത് മറ്റുള്ളവരുടെ മുന്നിൽവച്ചല്ല.


മക്കളെ ഒരിക്കലും മടിയനാക്കരുത്. വളർന്നുവരുമ്പോൾ ചെറിയ കാര്യങ്ങൾ ചെയ്യാൻ മക്കളെ അനുവദിക്കുക. ഡ്രസ് ചെയ്യാനും ഷൂസ് ഇടാനും മുടി ചീകാനും മക്കളെ അനുവദിക്കുക. വളരുന്തോറും കൂടുതൽ കാര്യങ്ങൾ ചെയ്യാൻ മക്കളെ അനുവദിക്കണം. അല്ലെങ്കിൽ എല്ലാക്കാര്യത്തിനും മക്കൾ എന്നും ആരെയെങ്കിലും ആശ്രയിച്ചു കൊണ്ടിരിക്കും. എല്ലാവരും തനിക്ക്വേണ്ടി മാത്രം ജീവിക്കുന്നവരാണെന്ന് മക്കൾ വിശ്വസിച്ചു പോകും. ഒന്നും തനിച്ചുചെയ്യാൻ പ്രാപ്തിയില്ലാത്തവരായി മക്കൾ മാറും. തെറ്റുകളിലൂടെയാണ് എല്ലാവരും ശരികൾ പഠിക്കുന്നത്. മക്കളെ ശകാരിക്കുമ്പോൾ ഒച്ചവെയ്ക്കരുത്. സാധാരണ സ്വരത്തിൽ കാര്യങ്ങൾ പറഞ്ഞ് മക്കളെ തിരുത്തുക. മക്കളുടെ മുന്നിൽ വെച്ച് മറ്റുള്ളവരോട് കള്ളം പറയരുത്. മാതാപിതാക്കളെപ്പറ്റി മക്കളുടെ മനസിൽ വലിയ ബഹുമാനവും വിശ്വാസവുമുണ്ട്. കള്ളംപറയുമ്പോൾ അതെല്ലാം ഇല്ലാതാകും. സിനിമയ്ക്കോ, ബസിൽ യാത്ര ചെയ്യുമ്പോഴോ അല്പലാഭത്തിനു വേണ്ടി മക്കളുടെ പ്രായം കുറച്ചു പറയുന്നതും തെറ്റാണ്. കള്ളം പറയുന്നതിൽ തെറ്റില്ലെന്നും ചെറിയ ലാഭമുണ്ടെന്നും കൂടി മക്കൾ മനസിലാക്കും.

എപ്പോഴെങ്കിലും തെറ്റു പറ്റിയാൽ മാതാപിതാക്കൾ മക്കളോട് സോറി പറയുക. അങ്ങനെ ചെയ്താൽ മക്കളുടെ തെറ്റുകൾക്ക് മക്കളും ക്ഷമ ചോദിക്കും. മാതാപിതാക്കൾ ഉത്തമ മാതൃകയാകണം. ഒരിക്കലും മക്കളുടെ മുന്നിൽവെച്ച് വഴക്കുണ്ടാക്കരുത്. മക്കൾ ഉറങ്ങിയതിനു ശേഷമാകാം നിങ്ങളുടെ വഴക്കുകൾ. ടെൻഷനില്ലാതെയും സാമാധാനമായിട്ടും ജീവിക്കാൻ മക്കളെ അനുവദിക്കുക. എന്നും എവിടെയും ഒന്നാമനാകണമെന്ന് മക്കളോട് എപ്പോഴും പറയാതിരിക്കുക. എല്ലാ കുട്ടികൾക്കും എപ്പോഴും എല്ലാ മത്സരത്തിലും ഒന്നാമനാകാൻ കഴിയില്ലല്ലോ.? ജീവിതത്തിൽ പരാജയങ്ങൾകൂടിയുണ്ടെന്ന് മക്കളെ പഠിപ്പിക്കുക. അങ്ങനെയാകുമ്പോൾ പരാജയപ്പെട്ടാലും മക്കൾ നിരാശനാകില്ല. നിയമന്ത്രണമില്ലാതെ ടിവി കാണാനും കമ്പ്യൂട്ടർ ഉപയോഗിക്കാനും മക്കളെ അനുവദിക്കാതിരിക്കുക.

ശരിയായ ജീവിതമൂല്യങ്ങൾ മക്കളെ പഠിപ്പിക്കാൻ മാതാപിതാക്കൾ സമയം കണ്ടെത്തുക. മാതാപിതാക്കൾ പറയുന്ന കാര്യങ്ങൾ ജീവിതത്തിൽ പകർത്തിക്കാണിക്കുക. മഹാന്മാരുടെ ജീവിത കഥകൾ ഉറങ്ങുന്നതിന് മുമ്പ് മക്കൾക്ക് പറഞ്ഞു കൊടുക്കാൻ സമയം കണ്ടെത്തുക. മക്കൾ ചീത്തവാക്കു പറഞ്ഞാലോ, മുതിർന്നവരെ ബഹുമാനിക്കാതിരുന്നാലോ അത് മക്കളുടെ കുസൃതിയാണെന്ന് കരുതി ആസ്വദിക്കരുത്. അവയെ തിരുത്തണം. അല്ലെങ്കിൽ

## ഓർമ്മത്തിരുനാൾ

**ഏപ്രിൽ 28**



**അഭിവന്ദ്യ ഐസക് മാർ യൂഹാനോൻ**

മക്കൾക്ക് പ്രോത്സാഹനമാണെന്ന് കരുതി വീണ്ടും മക്കൾ അതു തന്നെ ചെയ്യും.

അച്ഛൻ അറിയാതെ അമ്മയും അമ്മ അറിയാതെ അച്ഛനും മക്കൾക്ക് സമ്മാനങ്ങൾ നല്കാതിരിക്കുക. മക്കളെ കൂടുതൽ സ്നേഹിക്കുന്നുവെന്ന് ബോധ്യപ്പെടുത്താൻ നിങ്ങൾ ഉത്സാഹിക്കരുത് അത് മക്കളെ തെറ്റായ വഴികളിലൂടെ നടത്തും. മാതാപിതാക്കൾ കാറിൽ സ്കൂളിൽ മക്കളെ വിടാതിരിക്കുക. ക്ലാസിലെ മറ്റു കുട്ടികൾക്കില്ലാത്ത ആഡംബരങ്ങളൊന്നും മക്കൾക്ക് നൽകാതിരിക്കുക. ഇങ്ങനെയൊക്കെയേ മക്കളെ മിതവ്യയം ശീലിക്കാൻ സാധിക്കു.

ബാല്യത്തിലും കൗമാരത്തിലും മക്കൾക്ക് കൂട്ടുകാർ ഏറെയായിരിക്കും. മക്കളുടെ കൂട്ടുകാരെ സ്വന്തംമെന്നപോലെ സ്വീകരിക്കുകയും മനസിലാക്കുകയും ചെയ്യുക. എങ്കിലേ മക്കളുടെ ചങ്ങാത്തം മക്കൾക്ക് ഗുണകരമാകുമോ എന്ന് മനസിലാക്കിത്തരാനാകു. കഴിയുമെങ്കിൽ മക്കളുടെ കൂട്ടുകാരുടെ കുടുംബവുമായി സുഹൃത്ത് ബന്ധം സ്ഥാപിക്കുക. പെൺകുട്ടികളെ സമൂഹത്തിന് മുന്നിൽ പ്രദർശന വസ്തുക്കളാക്കാതിരിക്കുക. നഗ്നതാ പ്രദർശനം പ്രോത്സാഹിപ്പിക്കരുത്. നല്ലത്/നന്മ ചെയ്താൽ പ്രോത്സാഹിപ്പിക്കുക, അഭിനന്ദിക്കുക, മോശപ്പെട്ട ഒരു പ്രവർത്തികളിലും കൂട്ടുചേരാതിരിക്കുക, അമിത ലാളനയും പാടില്ല.

മക്കൾ അനുസരിക്കണമെങ്കിൽ അച്ഛനമ്മമാർ മക്കളുടെ കൂട്ടുകാരാവുക. തുറന്നു സംസാരിക്കാൻ സാഹചര്യം സൃഷ്ടിക്കുക. നല്ല കേൾവിക്കാരാവുക, ഏത് പ്രശ്നവും പങ്കുവയ്ക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടാകണം. ഉള്ളുതുറന്ന സംസാരവും താമശപറയലും ആഹ്ളാദകരമായ കൂട്ടായ്മയും ഒത്തു ചേരലും ആത്മവിശ്വാസം നല്കും. മക്കൾക്ക് ആവശ്യത്തിലധികം പണം നല്കരുത്. പണത്തിന്റെ കണക്കുകൾ തിരക്കണം. ബോധപൂർവ്വം, ധൂർത്തുകൾ ഒഴിവാക്കി പണം ഉപയോഗിക്കാൻ മക്കളെ പരിശീലിപ്പിക്കുക.

മക്കളെ മറ്റ് കുട്ടികളുമായി ഒരിക്കലും താരതമ്യം ചെയ്യരുത്. ഓരോ കുട്ടിയും വ്യത്യസ്ഥതയുള്ളവരും അതുല്യരുമാണ്. മക്കളെ തല്ലരുത്, ക്രൂരതകാട്ടരുത്, വായ കൊട്ടിയടക്കരുത് ശാരീരിക ശിക്ഷകൾ മുറിവുകൾ സൃഷ്ടിക്കും. മനസ്സിന് മുറിവേൽപ്പിക്കുന്ന രീതിയിൽ കുറ്റപ്പെടുത്തരുത്. തെറ്റ് ബോധ്യപ്പെടുത്തി ശരി ചെയ്യാൻ പ്രോത്സാഹിപ്പിക്കലാണ് ശിക്ഷണം. വളരാനും വളർത്താനും കഴിയുന്ന നിലപാടുകളെ സ്വീകരിക്കാവു. തളരാനും തളർത്താനും ശ്രമിക്കരുത്. ഉപദേശിച്ച് ബോറടിപ്പിക്കരുത് (ഒരു ടൺ ഉപദേശത്തേക്കാൾ നല്ലതാണ് ഒരു സ്പൂൺ കരുണ) സ്നേഹശാസനകളും തിരുത്തലും ആകാം. വേദനിപ്പിച്ചുകൊണ്ട് മക്കളുടെ സ്വഭാവത്തിൽ മാറ്റം വരുത്താനാകില്ല. പ്രശ്നങ്ങൾ ചർച്ച ചെയ്യുക. അച്ഛനമ്മമാരുടെ വിഷമങ്ങൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ പങ്കുവയ്ക്കുക. മക്കളുടെ വികാരങ്ങളെ മാനിക്കുക.

മാതാപിതാക്കളുടെ ക്രൂരത മക്കളെ ക്രൂരന്മാരും സാമൂഹ്യ വിരുദ്ധരുമാക്കും. മക്കൾക്ക് നല്കേണ്ട സ്നേഹവും സംരക്ഷണവും നല്കേണ്ട പ്രായത്തിൽ കൊടുക്കാതെ തിരക്കുകളായി നടന്നാൽ മക്കൾ വളർന്ന് അവരുടെ തിരക്കുകളിൽ ചേക്കേറുമ്പോൾ മാതാപിതാക്കളെ അവർ മറക്കും. അല്ലെങ്കിൽ അനാഥാലയത്തിലാക്കും. കുട്ടികളെ ചെറിയ ചെറിയ ഉത്തരവാദിത്വങ്ങൾ ഏല്പിച്ചുകൊടുത്താൽ കുടുംബത്തിന്റെ ഭാഗമാണെന്നുള്ള തോന്നൽ അവർക്കുണ്ടാകും. സ്വാശ്രയത്തിൽ ജീവിക്കാൻ പഠിക്കും. സ്വന്തമായി എല്ലാ കാര്യവും ചെയ്യാനവർ പഠിക്കട്ടെ.

മക്കളിലെ വൈകാരിക പ്രശ്നങ്ങളുടെ സൂചനകൾ എത്രയും വേഗം തിരിച്ചറിയുക, പഠനത്തിൽ പിന്നോക്കം പോവുക, അകാരണമായ വിഷാദം, ദേഷ്യം വരുമ്പോൾ ആക്രമണോൽസുകമായ രീതിയിൽ പെരുമാറുക, എല്ലാത്തിനെയും എതിർക്കുക തുടങ്ങിയ മാറ്റങ്ങൾ കുട്ടി ലൈംഗീക ചൂഷണത്തിനോ ലഹരിവസ്തുക്കൾക്കോ ഇരയായതിന്റെ സൂചനയാകാം. പ്രശ്നങ്ങളോട് പക്വമായ സമീപനം വേണം. കൗൺസിലിംഗ് നൽകുക.

നമ്മൾ പറയുന്നത് കേട്ടല്ല മറിച്ച് നമ്മൾ ചെയ്യുന്നത് കണ്ടാണ് മക്കൾ അനുകരിക്കുക. ലഹരിപദാർത്ഥങ്ങൾ കുട്ടികൾ കാണുകയോ അവരറിയത്തക്ക വിധത്തിലോ ഉപയോഗിക്കരുത്. കുട്ടികൾക്ക് വിവേചനാ ബുദ്ധി കുറവാണ്. നമ്മെ മക്കൾ അനുകരിക്കും. വീട്ടിൽ ലഹരി വസ്തുക്കൾ സൂക്ഷിക്കരുത്. മക്കൾ അത് ഉപയോഗിക്കും.


ചില സാഹചര്യങ്ങളിൽ 'നോ' പറയാൻ മക്കളെ ശീലിപ്പിക്കണം. തിന്മകളോടും പ്രലോഭനങ്ങളോടും മക്കൾ 'നോ' പറയട്ടെ. അത് ആത്മബലമാണ്. ലഹരിക്ക് വീട്ടിൽ സ്വീകാര്യത നൽകുരുത്. മദ്യത്തോടുള്ള മാന്യ സമീപനം മക്കൾക്ക് നാശം വരുത്തും. ആഘോഷങ്ങളിൽ വീട്ടിൽ ഒരിക്കലും മദ്യം വിളമ്പരുത്. സന്തോഷവും അംഗീകാരവുമാണ് മനുഷ്യന് മരിക്കുവോളം വേണ്ടത്. തകർന്ന കുടുംബങ്ങൾക്കിടയിലാണ് ലഹരികൾ ഇടം കണ്ടെത്തുന്നത്. സന്തോഷവും അംഗീകാരവും പരസ്പരം നൽകിയാൽ ലഹരിയുടെ ഇരുണ്ടവഴികൾ ആരും തേടില്ല.

പ്രശ്നക്കാരായ മക്കളെ വിശ്വാസത്തിലെടുത്തു തുറന്നു സംസാരിക്കുക. ഭയപ്പെടുത്താതിരിക്കുക. പ്രശ്നങ്ങൾ ചർച്ചചെയ്ത് ശരി തെറ്റുകൾ ബോധ്യപ്പെടുത്തുക. കുറ്റപ്പെടുത്താതിരിക്കുക. പ്രശ്നപരിഹാരം കണ്ടെത്താൻ സഹായിക്കുക. പ്രശ്നങ്ങളിൽ വീണ്ടും അകപ്പെടാതിരിക്കാൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. പ്രതിസന്ധിയിൽ തുണയാകുമെന്ന് മക്കൾക്ക് തോന്നണം. ശരിതെറ്റുകളെക്കുറിച്ച് വിധിക്കാതിരിക്കുക. ക്ഷമയോടെ കേട്ടും പിന്തുണ നൽകിയും സ്നേഹിച്ചും പ്രോത്സാഹിപ്പിച്ചും മനസ്സിന് കരുത്ത് പകർന്നും മക്കളെ നല്ലവരാക്കുക. ആവശ്യമെങ്കിൽ മന:ശാസ്ത്രജ്ഞന്മാരുടെ സഹായം തേടുക.



# ചോദിച്ചാൽ തരുന്ന തമ്പുരാൻ

**നാം ചോദിക്കേണ്ടത് അവിടുത്തോട് ചോദിച്ചാൽ നിറഞ്ഞ മനസ്സോടെ തരാൻ ഒരുങ്ങിയിരിക്കുന്നത് അവിടുത്തെ ആത്മാവിനെത്തന്നെയാണ്. അവിടുത്തെ ജ്ഞാനത്തിന്റെ ആത്മാവിനെയാണ് നാം അന്വേഷിക്കേണ്ടത്.**



സി. അർച്ചിത SIC

ചോദിക്കുവിൻ നിങ്ങൾക്ക് ലഭിക്കും. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്ക് തുറന്ന് കിട്ടും (St. ML.7:7).

സ്നേഹമുള്ളവരെ, ചോദിച്ചതെല്ലാം ലഭിച്ചോ? അന്വേഷിച്ചതെല്ലാം കണ്ടെത്തിയോ? മുട്ടിയപ്പോഴെല്ലാം തുറന്നു കിട്ടിയോ? ഇല്ലെങ്കിൽ ഇനിയും ചോദ്യവും അന്വേഷണവും മുട്ടിവിളിയും ഒക്കെ ഒന്ന് നിർത്തി, നമുക്ക് ഒരു ശോധന നടത്തേണ്ടത് അനിവാര്യമാണെന്ന് തോന്നുന്നു.

ചോദിച്ചാൽ തരുമെന്ന് പറഞ്ഞിട്ട്, എന്തേ പലതും ലഭിച്ചില്ല. ദൈവത്തിന് ഒരിക്കലും തെറ്റ് പറ്റില്ല. അപ്പോൾ തീർച്ചയായും നാം ചോദിച്ചതിന്റെ അപാകതയാവണം. നാം എപ്പോഴാണ് ഒരു കാര്യം മറ്റുള്ളവരോട് ചോദിക്കാത്തത്? ഏത് കാര്യമാണോ നാം ചോദിക്കുന്നത് അതേ കാര്യം കൈവശം ഇല്ലാതിരിക്കുകയും ആ കാര്യത്തിന് ആവശ്യം നേരിടുകയും ചെയ്യുമ്പോൾതന്നെ എല്ലാവരോടും നാം ചോദിക്കുമോ? തീർച്ചയായും ഇല്ല. ലഭിക്കും എന്ന പ്രതീക്ഷയുള്ള വ്യക്തികളോടെ നാം ചോദിക്കൂ. ലഭിക്കും എന്ന പ്രതീക്ഷയാണ് നമ്മെ ചോദിക്കാൻ പ്രേരിപ്പിക്കുന്നത്. നമ്മുടെ കൈവശം ഇല്ലാത്തതും ആവശ്യം നേരിടുന്നതുമായ എല്ലാ കാര്യവും നാം ചോദിക്കാറില്ല. കാരണം ചില ആവശ്യങ്ങൾ നിറവേറ്റപ്പെട്ടില്ലങ്കിലും അത് നമ്മിൽ കാര്യമായ ചലനം ഒന്നും ഉണ്ടാക്കില്ലെന്ന് നമുക്ക് അറിയാം. എന്നാൽ ചില സന്ദർഭങ്ങൾ നാം, ലഭിക്കും എന്ന പ്രതീക്ഷയോ, ചോദിക്കുന്ന ആളിന്റെ ഭാവഭേദമോ ഒന്നും നോക്കാതെ ചോദിക്കാറുണ്ട്. അത് ആവശ്യം നിമിത്തമല്ല. മറിച്ച് അത്യാവശ്യം നിമിത്തമാണ്. ഉദാഹരണമായി നമ്മുടെ പ്രിയപ്പെട്ട ആളിന്റെ ജീവനുവേണ്ടി ഒരു ഡോക്ടറിനോട്... കുഞ്ഞിന്റെ അഡ്മിഷനുവേണ്ടി തലപ്പത്ത് ഉള്ള ഒരാളോട് ... ഒരുപക്ഷേ കെഞ്ചാൻപോലും നാം തയ്യാറായെന്ന് വരും. ലഭിക്കും എന്ന പ്രതീക്ഷയല്ല മറിച്ച് ലഭിച്ചേ തീരൂ എന്ന അടങ്ങാത്ത മനസ്സിന്റെ ആഗ്രഹമാണ് ഈ ചോദ്യത്തിന്റെ പിന്നിൽ നമ്മെ നയിച്ചത്. ആവശ്യം നിമിത്തമുള്ള ചോദ്യവും അത്യാവശ്യം നിമിത്തമുള്ള ചോദ്യവും തമ്മിലുള്ള വ്യത്യാസം ഇതാണ്.

സ്നേഹമുള്ളവരെ, നാം ദൈവത്തോട് ചോദിക്കുന്നത് ആവശ്യം നിമിത്തമായിട്ടാണോ? അത്യാവശ്യം നിമിത്തമായിട്ടാണോ? ആവശ്യം നിമിത്തം ചോദിച്ചിട്ട് കിട്ടാതെ വരുമ്പോൾ നാം പിന്മാറും, സങ്കടം വരും.

പതിയെ നിരാശയിലേക്ക് കൂപ്പുകുത്തും. എന്നാൽ അത്യാവശ്യം നമ്മെ ലഭിക്കും വരെ ചോദിക്കാൻ പ്രേരിപ്പിക്കും. മുടങ്ങാതെ, തളരാതെ, നാം ചോദിച്ചുകൊണ്ടേയിരിക്കും. കാരണം ഞാൻ ചോദിക്കുന്ന കാര്യം തരാൻ എന്റെ തമ്പുരാനല്ലാതെ മറ്റാർക്കും പറ്റില്ല എന്ന എന്റെ വിശ്വാസം... എന്റെ തമ്പുരാന് എന്റെ അത്യാവശ്യത്തെ പരിഗണിക്കാതിരിക്കാൻ പറ്റില്ലെന്ന എന്റെ വിശ്വാസം. ആ ബോദ്ധ്യം എന്നെ അവിടുത്തോട് ശരണപ്പെടുവാനും പറ്റിച്ചേർന്ന് നിൽക്കാനും സഹായിക്കും. ഈ ആശ്രയബോധം നമ്മെ വിശ്വാസത്തിൽ വളർത്തും.

അന്വേഷിക്കുവിൻ നിങ്ങൾക്ക് ലഭിക്കും. അന്വേഷിച്ചത് എല്ലാം ലഭിച്ചോ? നാം എപ്പോഴാണ് ഒരു കാര്യം അന്വേഷിക്കുന്നത്? ഒരു വസ്തു അന്വേഷിക്കുന്നത് അതിന്റെ ആവശ്യം നേരിടുമ്പോൾ അതിനെ കാണാതെ വരുന്ന സന്ദർഭത്തിൽ ആണ്. ഒരു '50 പൈസ' തുട്ടോ, ഒരു മൊട്ടുസൂചിയോ നഷ്ടപ്പെടുമ്പോൾ നാം അന്വേഷിക്കുന്നതും 10-ാം ക്ലാസിലെ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ നമ്മുടെ പാസ്പോർട്ട്, ആധാർ കാർഡ് ഇവ നഷ്ടപ്പെട്ടാൽ നടത്തുന്ന അന്വേഷണവും തമ്മിൽ ഉള്ള വ്യത്യാസം എന്താണ്? ആദ്യത്തേത് അത്ര മൂല്യമുള്ള കാര്യമല്ല. കണ്ടുകിട്ടിയില്ലെങ്കിൽ മറ്റൊന്ന് ലഭിക്കാൻ അത്ര പ്രയാസം ഇല്ലാത്തതിനാൽ ആ അന്വേഷണത്തിന് വലിയ തീവ്രത ഒന്നും കാണില്ല. എന്നാൽ രണ്ടാമത് പറഞ്ഞത് അങ്ങനെയല്ല. അപ്പോൾ നഷ്ടപ്പെട്ടതിന്റെ മൂല്യമാണ് അന്വേഷണത്തിന്റെ തീവ്രത കൂട്ടുന്നത്. ഇപ്രകാരം തീവ്രമായ ഒരു അന്വേഷണമാണ് തമ്പുരാൻ നമ്മിൽനിന്നും ആഗ്രഹിക്കുന്നത്.

മുട്ടുവിൻ നിങ്ങൾക്ക് തുറന്നുകിട്ടും. എപ്പോഴാണ് നാം മുട്ടിവിളിക്കുന്നത്? ഒന്നുകിൽ കതക് അടഞ്ഞിരിക്കുമ്പോൾ അഥവാ പൂമുഖത്ത് ആളില്ലെങ്കിൽ നാം കതകിൽ മുട്ടും. തുറന്നുകിട്ടും എന്ന പ്രതീക്ഷ. തുറക്കാൻ ഉള്ള ആള് അകത്ത് ഉണ്ടെന്ന നമ്മുടെ വിശ്വാസം. ഇതാണ് നമ്മെ മുട്ടിവിളിക്കാൻ പ്രേരിപ്പിക്കുന്നത്. ഇനി മുട്ടിയിട്ട് ആരും തുറന്നു തന്നില്ലങ്കിലോ? കുറച്ചുസമയം നാം കാത്തുനിന്നേക്കാം. ഒരുപക്ഷേ ഒന്നുകൂടി മുട്ടിവിളിക്കാൻ നാം തയ്യാറായെന്നു വരും. എന്നാൽ തുറന്നു കിട്ടുംവരെ മുട്ടിവിളിക്കാനോ, ആളു വരും വരെ കാത്തുനിൽക്കാനോ നമ്മിൽ എത്ര പേർ തയ്യാറാകും? ഇപ്രകാരം തമ്പുരാൻ മനസ്സാകുന്ന സമയം വരെ പ്രതീക്ഷയോടെ മുട്ടിവിളിക്കാൻ, പ്രത്യാശയോടെ കാത്തുനിൽക്കാൻ തയ്യാറാകുന്നവർക്ക് മുന്നിലാണ് തമ്പുരാന്റെ ഹൃദയകവാടം തുറക്കപ്പെടുന്നത്.

ചോദിക്കേണ്ടതും അന്വേഷിക്കേണ്ടതും മുട്ടേണ്ടതും എപ്രകാരമാണെന്ന് നാം കണ്ടുകഴിഞ്ഞു. ഇനി എന്താണ് ചോദിക്കേണ്ടത്? എന്താണ് അന്വേഷിക്കേണ്ടത്? എവിടെയാണ് മുട്ടേണ്ടത്? മക്കൾക്ക് നല്ല ദാനങ്ങൾ നൽകാൻ ദുഷ്ടരായ നിങ്ങൾക്ക് അറിയാമെങ്കിൽ, സ്വർഗ്ഗസ്ഥനായ പിതാവ് തന്നോട് ചോദിക്കുന്നവർക്ക് എത്രയധികമായി പരിശുദ്ധാത്മാവിനെ നൽകുകയില്ല (St. Lk.11:13). അപ്പോൾ നാം ചോദിക്കേണ്ടത് അവിടുത്തോട് ചോദിച്ചാൽ നിറഞ്ഞ മനസ്സോടെ തരാൻ ഒരുങ്ങിയിരിക്കുന്നത് അവിടുത്തെ ആത്മാവിനെത്തന്നെയാണ്. അവിടുത്തെ ജ്ഞാനത്തിന്റെ ആത്മാവിനെയാണ് നാം അന്വേഷിക്കേണ്ടത്. അവിടുത്തെ ആത്മകവാടത്തിൽ ആണ് നാം മുട്ടേണ്ടത്. ചോദിച്ചാൽ... അന്വേഷിച്ചാൽ...മുട്ടിയാൽ... നമ്മിൽ സമൃദ്ധമായി ചൊരിയാം എന്ന് വാഗ്ദാനം നൽകിയ തമ്പുരാൻ വെറും നശ്വരമായ ഒന്നല്ല മറിച്ച്, എന്നും നിലനിൽക്കുന്ന, ആത്മസന്തോഷത്തിന്റെ, അനന്തജ്ഞാനത്തിന്റെ, ആത്മശക്തിയുടെ, സകലകൃപാവരത്തിന്റെയും ജീവപ്രദനായ ആത്മാവിനെയാണ്. ഈ ആത്മാവിനെ ആത്മദാഹത്തോടെ നമുക്ക് ചോദിക്കാം... അന്വേഷിക്കാം...തുറന്ന് തരുമ്പോൾ ആത്മനിർവൃതിയോടെ ആത്മാവിലേക്ക് പ്രവേശിക്കാം.



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**
**ഉദ്ദിഷ്ടകാര്യത്തിന്**
**ഉപകാര സ്മരണ**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി അയിരൂർ**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**
**ഉദ്ദിഷ്ടകാര്യത്തിന്**
**ഉപകാര സ്മരണ**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

## ഇടയശബ്ദം 5-ാം പേജ് തുടർച്ച

ത്തിന്റെ ശ്രീകോവിലിൽനിന്നു കണ്ടുപഠിക്കേണ്ട സഭ്യതയും മര്യാദയും കാറ്റിൽപ്പറത്തിയപ്പോൾ നിയമനിർമ്മാതാക്കളായ ഈ സാമാജികർക്ക് എങ്ങനെ ഈ ഉത്തരവാദിത്വം നിർവഹിക്കാൻ കഴിയും എന്ന് ചോദിച്ചു പോകുകയാണ്. നമ്മുടെ മാധ്യമങ്ങളുടെ വഴിവിട്ട പ്രവണതകൾ സത്യത്തിന് ഒരു വിലയുമില്ലെന്നും ആരെങ്കിലും വിചാരിച്ചാൽ ആരെയും ഇല്ലാതാക്കാൻ കഴിയുമെന്നും തെളിയിച്ചിരിക്കുന്നു. അഴിമതിയുടെയും കോഴയുടെയും കഥകൾ പ്രചരിക്കുന്നതിനിടയിൽ മുൻകൂട്ടി നിശ്ചയിച്ച ചില താത്പര്യങ്ങൾ സംരക്ഷിക്കുകയാണ് ലക്ഷ്യം എന്ന് വിവരമുള്ള ആർക്കും മനസ്സിലാകും.

തീർച്ചയായും അഴിമതിയും കോഴയും ഇല്ലാതാവണം; നീതി നിർവഹിക്കപ്പെടണം. നമ്മുടെ സമൂഹം നന്മയുടെ പാഠങ്ങൾ പഠിക്കണം. വ്യക്തിഹത്യകളും സ്ഥാപിത താത്പര്യസംരക്ഷണവും നടക്കുമ്പോൾ നാം വീണ്ടും തിന്മയിലേക്ക് തന്നെയാണ് നിലംപൊത്തുന്നത്. പ്രതികരിക്കുകയില്ല എന്നു കാണുമ്പോൾ ആക്രമിക്കുന്ന സ്വഭാവം മനുഷ്യന്റെ കൂടെപ്പിറപ്പാണല്ലോ. ആയതുകൊണ്ടുതന്നെ നമ്മുടെ ജനം മാധ്യമങ്ങളെ വിലയിരുത്തുവാനും, അവർ മുന്നോട്ടുവയ്ക്കുന്ന അജണ്ടകൾ മനസ്സിലാക്കുവാനും കരുത്താർജ്ജിക്കണം. സ്ത്രീത്വത്തിന്റെ പേരിൽ ചെയ്തുകൂട്ടുന്നതിനെ ന്യായീകരിക്കുവാൻ ശ്രമിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു കാര്യമാണ് മറ്റു സ്ത്രീകളുടെയും സംരക്ഷണം. ജനപ്രതിനിധിയുടെ ഭാര്യയെയും അമ്മയെയും ആക്രമിക്കുന്നത് സ്ത്രീത്വത്തോടുള്ള അവഹേളനം അല്ലേ? സമരക്കാരോട് മല്ലിട്ടതിന്റെ പേരിൽ ഒരു വീട്ടമ്മയ്ക്കുണ്ടായ ദുരനുഭവം കേരള ജനതയ്ക്ക് അത്രപെട്ടെന്ന് മറക്കുവാൻ കഴിയുമോ? ഇവയൊന്നും സ്ത്രീത്വത്തിന്റെ നേരെയുള്ള ആക്രമണങ്ങളല്ലേ? അതോ, ജനപ്രതിനിധികൾക്ക് മാത്രമാണോ സംരക്ഷണം? ഏതാണെങ്കിലും കേരളത്തിന്റെ സംസ്കൃതി കാടത്തത്തിലേക്ക് കയറുന്നു. നീതിയും ധർമ്മവും അല്ല, പ്രതികരണപാടവവും പണവും മാധ്യമസംരക്ഷണവും മതി എന്നുണ്ടോ? ആടിനെ പട്ടിയാക്കിയും പട്ടിയെ പേപ്പട്ടിയാക്കിയും ഇല്ലാതാക്കാൻ കഴിയും എന്ന അവസ്ഥയാണ് സംസ്ഥാനത്ത് നിലനിൽക്കുന്നത്.

ഈയടുത്ത സമയത്ത് കേരളത്തിലെ ക്രൈസ്തവമേലദ്ധ്യക്ഷന്മാർ ഒരുമിച്ചുകൂടി പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമായി ഒരുദിവസം ചെലവഴിച്ചു. വിവിധ സഭകളെ പ്രതിനിധീകരിച്ച് 40 പിതാക്കന്മാർ ഈ കൂട്ടായ്മയിൽ പങ്കെടുക്കുകയുണ്ടായി. ആ യോഗം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടമാടുന്ന കിരാതമായ മനുഷ്യക്കുരുതിയെപ്പറ്റിയും മതപീഡനത്തെപ്പറ്റിയും ഉത്കണ്ഠ രേഖപ്പെടുത്തുകയും ഒരുദിവസം പ്രാർത്ഥനാ ദിനമായി ആചരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ദൈവത്തെപ്പറ്റിയുള്ള വികലമായ ധാരണകൾ പുലർത്തി, മനുഷ്യത്വത്തിനെതിരെ ചെയ്യുന്ന ഈ ക്രൂരത മനുഷ്യമനഃസാക്ഷിയെ ഒന്നടങ്കം പിടിച്ചുകുലുക്കിയിരിക്കുകയാണ്. കൊച്ചുകുട്ടികളെ കൊണ്ടുപോലും ഹീനവും അതിക്രൂരവുമായ കൃത്യങ്ങൾ ചെയ്യിപ്പിച്ച് അത് മാധ്യമങ്ങളിലൂടെ പുറംലോകത്തെ അറിയിച്ച് ഭയപ്പെടുത്തി സാമ്രാജ്യങ്ങൾ വെട്ടിപ്പിടിക്കുവാൻ ഒരുങ്ങുന്ന ക്രൂരതയാണിത്. ഇതിനെതിരെ പ്രതികരിക്കുവാൻ സാംസ്കാരികനായകന്മാർ സന്നദ്ധരാകുന്നില്ല. എവിടെയോ നടക്കുന്ന ഒരുകാര്യം; നമുക്ക് നേരിട്ട് ഒരു ബന്ധവുമില്ലാത്ത കാര്യം എന്നു വിചാരിച്ച് സുരക്ഷിതത്വത്തിന്റെ മാളത്തിൽ ഒളിക്കാൻ ശ്രമിക്കുന്നവർ മനസ്സിലാക്കണം തിന്മയെ എതിർക്കാതിരിക്കുന്നത് തിന്മയെ വളർത്തുന്നതുതന്നെയാണ് നിരപരാധികളുടെയും നിഷ്കളങ്കരുടെയും രക്തം വീണ മണ്ണ് പ്രതികരിക്കും, സംശയം വേണ്ട.



*2015 മാർച്ച് 19-ാം തീയതി തിരുവല്ലാ അതിരൂപതാ സഹായ മെത്രാൻ അഭി. ഫിലിപ്പോസ് മാർ സ്തേഫാനോസ് പിതാവിൽ നിന്ന് വൈദികവസ്ത്രം സ്വീകരിച്ച് ബ്രദർ ബെൻ ജോസഫ് കാരമുള്ളിൽ, ബ്രദർ വർഗീസ് കണ്ടത്തിൽ, ബ്രദർ ജോസഫ് കളപ്പുരയ്ക്കൽ, ബ്രദർ ഫിലിപ്പ് മങ്ങാട്ടേത്ത് എന്നവർക്ക് ആശംസകൾ നേരുന്നു.*

നമ്മുടെ ഈ നാട്ടിലും ഈ ക്രൂരതകൾ ആവർത്തിക്കപ്പെടുന്നു. പാവപ്പെട്ടവർക്കുവേണ്ടിയും അവരുടെ സമുദ്ധാരണത്തിനുവേണ്ടിയും മനുഷ്യമഹത്വം ഉദ്ഘോഷിക്കുന്നതിനും അത് ഉയർത്തിപ്പിടിക്കുന്നതിനും ഇറങ്ങിത്തിരിച്ച സന്യാസിനികൾ ആക്രമിക്കപ്പെടുന്നു! കുറ്റവാളികളെ പിടികൂടാൻ കഴിയാതെ വരുന്നു! എന്തുചെയ്താലും തങ്ങൾ സംരക്ഷിക്കപ്പെടും എന്ന ചിന്ത കുറ്റവാളികൾക്കുണ്ടായാൽ അത് സമൂഹജീവിതത്തിനുതന്നെ കോടാലിയായിരിക്കും. ക്രൈസ്തവ മതം ഈ ഭാരതത്തിൽ എന്നും അതിന്റെ ഉത്തരവാദിത്വം ഗൗരവപൂർവ്വമായിട്ടേ ചെയ്തിട്ടുള്ളൂ. തങ്ങൾക്കുള്ള സർവ്വതും, തങ്ങൾക്കു ലഭിച്ചിട്ടുള്ള സൗകര്യങ്ങളും സമ്പത്തും ഒക്കെ രാഷ്ട്രനിർമ്മിതിക്കു

വേണ്ടി അവർ ചെലവഴിക്കുന്നു. വിദ്യാഭ്യാസപരമായും ആതുരസേവനപരമായും സാമൂഹികവികസനംവഴിയായും ഒക്കെ ഈ ജനത രാഷ്ട്രത്തെയല്ലേ സേവിച്ചിട്ടുള്ളത്? സ്വീകരിച്ചിട്ടുള്ളതിനേക്കാൾ കൊടുക്കാൻ എന്നും ശ്രദ്ധിച്ചിട്ടുള്ള ഒരു സമൂഹമാണ് ഭാരത ക്രൈസ്തവർ. മതത്തിന്റെ പേരിലുള്ള ചേരിതിരിവുകളും ആക്രമണങ്ങളും അവസാനിപ്പിക്കണം. ഭാരതം ലോകത്തിനു മാതൃകയാകണം. തിന്മ ആരുചെയ്താലും തിന്മയാണ്. സഹോദരന്റെ രക്തം പ്രതികാരത്തിനു വേണ്ടി നിലവിളിക്കുന്നു എന്ന് ഓർക്കാം. രബീന്ദ്രനാഥ ടാഗോർ പറഞ്ഞതുപോലെ പ്രതികരിക്കുവാൻ ശേഷിയില്ലാത്തവനെ ആക്രമിച്ചു കീഴ്പ്പെടുത്തുവാൻ മിടുക്കു കാണിക്കുന്നവർ ഓർക്കണം, സ്വന്തം കാൽച്ചുവട്ടിലെ മണ്ണുതന്നെയാണ് അവർ നീക്കംചെയ്യുന്നത്.

"അടുത്തുനിൽപ്പോരനുജനെ നോക്കാൻ അക്ഷികളില്ലാത്തോർ-ക്കരൂപനീശ്വരനദൃശനെങ്കിൽ അതിലെന്താശ്ചര്യം" -മഹാകവി ഉള്ളൂർ ഉദീരണം ചെയ്യുന്നു. വെറുപ്പിന്റെയും അധീശത്വത്തിന്റെയും രാഷ്ട്രീയം അല്പായുസ്സാണ്. കുറെപ്പേരെ ഏറെക്കാലം സങ്കടത്തിലാക്കുവാനും തങ്ങളുടെ താത്പര്യങ്ങൾ സംരക്ഷിച്ചു എന്ന് അല്പകാലം കരുതുവാനും കഴിഞ്ഞേക്കാം. പക്ഷെ ആത്യന്തികമായി എന്തു നേടുന്നു? ദൈവത്തിന്റെ പേരിൽ നടക്കുന്ന ഈ കാപട്യങ്ങൾ ഈശ്വരനിന്ദതന്നെയാണ്. എല്ലാവരെയും ദൈവമക്കൾ എന്ന നിലയിൽ കാണുവാനും സഹവർത്തിക്കുവാനും കഴിയണം. "ലോകാഃസമസ്താഃസുഖിനോഃ ഭവന്തു" അതേ, സർവ്വർക്കും സുഖം വരട്ടെ. അപ്പോൾ മാത്രമേ സുഖം നിലനിൽക്കുകയുള്ളൂ. പ്രാർത്ഥനകൊണ്ടും സത്പ്രവൃത്തികൊണ്ടും യഥാർത്ഥ ഈശ്വര വിശ്വാസികളാകുവാൻ നമുക്ക് പരിശ്രമിക്കാം. ഈസ്റ്റർ മംഗളങ്ങൾ നേരുന്നു.

# അവൻ എവിടെയാണെന്നറിയുമോ....? !




കസേരകളെല്ലാം
ഒഴിഞ്ഞുതന്നെ,
പരിശുദ്ധമായ ഇടത്തെ
വിശുദ്ധമായ മരണ നിശ്ശബ്ദത.
ഏറെ നേരം കാത്തിരുന്നു
സഹിക്കെട്ടപ്പോൾ
വിശുദ്ധമായ നിശ്ശബ്ദതയുടെ
വെളുത്ത പ്രതലത്തെ
കീറിമുറിച്ചെന്റെ മുരടനക്കൽ,
അതാവർത്തിക്കപ്പെട്ടപ്പോൾ
മപ്പുകടിച്ചും
പല്ലു കടിച്ചും മറ നീക്കി
വെളുത്ത താടിയുള്ള
വലിയ ചിറകുള്ള മാലാഖ.
"കുറച്ച് ദിവസങ്ങളായി
ഇവിടെ വരാറില്ല
ആരെയോ തിരഞ്ഞ് പോയതാണ്,
കൂട്ടികൊണ്ടേ വരൂന്ന് പറഞ്ഞിരുന്നു."
അതെന്തൊരു പോക്കാണെന്റെ
ദൈവമേ നീയിതെവിടെ പോയിക്കിടക്കുവ,
എന്ന നിശ്വാസം വിശുദ്ധമായ
നിശ്ശബ്ദതയിൽ
കണ്ണിൽ നിന്ന് അടർന്ന്
വീണതിനൊപ്പം ലയിച്ച് ചേർന്ന്
തിരിച്ചെടുക്കാനാവാതെ നടന്നു.
ചങ്കിനും കരളിനുമിടയിൽ
കട്ട ചുവപ്പിനുമിടയിലിരുന്ന്
മുട്ടിവിളിക്കുന്ന ഒരുവനെ
കേൾക്കാനാവാതെ
പിന്നെയും പിന്നെയും നടപ്പ് തുടരുന്നു.......



ക്കണം എന്നത് അവർക്ക് വലിയ നിർബന്ധമായിരുന്നു. ഇടദിവസങ്ങളിലും വിശുദ്ധ കുർബാന മധ്യേ സുവിശേഷ വായനയ്ക്കു ശേഷം വൈദികരിൽ നിന്ന് വചനവ്യാഖ്യാനവും വിചിന്തനവും കേൾക്കാൻ താല്പര്യപൂർവം കാത്തിരിക്കുമായിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിക്കുമായിരുന്നു. വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നവരെല്ലാവരും വിശുദ്ധ കുർബാന സ്വീകരിക്കാത്തതിനെക്കുറിച്ച് വേദനയോടെ പറയുമായിരുന്നു. വിശുദ്ധ കുർബാനയുടെ മഹത്വത്തെക്കുറിച്ച് പള്ളിയിൽ പ്രസംഗ മധ്യേ പറഞ്ഞു കൊടുക്കണമെന്ന് ബഹു. വൈദികരോട് സ്നേഹപൂർവം നിർബന്ധിക്കുമായിരുന്നു. കത്തോലിക്കാ സഭാ പ്രവേശന

# നമ്മോടൊപ്പം ജീവിച്ച വിശുദ്ധ

## (കഴിഞ്ഞ ലക്കം തുടർച്ച)



**ഫാ. ചെറിയാൻ താഴമൺ**

(സി.ഇ.ഒ. ദീപിക)

അന്നു തന്റെ ഏകമകന്റെ പ്രായം പതിനഞ്ച് വയസ്. മകനോട് വിവരങ്ങളെല്ലാം പറഞ്ഞു. 'കത്തോലിക്കാ സഭയിൽ ചേരാൻ ഞാനവനെ നിർബന്ധിച്ചില്ല'. മകന്റെ സ്വാതന്ത്ര്യത്തെ അങ്ങേയറ്റം ആദരിച്ചിരുന്നു ആ അമ്മ. 'നീ പഠിക്കുക, പ്രാർത്ഥിക്കുക. ബോധ്യം അനുസരിച്ചു മാത്രം പ്രവർത്തിക്കുക. ഞാൻ കത്തോലിക്കാ സഭയിൽ ചേരുന്നു'. **1942ൽ സാറാമ്മ സാർ കത്തോലിക്കാ സഭയിൽ ചേർന്നു. കത്തോലിക്കാ സഭയിൽ ചേർന്നതാണ് തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യം എന്ന് അവർ സാക്ഷ്യപ്പെടുത്തിയിരുന്നു.**

### വിശുദ്ധ കുർബാനയുടെ ഭക്ത

ചരിത്രപരമായും ദൈവശാസ്ത്രപരമായും പരിശുദ്ധ കത്തോലിക്കാ സഭയാണ് യേശു സ്ഥാപിച്ച അപ്പസ്തോല കൂട്ടായ്മയുടെ യഥാർഥ പിന്തുടർച്ച എന്നു തിരിച്ചറിഞ്ഞ സാറാമ്മ സാറിന്റെ ജീവിതത്തെ നിയന്ത്രിച്ചിരുന്ന പ്രധാന ഘടകം പരിശുദ്ധ കുർബാനയായിരുന്നു. വിശുദ്ധ കുർബാനയുടെ മുമ്പിൽ മണിക്കൂറുകൾ പ്രാർത്ഥനയിലായിരിക്കുക അവരുടെ വലിയ ആനന്ദമായിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിത്തിനുശേഷം കോളജിൽ പഠിപ്പിച്ചിരുന്ന കാലത്ത് അനുദിന വിശുദ്ധ കുർബാനയ്ക്ക് മുടക്കം വരുത്തിയിരുന്നില്ല. 1967ൽ ജോലിയിൽ നിന്ന് സ്വയം വിരമിച്ച് നാട്ടിലെത്തിയപ്പോഴും ഉണ്ടായിരുന്ന ആഗ്രഹം എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുവാൻ സൗകര്യം ലഭിക്കത്തക്ക വിധത്തിൽ പള്ളിയുടെ സമീപത്തെവിടെയെങ്കിലും വീടു പണിയണം. പള്ളിയുടെ അടുത്ത് സ്ഥലം വാങ്ങി വീടു പണിയാൻ സാധിക്കാതിരുന്നതിന്റെ വേദന പലപ്പോഴും എന്നോടു പങ്കുവച്ചിട്ടുണ്ട്.

വാർധക്യത്തിലായപ്പോൾ എന്നും വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിനും വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനും സാറാമ്മ സാർ കണ്ടെത്തിയ മാർഗമാണ് പള്ളിമല ശാലോം ഭവനിലേക്ക് താമസം മാറുക എന്നത്. ശാലോം ഭവൻ പണി തുടങ്ങുന്നതിനു മുമ്പുതന്നെ മുൻകൂറായി പണം നല്കി ഒരു മുറി അവിടെ ഉറപ്പാക്കിയിരുന്നു.

അങ്ങനെയാണ് സാറാമ്മ സാർ ശാലോം ഭവനിൽ 11ാം നമ്പർ മുറിയിൽ 2003 ഫെബ്രുവരി 24ാം തീയതി എത്തിയത്. **മരിക്കുന്ന അന്നും രാവിലെ വിശുദ്ധ കുർബാന സ്വീകരിക്കുവാനുള്ള ഭാഗ്യം അതുവഴി കൈവന്നു.**

സാറാമ്മ സാർ വാർധക്യംകൊണ്ട് വളരെ അവശയായപ്പോൾ ഏകമകൻ ആഗ്രഹിച്ചു അമ്മയെ സ്വന്തം ഭവനത്തിലേക്കു കൊണ്ടുപോയി ശുശ്രൂഷിക്കുവാൻ. എന്നാൽ ആ അമ്മയുടെ ചിന്ത; **'വീട്ടിലേക്കു പോയാൽ എങ്ങനെ എല്ലാ ദിവസവും തനിക്ക് വിശുദ്ധ കുർബാന സ്വീകരിക്കുവാൻ സാധിക്കും. പരിശുദ്ധ കത്തോലിക്കാ സഭയുടെ വിശ്വാസ പ്രകാരമുള്ള പ്രാർത്ഥനകളിൽ ഞാൻ എങ്ങനെ സംബന്ധിക്കും'.** (മകൻ മാർത്തോമ്മാ സഭയിൽ അംഗമാണ്). അതുകൊണ്ട് പള്ളിമല ശാലോം ഭവനിൽ താമസം തുടർന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാന സ്വീകരിച്ചു, പ്രാർത്ഥനയിൽ സംബന്ധിച്ചു. ചാപ്പലിലേക്കു നടന്നു പോകാൻ സാധിക്കാതായപ്പോൾ വൈദികർ വിശുദ്ധ കുർബാന മുറിയിൽ എത്തിച്ചു നൽകി. ബഹു. വൈദികരും സിസ്റ്റർമാരും മുറിയിലെത്തി യാമപ്രാർത്ഥനകൾ നടത്തി. മരണസമയത്തും ബഹു. വൈദികരും സിസ്റ്റേഴ്സും കിടക്കയ്ക്കു ചുറ്റും പ്രാർത്ഥനാനിർഭരരായിരുന്നു. എന്തൊരു ഭാഗ്യകരമായ ജീവിതം, എത്രയോ ഭാഗ്യകരമായ മരണം.

വിശുദ്ധ കുർബാന പരികർമ്മ ചെയ്യുന്ന ബഹു. വൈദികരോടുള്ള അവരുടെ ബഹുമാനം എടുത്തു പറയേണ്ടതായിരുന്നു. വ്യക്തികളെ എന്നതിലധികം പൗരോഹിത്യമെന്ന പദവിയെയാണവർ ആദരിച്ചിരുന്നത്. അതുകൊണ്ടുതന്നെ അവരെ അറിയുന്ന വൈദികരുടെയെല്ലാം പ്രാർത്ഥന അവർക്കു ലഭിച്ചിരുന്നു.

## സഭയോടൊത്തുള്ള ജീവിതം

1942ൽ പരുശുദ്ധ കത്തോലിക്കാ സഭയിൽ അംഗമായത് ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായിട്ടാണ് സാറാമ്മസാർ കരുതിയിരുന്നത് എന്നു മുമ്പു സൂചിപ്പിച്ചിരുന്നുവല്ലോ. കത്തോലിക്കാ സഭാ പ്രവേശം ജീവിതത്തിൽ വലിയ വ്യതിയാനങ്ങൾ വരുത്തി. അതുവരെ അകത്തോലിക്കാ കോളജിലാണ് പഠിപ്പിച്ചിരുന്നത്. പുനരൈക്യത്തിനുശേഷം ഫാ. മർഫിയുടെ സഹായത്തോടെ ബോംബെ സോഫിയാ കോളജിൽ അധ്യാപികയായി. ബഹു. സിസ്റ്റേഴ്സിനോടൊപ്പമുള്ള പ്രവർത്തനം ഏറെ ആനന്ദകരവും സംതൃപ്തിദായകവുമായിരുന്നു. എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സംബന്ധിച്ച് വിശുദ്ധ കുർബാന സ്വീകരിക്കാൻ സാധിച്ചിരുന്നതും ദിവസവും പലപ്രാവിശ്യം വിശുദ്ധ കുർബാനയുടെ വിസീത്ത നടത്താൻ സാധിച്ചിരുന്നതും വലിയ അനുഗ്രഹമായി അവർ എടുത്തുപറയുമായിരുന്നു. **സഭയോട് ഉൾച്ചേർന്ന് വിദ്യാഭ്യാസ ശുശ്രൂഷാ മേഖലകളിൽ നൽകിയ സംഭാവനകളെ പുരസ്കരിച്ചാണ് പരിശുദ്ധ ജോൺ 23ാമൻ മാർപാപ്പാ സാറാമ്മ സാറിന് 'സഭയ്ക്കും മാർപാപ്പായ്ക്കും വേണ്ടി' എന്ന കീർത്തിമുദ്ര സമ്മാനിച്ചത്.** (സഹോദരന്മാർ മൂന്നു പേർക്ക് രാഷ്ട്രം പത്മ അവാർഡുകൾ നൽകി ആദരിച്ചു, സഹോദരിക്ക് സാർവത്രിക സഭ കീർത്തി മുദ്ര നൽകി ആദരിച്ചു. എന്തൊരു അനുഗ്രഹീത കുടുംബം.) ഭാരതത്തിലെ പ്രഥമ കർദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനിയുടെ പ്രോത്സാഹനത്തിൽ ബോംബെയിൽ സഭയുമായി ബന്ധപ്പെട്ട് വലിയ ശുശ്രൂഷകൾ ചെയ്യാൻ സാധിച്ചിരുന്നു. അദ്ദേഹത്തോടു ചേർന്ന് ബോംബെ ദിവ്യകാരുണ്യ കോൺഗ്രസിന്റെ ക്രമീകരണങ്ങളിൽ സഹകാരിയായിരുന്നു. ജോലിയിൽ നിന്ന് വിരമിച്ച് കുമ്പനാട്ട് വന്നു താമസമാക്കി കഴിഞ്ഞിട്ടും എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ സജീവമായി സംബന്ധിക്കുന്നതിലും ഇടവകയോടും രൂപതയോടും ചേർന്ന് വിവിധ ആധ്യാത്മിക സാമൂഹിക സേവന മേഖലകളിൽ പ്രവർത്തിക്കുന്നതിലും ഉത്സുകയായിരുന്നു. പാവപ്പെട്ട കുട്ടികൾക്ക് സൗജന്യ ട്യൂഷൻ, മുതിർന്ന ക്ലാസുകളിൽ സൺഡേ സ്കൂൾ പഠിപ്പിക്കുക, സ്ത്രീകൾക്ക് പ്രത്യേക ക്ലാസുകൾ മുതലായവ മുടക്കം കൂടാതെ നടത്തുന്നതിലും സമീപ ഇടവകകളിൽ പ്രഭാഷണങ്ങൾ നടത്തി സഹായിക്കുന്നതിലും താല്പര്യം കാണിച്ചിരുന്നു.

തിരുവല്ലാരൂപത അജപാലന സമിതിയിൽ രണ്ടു പ്രാവിശ്യം അംഗമായിരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസിനു ശേഷം 1968ൽ തിരുമൂലപുരത്തു വച്ചു നടന്ന രൂപതാ സെമിനാർ, 1968ൽ ആലുവാ സെമിനാരിയിൽ നടന്ന റീജിയണൽ സെമിനാർ, 1969 ൽ സെന്റ് ജോൺസ് മെഡിക്കൽ കോളജിൽ നടന്ന ദേശീയ വിദ്യാഭ്യാസ സെമിനാർ, 1969ൽ ബാംഗ്ളൂരിൽ ധർമ്മാരാം കോളജിൽ വച്ചു നടന്ന ദേശീയ സെമിനാർ എന്നിവയിലെല്ലാം രൂപതയുടെ പ്രതിനിധിയായി പങ്കെടുത്തു. 1950ൽ വിശുദ്ധ വത്സരം പ്രമാണിച്ച് റോമിൽ പന്ത്രണ്ടാം പീയൂസ് മാർപാപ്പയെ സന്ദർശിച്ചു. 1971ൽ വിശുദ്ധ നാടുകൾ സന്ദർശിച്ചു. വാർധക്യത്തിലും വിശുദ്ധ കുർബാന മുടങ്ങാതിരിക്കാൻ താമസം സ്വന്തം ഭവനത്തിൽ നിന്നു പള്ളിമല ശാലോം ഭവനിലേക്കു മാറി. മരണസമയത്തും അതിനുശേഷവും പരിശുദ്ധ കത്തോലിക്കാ സഭയുടെ ആശീർവാദവും പ്രാർത്ഥനകളും ലഭിക്കണമെന്ന ആഗ്രഹം കൊണ്ട് മരണത്തോടടുത്ത ദിവസങ്ങളിലും മകനും ബന്ധുക്കളും ആവശ്യപ്പെട്ടിട്ടും ഭവനത്തിലേക്കു പോകാതെ ശാലോം ഭവനിൽ തന്നെ താമസം തുടർന്നു. മരണശേഷവും പരിശുദ്ധ സഭയുടെ പ്രാർത്ഥനയുടെ നൽവരങ്ങൾ അനുഭവിക്കണമെന്ന ആഗ്രഹംകൊണ്ട് പള്ളിമല ശാലോം ഭവനിലെ കല്ലറയിൽ തന്നെ അടക്കപ്പെടണമെന്ന് ആഗ്രഹിച്ച സ്ത്രീരത്നം. സഭയുടെ വളർച്ച അവരുടെ വലിയ സ്വപ്നമായിരുന്നു. വിശ്വാസികളുടെ എണ്ണത്തിലുള്ള വളർച്ചയെക്കാൾ സഭാമക്കളുടെ വിശുദ്ധിയിലും നന്മയിലുമുള്ള വളർച്ചയായിരുന്നു അവരുടെ ആഗ്രഹം. തന്റെ പ്രവർത്തനത്തിലും പ്രാർത്ഥനയിലും അതാണവർ ലക്ഷ്യം വച്ചിരുന്നത്.

## സ്ത്രീസ്വാതന്ത്ര്യത്തിന്റെ വക്താവ്

വനിതാസംവരണം സംബന്ധിച്ച ബില്ല് പാർലമെന്റിൽ അവതരിപ്പിക്കുന്നതു സംബന്ധിച്ച കോലാഹലങ്ങൾ ഡൽഹിയിൽ നടന്നുകൊണ്ടിരിക്കെ 2010 മാർച്ച് 20നാണ് ലേഖനത്തിന്റെ ഈ ഭാഗം ഞാനെഴുതിയത്. സ്ത്രീകളുടെ സമത്വത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും വ്യക്തമായ നിലപാടുകൾ സാറാമ്മ സാറിനുണ്ടായിരുന്നു. **1947 ഓഗസ്റ്റ് 15ന് രാത്രി ഭാരതത്തിനു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പതിനായിരക്കണക്കിനു വനിതകളുടെ റാലി ബോംബെയിൽ നയിച്ച സാറാമ്മ സാർ എന്നും സ്ത്രീകൾക്കുവേണ്ടി വാദിച്ചിരുന്നു.** ഇടവകയിലും രൂപതയിലും ശുശ്രൂഷകളിൽ സ്ത്രീകളുടെ പങ്കിനെക്കുറിച്ച് സാറാമ്മ സാർ എന്നും ഉറക്കെ സംസാരിച്ചിരുന്നു. **സ്ത്രീപുരുഷ തുല്യത വ്യക്തമാക്കുവാൻ ഇടവകയിൽ ചില ക്രമീകരണങ്ങൾ സാറാമ്മ സാർ നിർദേശിച്ചിരുന്നു. വിശുദ്ധ കുർബാന സ്വീകരിക്കാനും കൈമുത്താനും വരുമ്പോൾ പുരുഷന്മാർക്കു പിന്നാലെ സ്ത്രീകൾ വരുന്ന ശൈലി മാറ്റി സ്ത്രീകളും പുരുഷന്മാരും ഒന്നിടവിട്ടു വരിക.** രൂപതയിൽ 'മാതൃസമാജം' സംഘടന രൂപപ്പെടുത്തുന്നിന് നേതൃത്വം നൽകിയിരുന്നു. കുമ്പനാട് ഇടവകയിലെ സ്ത്രീസമാജത്തിന്റെ പ്രവർത്തനങ്ങൾ രൂപതയിലാകമാനം മാതൃകയായി ഉയർത്തിക്കാട്ടിയിരുന്നു. റാന്നി കാത്തലിക്ക് കൺവൻഷനിൽ വനിതാ സമ്മേളനങ്ങളിൽ പല വർഷങ്ങളിലും പ്രസംഗകയായി എത്തിയിരുന്നു.

## നന്മ നന്മയെ ആകർഷിക്കുന്നു

നന്മയാൽ പൂരിത ഹൃദയമായിരുന്നു സാറാമ്മ സാറിന്റേത്. അതുകൊണ്ടുതന്നെ മറ്റുള്ളവരിലെ നന്മയെ കാണുവാൻ എപ്പോഴും അവർക്കു സാധിച്ചിരുന്നു. മറ്റുള്ളവരിലെ നന്മയെ പരിപോഷിപ്പിക്കാൻ അവർ ഒരിക്കലും അമാന്തിച്ചിട്ടില്ല. ഇടവകയിൽ നന്മ ചെയ്യുന്നതിൽ താല്പര്യമുള്ളവരെ പ്രത്യേക വാത്സല്യത്തോടെ അവർ പ്രോത്സാഹിപ്പിക്കുമായിരുന്നു. സഭയെക്കുറിച്ചും വൈദികരെക്കുറിച്ചും സന്യസ്തരെക്കുറിച്ചും അധികാരികളെക്കുറിച്ചും എന്നു മാത്രമല്ല സകലരെക്കുറിച്ചും നന്മമാത്രം പറയുന്ന പ്രകൃതമായിരുന്നു അവരുടേത്. അതുകൊണ്ടുതന്നെ അവരുടെ ജീവിതം എന്നും സംതൃപ്തമായിരുന്നു. യാതൊന്നിനെക്കുറിച്ചും ഒരിക്കലും പരാതിപ്പെട്ടതായി ആരും കേട്ടിട്ടില്ല.

## ലാളിത്യം വരിച്ച മനുഷ്യസ്നേഹി

പരമ്പരാഗതമായി സമ്പന്ന കുടുംബാംഗമായിരുന്നു. സാമ്പത്തികമായി നല്ല സ്ഥിതിയിലായിരുന്നെങ്കിലും വ്യക്തി ജീവിതത്തിൽ ലാളിത്യം പുലർത്തിയിരുന്നു. വസ്ത്രധാരണത്തിൽ ഖാദിയോടുണ്ടായിരുന്ന താല്പര്യം പ്രസിദ്ധമാണ്. തന്റെ സമ്പത്തുകൊണ്ട് സാധ്യമായ സഹായങ്ങൾ ദരിദ്രർക്കു നൽകിയിരുന്നു. ഇടവകയിലെ സാധുസഹായ സംരംഭങ്ങളിലെല്ലാം ഉദാരമായി സഹകരിച്ചിരുന്നു. പാവപ്പെട്ടവന്റെ വേദന എന്നും സാറാമ്മ സാറിന്റെയും വേദനയായിരുന്നു. ആ വേദന അകറ്റുവാൻ തന്നാൽ കഴിയുന്നതു ചെയ്യുക ആ മഹതിയുടെ ജീവിത വ്രതവുമായിരുന്നു.

## ഉപസംഹാരം

സാറാമ്മ സാറിന്റെ മൃതസംസ്കാര ശുശ്രൂഷയോടനുബന്ധിച്ച് മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലിത്താ അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി നടത്തിയ അനുസ്മരണാ പ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കാം. തിരുമേനി പറഞ്ഞു; "There are too many people in this world who only take from it but here was a person who gave generously and left the world a better place when she left it. He continued: "She chose her faith and gave her son the freedom to choose his. She chose to remain a widow out of her dedication to her son and passion of knowledge. She was a fountain of faith, wisdom, love and service. Instead of praying for her, may we should ask her to pray for us". മരിച്ചവർക്കു വേണ്ടി പ്രാർത്ഥിക്കുന്നതും വിശുദ്ധരുടെ മാധ്യസ്ഥം യാചിക്കുന്നതും ഔദ്യോഗികമായി നിഷിദ്ധമായതാണ് 1962ൽ മാർത്തോമ്മാ സഭയിൽ നിന്ന് കത്തോലിക്കാ സഭയിലേക്കു പുനരൈക്യപ്പെടുവാൻ സാറാമ്മ സാറിനെ പ്രേരിപ്പിച്ച ഒരു പ്രധാന ഘടകം. ആ മഹതിയുടെ അനുസ്മരണ പ്രസംഗത്തിൽ മാർത്തോമ്മാ സഭയുടെ പരമാധ്യക്ഷൻ പറയുകയാണ്. **'.... അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിലധികമായി അവരുടെ പ്രാർത്ഥനാ സഹായം നമുക്ക് യാചിക്കാം' എന്ന്. ഒറ്റ വാചകത്തിൽ മെത്രാപ്പോലീത്താ തിരുമേനി മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയെയും വിശുദ്ധരുമായുള്ള സംസർഗത്തെയും അവരുടെ മധ്യസ്ഥതയെയും ഉറക്കെ പ്രഖ്യാപിക്കുന്നു.** ദൈവത്തിന്റെ ആത്മാവ് അതിന് ഇഷ്ടമുള്ളിടത്തേക്കു വീശുന്നു.

●

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

താമസിച്ചതിന് ക്ഷമാപണം

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**ലിസി മാത്യു**
**മുംബൈ**



# സ്വഭാവ രൂപീകരണം

**അദ്ധ്യാപകരിൽ നിന്നും ചെറുപ്പത്തിലെ നല്ല രീതിയിലുള്ള പരിശീലനം ലഭിച്ചവരുടെ വ്യക്തിത്വം എന്നും ഉയർന്ന നിലവാരം പുലർത്തും. ഇതിന്റെ അടിത്തറ ഒരു കുട്ടിയിൽ രൂപപ്പെടുന്നത് ഏഴ്,എട്ട് വയസ്സിനുള്ളിലാണെന്നുള്ളത് മാതാപിതാക്കൾ ഓർത്തിരിക്കുക.**



**ബിനു കണ്ണന്താനം**
പേഴ്സണാലിറ്റി ഡെവലപ്മെന്റ് ട്രെയ്നർ

വ്യക്തിത്വത്തിന്റെ പ്രധാനഘടകമാണ് അച്ചടക്കം. ഇതില്ലാതെ ആർക്കും നല്ലയൊരു വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കാൻ സാധിക്കില്ല. ഒരു കുട്ടി മാതാപിതാക്കളിൽ നിന്നാണ് അച്ചടക്കം പഠിച്ചുതുടങ്ങുന്നത്. അദ്ധ്യാപകരിൽ നിന്നും മാതാപിതാക്കളിൽ നിന്നും ഒരു കുട്ടിക്ക് ചെറുപ്പത്തിൽ കിട്ടുന്ന ശിക്ഷണമാണ് അവന്റെ വ്യക്തിത്വത്തിന്റെ അടിത്തറ പണിയുന്നത്. മാതാപിതാക്കളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ചെറുപ്പത്തിലെ നല്ല രീതിയിലുള്ള പരിശീലനം ലഭിച്ചവരുടെ വ്യക്തിത്വം എന്നും ഉയർന്ന നിലവാരം പുലർത്തും. ഇതിന്റെ അടിത്തറ ഒരു കുട്ടിയിൽ രൂപപ്പെടുന്നത് ഏഴ്,എട്ട് വയസ്സിനുള്ളിലാണെന്നുള്ളത് മാതാപിതാക്കൾ ഓർത്തിരിക്കുക. ഈ പ്രായത്തിനുള്ളിൽ അവനിലേയ്ക്ക് എന്തു പകർന്നു കൊടുക്കുന്നുവോ അതാണ് അവൻ അല്ലെങ്കിൽ അവൾ അവരിലേയ്ക്ക് നന്മയാണ് പകർന്നുകൊടുക്കുന്നതെങ്കിൽ അവർ നന്മയുള്ള വ്യക്തികളാകും. കുറ്റപ്പെടുത്തലും അവഹേളനവുമാണ് പകർന്നു നല്കുന്നതെങ്കിൽ അവർ തിന്മയുടെ വക്താക്കളാകും. കുറ്റവാസനയുള്ളവരായി രൂപപ്പെടും. "ടാങ്കിലുള്ളതേ ടാപ്പിൽ വരൂ"ടാങ്കിലേയ്ക്ക് മലിന ജലം അടിച്ചുകയറ്റിയിട്ട് ടാപ്പിൽ നിന്നും ശുദ്ധജലം വരണമെന്ന് പറഞ്ഞാൽ എങ്ങനെയിരിക്കും. ഒരു കുട്ടി തെറ്റായ വഴിയേ പോയാൽ എൺപതു ശതമാനവും ആ കുട്ടിയുടെ മാതാപിതാക്കളുടെ കുറ്റമായേ ഞാൻ കാണൂ. ഏതൊരു കുട്ടിയുടെയും ചെറുപ്പത്തിലെ റോൾ മോഡൽ അവരുടെ മാതാപിതാക്കളാണ്. ഇവരുടെ ഓരോ വാക്കും പ്രവൃത്തിയും നോട്ടവുമെല്ലാം കുട്ടിയുടെ ഉപബോധ മനസ്സിൽ വിവിധ തരത്തിലുള്ള സ്വഭാവ രൂപീകരണത്തിന്റെ അടിത്തറ പാകുകയാണ്. ഈ സ്വഭാവരൂപീകരണത്തിന് മാറ്റം വരുത്തുക എന്നത് അസാദ്ധ്യമാണ്. ക്രിമിനൽസുകളിൽ നടത്തിയ വിവിധ പഠനങ്ങൾ തെളിയിക്കുന്നത് ചെറുപ്പത്തിൽ ഇവർ മാതാപിതാക്കളിൽ നിന്നും ജീവിത ചുറ്റുപാടുകളിൽ നിന്നും അനുഭവിച്ച അവഹേളനവും പീഢനങ്ങളുമാണ് ഇവരെ തെറ്റുകളിലേയ്ക്ക് നയിച്ചത്.

നിന്നെക്കൊണ്ട് എന്തിന് കൊള്ളാം പൊട്ടൻ, മൊണ്ണ നീ ജനിച്ചതിൽ പിന്നെ ഈ വീടിന് ഒരു ഐശ്വര്യവുമില്ല. എന്നൊക്കെ കുട്ടികളോട് പറയുന്ന മാതാപിതാക്കൾ ഇതിലും ഭേദം ഒരു കത്തി ആ കുട്ടിയുടെ നെഞ്ചിൽ കുത്തിക്കയറ്റുന്നതായിരിക്കും.അതു പോലെ അടുത്ത വീട്ടിലെ കുട്ടികളോട് തന്റെ കുട്ടികളെ

താരതമ്യപ്പെടുത്തുന്ന മാതാപിതാക്കളും കുറവല്ല. നീ അപ്പുറത്തെ വീട്ടിലെ അവനെ അവളെ കണ്ടു പഠിക്ക്. പ്രിയ മാതാപിതാക്കളെ അപ്പുറത്തെ വീട്ടിലെ കുട്ടി നിങ്ങളുടെ കുട്ടിയെക്കാൾ കഴിവുള്ളവരായതിന് നിങ്ങളുടെ കുട്ടി എന്ത് പിഴച്ചു. അവരുടെ ഗതികേടിന് അവർ നിങ്ങൾക്ക് ജനിച്ചുപോയി അത്രമാത്രം. അപ്പുറത്തെ വീട്ടിലെ അപ്പനും അമ്മയും നിങ്ങളെക്കാൾ കഴിവുള്ളവരായതുകൊണ്ട് അവരുടെ കുട്ടികൾക്കും അതിനനുസൃമായി ഉള്ള കഴിവു കിട്ടുമെന്ന കാര്യം ഓർക്കുക. മാവു നട്ടിട്ട് തേങ്ങ പറിക്കാമെന്ന് മോഹിക്കരുത്. മാവിൽ നിന്ന് മാങ്ങായും തെങ്ങിൽ നിന്ന് തേങ്ങായുമേ ഉണ്ടാവൂ.

ഓരോ കുട്ടിയുടെയും ഉള്ളിന്റെ ഉള്ളിൽ ഒരു കുറ്റവാളിയും ഒരു സന്യാസിയും ഒളിഞ്ഞിരിപ്പുണ്ട്. തിന്മയാകുന്ന കുറ്റവാളിയെ അമർച്ച ചെയ്ത് നന്മയാകുന്ന സന്യാസിയെ വളർത്തിക്കൊണ്ടു വരുവാൻ മാതാപിതാക്കൾക്കും അധ്യാപകർക്കും സാധിക്കണം. പ്രപഞ്ച സത്യങ്ങളും നിത്യ സത്യങ്ങളും ദൈവിക സത്യങ്ങളും കഥയായും കാര്യമായും കുട്ടികളിലേയ്ക്ക് പകർന്നുകൊടുക്കുവാൻ സാധിക്കണം. പോലീസ് ഡിപ്പാർട്ട്മെന്റ് നടത്തിയ ഒരു പഠനത്തിൽ ഇരുപതു വയസ്സാകുമ്പോഴേക്കും ആൺകുട്ടികളിൽ എൺപത്തിരണ്ടു ശതമാനവും പെൺകുട്ടികളിൽ എഴുപത്തിയാറു ശതമാനവും മൂന്നു വർഷം ജയിൽ ശിക്ഷ കിട്ടാനുള്ള കുറ്റം ചെയ്തിട്ടുണ്ടെന്നാണ്.

ഒരു ഉല്പ്പന്നം നിർമ്മിച്ച് മാർക്കറ്റ് ചെയ്യുന്ന സ്ഥാപനത്തിന് അതിന്റെ ഗുണനിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വമുണ്ട്. അതു പോലെ തന്നെയാണ് വളർത്തി വലുതാക്കിയ കുട്ടികൾ തെറ്റായ വഴിയേ സഞ്ചരിച്ചാൽ ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്നോ പീലാത്തോസ് കൈ കഴുകിയ പോലെ കൈ കഴുകിയിട്ടോ കാര്യമില്ല.

"ചൊട്ടയിലെ ശീലം ചുടല വരെ"



# വിഷുക്കൈനീട്ടം



**മീരാകൃഷ്ണ**

മനസ്സിന്റെ ചില്ലയിൽ
ഇന്നുമാ വിഷുപ്പക്ഷി
വന്നിരുന്നറിയാതെ തേങ്ങി
ഹൃദയം തകർന്നു വിഷാദിച്ചു
ചോദിച്ചു ഏതു പ്രഭാതത്തെ
കാത്തിരിക്കുന്നു നീ?
എരിയുന്ന മേടച്ചൂടിലും ഞാൻ
കരയുന്നു കണ്ണീരുറവ വറ്റുന്നു
വിഷുപ്പത്തിന്റെ ചുംബനച്ചൂടിലെൻ
കണ്ണീർ ഞരമ്പു മുറിഞ്ഞുപെയ്യുന്നു
പിടയുമെൻ കനവുകളിലെന്തിനു നീയിന്നു
പാഴ്ശ്രുതി മൂളി പാടീ വിഷുപക്ഷി
കാൽമണിക്കിങ്ങിണി നാദം പൊഴിക്കുന്ന
കാർവർണ്ണനെന്നുമെൻ നെഞ്ചിൽ കളിക്കുമ്പോൾ
കാലമൊരുക്കുന്ന ആലിലതാലിയുമായ്
കണിക്കൊന്ന പൂക്കുന്നു തിരുമുടിയുലയുന്നു
കണിവെച്ചതെല്ലാം നിറംമങ്ങിമാഞ്ഞാലും
കാലം മറയ്ക്കാത്ത ചിത്രം കരുതുക
കനിവോടെ അതിലൊന്ന് അരുമക്കിടാങ്ങൾക്കു
കൈനീട്ടമായ് കരുതിവച്ചീടുക.

## അമ്മ മനസ്സ്



**സി. സോണിയ ഒ.എസ്.എസ്**
സെക്രട്ടറി, ഫാമിലി അപ്പസ്തോലേറ്റ്

# രക്ഷയുടെ കരങ്ങൾ



ജീവിതത്തിൽ എപ്പോഴും രക്ഷിക്കപ്പെടാനാണ് നാം ആഗ്രഹിക്കുന്നത്. പക്ഷേ, ചില ജീവിത സാഹചര്യങ്ങളും ചുറ്റുപാടുകളും നാം രക്ഷകരായി മാറേണ്ടതിന്റെ ആവശ്യകതയെപ്പറ്റി നമ്മെ പഠിപ്പിക്കുന്നു. മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷയ്ക്കായി ഒരുവൻ ഒരുതെറ്റും ചെയ്യാതെ പീഡനങ്ങൾ ഏറ്റുവാങ്ങി കുരിശിൽ തൂങ്ങി മരിച്ചു. തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം അത്രമാത്രം ലോകത്തെ സ്നേഹിച്ച പിതാവിന്റെ മക്കളാണ് നാമോരോരുത്തരും. എന്നാൽ ഈ പിതാവിന്റെ മക്കളായ നാം, രക്ഷകന്റെ സഹോദരരായ നാം മറ്റുള്ളവരുടെ രക്ഷയ്ക്കായി എത്രമാത്രം നമ്മുടെ സമയം വിനിയോഗിക്കുന്നുണ്ട്,? പ്രവർത്തിക്കുന്നുണ്ട്? എന്ന് ഈ ഉയർപ്പുതിരുനാളിന്റെ ദിവസങ്ങളിൽ ചിന്തിക്കുന്നത് യുക്തമായിരിക്കും.

സ്വയം ജീവൻ പണയം വച്ച് അപരനെ മരണത്തിൽ നിന്ന് രക്ഷിക്കുന്നവരും അനാഥരെപ്പോലെ രോഗികളെപ്പോലെ സ്വന്തമെന്നു കരുതി വളർത്തുന്ന അനേകരും, നമുക്ക് ജന്മമേകിയ പ്രിയപ്പെട്ട മാതാപിതാക്കളും, വേദനയിലും വീഴ്ചകളിലും പരാജയങ്ങളിലും സാന്ത്വനമായ് ആശ്വാസമായ് മുന്നോട്ട് നയിച്ചവരുമെല്ലാം ഇന്ന് രക്ഷകന്റെ റോളുകൾ നമ്മുടെ ജീവിതത്തിൽ ചെയ്യുന്നവരാണ്.


സ്വന്തം ഇഷ്ടങ്ങളും ആഗ്രഹങ്ങളും മാറ്റിവച്ച് സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും മനോഭാവമാണ് നമ്മെ രക്ഷകരാക്കി മാറ്റേണ്ടത്. ജീവിതത്തിൽ വേദനകളും പീഡനങ്ങളും നിറഞ്ഞപ്പോഴും എന്റെ ഹിതമല്ല അവിടുത്തെ ഹിതം നിറവേറട്ടെ എന്നു പറഞ്ഞ രക്ഷകന്റെ അനുയായികളാണ് നാം.

ഇന്ന് നമ്മുടെ ചുറ്റുപാടും നടക്കുന്ന ആത്മഹത്യകളും കൊലപാതകങ്ങളും പീഡനങ്ങളും മോഷണവുമെല്ലാം നമുക്ക് വെല്ലുവിളികൾ ഉയർത്തുമ്പോൾ നമ്മെ വേദനപ്പിക്കുമ്പോൾ നമ്മുടെ ഒരു നല്ലവാക്ക്, മറ്റുള്ളവരെ കേൾക്കുവാനുള്ള സൻമനസ്സ്, നന്മ പ്രവർത്തികൾ എല്ലാം ഈ പ്രശ്നങ്ങളെ ഒഴിവാക്കാനുള്ള രക്ഷകന്റെ അവതാരങ്ങളാക്കി നമ്മെ മാറ്റുന്നു. മറ്റുള്ളവരെ നാം കുറ്റപ്പെടുത്തുമ്പോൾ ഒറ്റപ്പെടുത്തുമ്പോൾ എന്തിന് ഒരു പുഞ്ചിരി പോലും നൽകാതിരിക്കുമ്പോൾ നാം അവരെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ മരണത്തിലേക്ക് തള്ളിവിടുകയാണല്ലോ.....

അതിനാൽ രക്ഷകരായി മാറാൻ നാം ഇനിയും താമസിക്കരുത്. കാരണം നമ്മുടെ രക്ഷകൻ ഉയർത്തെഴുന്നേറ്റിരിക്കുന്നു. അവനോടൊപ്പം നിത്യം വസിക്കാൻ നമുക്കും അവനെ അനുഗമിക്കാം. അങ്ങനെ മറ്റുള്ളവരുടെ രക്ഷകരായ് നമുക്കുമാറാം......

●

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**



# The Crucified Christ is the Savior of the World

"By your death you trampled on our death and destroyed it" (Malankara Qur'bono)



**Rev. Fr. Michael Edathil**
**USA**

## Children's video

When I was young, I would watch television in the morning and one channel would show animated scenes of Christ's ministry. I vividly remember one scene of Jesus after his glorious Resurrection. It showed our Lord in the Upper Room along with the apostle Thomas. I do not remember the exact conversation he was having with Thomas. What I remember was seeing the Resurrected Jesus' show his hands which still had the wounds in them. It was a powerful reminder that, Jesus, who died on the cross, was the same man who rose from the dead. Jesus who died that horrifying death on the cross miraculously rose on the third day.

## Villanova

Years later, while I attended Villanova University, I walked through St. Mary's dormitory. Whenever I entered the building from a particular entrance, I would see this unique crucifix with the crucified Christ vested with the robes of a king, wearing a crown and manifesting a majestic face. The statue of Jesus on this crucifix had the hands and feet pierced. Upon seeing this work of art, I came to a greater appreciation of the reality that the risen Christ was crucified for us on the cross.

## Mass

Last year, I celebrated a Funeral Mass according to the ordinary form of the Latin rite. The Mass was for a woman who was a very holy grandmother, mother, wife, and person. During my sermon, I mentioned the Christian life

she lived and her love for the Holy Sacrifice of the Mass. Later at the same Mass, during the words of institution and consecration, ("this is my body, this is my blood; do this in memory of me") bread and wine turned into the actual body and blood of the Lord. At that moment, the noon bells rang in the Church. These bells were controlled by an electronic system. I thought it was interesting how God in his loving providence allowed this to happen. The Church bells kept on ringing. As I was continuing to say the Eucharistic Prayer, at the exact moment that I started reading the names of the holy martyrs, a tune played. Every day, after the twelve tolls of the noon bells and the six tolls of the 6pm bells, the church bells, which are on the top of the church, ring a religious tune. Many tunes can be played. Amazingly, during the Funeral Mass, the tune was the famous hymn "For all the Saints". These unforeseen circumstances reminded us of the Catholic witness of this deceased woman. God was also directing us to have a great love for Jesus' sacrifice, and showing us that our destiny is heaven.

## The Truth

Jesus said, "Greater love hath no man than this, that a man lay down his life for his friends" (RSV John 15:13)[1]. Jesus called us his friends (cf. John 15:15); he died on the cross for us. On the third day, he rose again, so he was victorious over Satan. He loved us with an infinite love (Jeremiah 31:3), and experienced that cruel death on the cross for our sake to give us the real possibility of going to Heaven. The man who died on the cross was God and man; he rose on the third day and shares his life with us at every Holy Qur'bono. What a gift! Mother Teresa, once wrote,

"HE GAVE UP HIS BODY ON THE CROSS FOR LOVE OF US THAT HE MAY GIVE HIS BODY FOR US IN THE HOLY EUCHARIST TO BE ONE WITH US FOREVER IN EVERLASTING GLORY".[2]

She also said, "When you look at the crucifix, you understand how much Jesus loved you. When you look at the Sacred Host you understand how much Jesus loves you now". Letter from Mother Teresa titled "A Message from Mother Teresa of Calcutta " as found in *Rosary Meditations from Mother Teresa of Calcutta, Loving Jesus with the Heart of Mary, Eucharistic Meditations on the Fifteen Mysteries of the Rosary* , by V. Lucia, Capitals in Original italics in original Truly, when we consume the Sacred Host we consume the same Christ that died for us, and the same one who rose for us. Jesus is our crucified and resurrected friend, savior and God.

**(Endnotes)**

1 *The Holy Bible, Revised Standard Version, Catholic Edition*. San Francisco: Ignatius, 2006. Print.

2 *Rosary Meditations from Mother Teresa of Calcutta, Loving Jesus with the Heart of Mary, Eucharistic Meditations on the Fifteen Mysteries of the Rosary*, by V. Lucia, capitals in original

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മോളി സ്കറിയ**
**മുംബൈ**

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മേരിക്കുട്ടി മാത്യു,**
**മുംബൈ**






സി. റോസ് തെരേസ്
എസ്.ഐ.സി.
യൂത്ത് കോ – ഓർഡിനേറ്റർ

# കുരിശ് നൽകുന്ന ആശ്വാസവും ഉയിർപ്പിന്റെ പ്രത്യാശയും

പശ്ചാത്താപത്തിന്റെയും മാനസാന്തരത്തിന്റെയും കാലഘട്ടം. പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി പുതിയ മനുഷ്യനാകുവാനുള്ള അവസരം. രക്ഷാകര സംഭവങ്ങൾ ധ്യാനിച്ച് രക്ഷയുടെ വഴിയെ നടന്ന് രക്ഷ സ്വന്തമാക്കുവാനുള്ള കാലം. പരിത്യാഗത്തിന്റെയും പ്രാർത്ഥനയുടേതുമായ നോമ്പുകാലത്തിലൂടെ നാം കടന്നുപോയി. പുണ്യം പൂത്തുനിൽക്കുന്ന വിശുദ്ധ വാരത്തിലെ ഉയിർപ്പിന്റെ സന്തോഷത്തിലാണ് നാമേവരും.

ഉത്ഥാനത്തിന്റെ സന്തോഷം നമുക്ക് അനുഭവവേദ്യമാക്കിത്തന്ന കുരിശിനെ നാം വിസ്മരിക്കരുത്. സഹനങ്ങളിലൂടെ കടന്നുപോകുന്നവരെ ആശ്വസിപ്പിക്കുവാൻ നമുക്ക് മുമ്പിൽ ഒരു പരിഹാരം മാത്രമേയുള്ളൂ. അത് ക്രിസ്തുവിന്റെ കുരിശാണ്. എല്ലാ ദുഃഖങ്ങൾക്കും ഉയിർപ്പിന്റെ മൂന്നാം ദിവസം ഉണ്ടെന്ന ക്രിസ്തുവിന്റെ കുരിശ് നൽകുന്ന ഉറപ്പാണത്. പ്രിയ യുവജനങ്ങളെ, ജീവിതം സന്തോഷങ്ങളുടെയും ദുരിതങ്ങളുടെയും കൊടുങ്കാറ്റുകളുടെയും മിശ്രിതമാണ്. അവയെ ധൈര്യപൂർവ്വം അഭിമുഖീകരിക്കാൻ കൊടുങ്കാറ്റുകളുടെ ഭാഗമായി തീരേണ്ടി വന്നേക്കാം. കഷ്ടതയുടെ കൊടുങ്കാറ്റുകൾ ലക്ഷ്യമില്ലാതെ വീശുന്ന നശീകരണ ശക്തികളല്ല. അതുല്യമായ ആത്മീയ അനുഭവങ്ങളുടെ കലവറ സൃഷ്ടിക്കുന്നവയാണ്. കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുമെന്ന് നാം അറിഞ്ഞിരിക്കണം. മഹത്തായ ചില അനുഭവങ്ങളെ സ്വന്തമാക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ നിങ്ങളുടെ ഉള്ളിലുള്ള ദൈവകൃപയുടെ ശക്തിവെളിപ്പെടുത്തുവാൻ നിങ്ങൾ അനുവദിക്കുമെങ്കിൽ, ജീവിതത്തിലെ കഷ്ടതകൾക്കു മുമ്പിൽ ധൈര്യപൂർവ്വം നിലയുറപ്പിക്കുക. നിങ്ങളുടെ ജീവിതം ദൈവകൃപയുടെ അതുല്യമായ കലാശില്പമാകട്ടെ. കഷ്ടതകളിൽനിന്ന് നിങ്ങൾ നേടിയെടുക്കുന്ന അനുഭവങ്ങൾ അനന്യവും അഭിനന്ദനാർഹവുമാണ്. ഇയ്യോബിന്റെ ജീവിതം നമുക്കൊരു പാഠമാകട്ടെ. കഷ്ടതയുടെ പിന്നാലെ ഒരു സന്തോഷവും ആഹ്ലാദവും കടന്നുവരാനുണ്ട് എന്ന് മനസ്സിലാക്കുക. ദുഃഖവെള്ളിക്കുശേഷം ഉയിർപ്പ് ഉണ്ടെന്ന പ്രത്യാശ നമുക്ക് കൈവിടാതിരിക്കാം.

ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നെങ്കിൽ മാത്രമെ അതിന് പുതിയൊരു നാമ്പായി മാറാനും ചെടിയായി വളരാനും സാധിക്കൂ. ക്രൂശിലൂടെയും ക്ലേശങ്ങളിലൂടെയും നാം കടന്നുപോകുമ്പോൾ ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നു എന്ന് നാം വിശ്വസിക്കണം. ഉയിർപ്പിന്റെ ഒരു ഞായർ വേദനിക്കുന്ന എല്ലാവരുടെയും ജീവിതത്തിലുണ്ട്. ക്രൂശിന്റെ അവസാനം ഉത്ഥാനത്തിന്റെ ആഹ്ലാദവുമുണ്ട് എന്നറിയുക. ഉയിർപ്പ് നൽകുന്ന പ്രത്യാശയുടെ സന്തോഷം അനുഭവിക്കാൻ ഏവർക്കും ഇടയാകട്ടെ. ഉത്ഥാനത്തിന്റെ സന്തോഷം അനുഭവിക്കുന്നതോടൊപ്പം ഉത്ഥിതനിലേക്കുള്ള വിശ്വാസത്തിലേക്ക് നാം എത്രത്തോളം വളർന്നുവെന്ന് ചിന്തിക്കാനും ഈ നാളുകൾ നമ്മെ സഹായിക്കട്ടെ. ഉത്ഥിതനെ തിരിച്ചറിയുകയും വിശ്വസിക്കുകയും ചെയ്ത ക്രിസ്തുശിഷ്യരെപ്പോലെ ക്രിസ്തുവിനെ തിരിച്ചറിയാൻ നമുക്കും ആവണം. അതിനനുസരിച്ച് ജീവിതം ക്രമീകരിക്കാനും അങ്ങനെ ജീവിതം രക്ഷാകരമാക്കാനും സാധിച്ചാൽ 'ഉയിർപ്പ്' നമുക്ക് അർത്ഥവത്താകും. കുരിശ് നൽകുന്ന ആശ്വാസവും ഉയിർപ്പിന്റെ പ്രത്യാശയും അനുഭവിക്കാൻ സാധിക്കട്ടെ. എല്ലാക്കാലവും കൂടെയുണ്ടായിരിക്കുമെന്ന് ഉയിർത്തെഴുന്നേറ്റ ക്രിസ്തു നൽകിയ സാന്ത്വനമായിരിക്കട്ടെ ഈ ഉയിർപ്പുകാലത്തിൽ നമുക്കുള്ള പ്രത്യാശ. പ്രശ്നസങ്കീർണ്ണമായ ഇന്നത്തെ കാലഘട്ടത്തിൽ ഉയിർപ്പിന്റെ സാക്ഷികളായിത്തീരുവാൻ നമുക്ക് കഴിയട്ടെ. ഏവർക്കും ഉയിർപ്പിന്റെ സന്തോഷവും സ്നേഹവും ആശംസിക്കുന്നു.



# സ്കിൻ കെയർ


**ഡോ. സതീഷ് കുമാർ**
അസോ. പ്രൊഫ. ഡെർമെറ്റോളജി, പുഷ്പഗിരി മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ

**(കഴിഞ്ഞ ലക്കം തുടർച്ച)**

നമ്മുടെ നാട്ടിൽ ഇപ്പോഴും വീട്ടുജോലിയുടെ ഭാഗമായി സ്ത്രീകൾ ധാരാളമായി വെയിൽ കൊള്ളാറുണ്ട്. ഈ കാരണത്താൽ മുഖത്ത് കറുത്തപാടുകൾ വീഴുക, വെയിലിനോടുള്ള അലർജി സ്കിന്നിൽ ഉണ്ടായി ചൊറിഞ്ഞു തടിക്കുന്ന പാടുകൾ വെയിൽ കൊള്ളുന്ന ഭാഗങ്ങളിൽ ഉണ്ടാകുക എന്നിവ സംഭവിക്കുന്നു. ഈ അവസ്ഥയ്ക്കുള്ള പ്രതിവിധി വെയിൽ കൊള്ളുന്നത് പൂർണ്ണമായി ഒഴിവാക്കുക എന്നതാണ്. വെയിലത്ത് പോകേണ്ട അവസരങ്ങളിൽ കുട, സൺസ്ക്രീം ലോഷൻ, വെയിലിൽനിന്നു സംരക്ഷണം ലഭിക്കുന്നതരം വസ്ത്രധാരണം എന്നിവ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. സ്കിൻ കെയറിന്റെ ഒരു പ്രധാന ഭാഗമാണ് മോയിസ്ചറൈസേഴ്സ് ഉപയോഗിക്കുക എന്നത്. നമ്മുടെ നാട്ടിൽ കുളിക്കുന്നതിനു മുമ്പ് എണ്ണ തേയ്ക്കുക എന്നത് പണ്ടു മുതൽ ചെയ്തു വരുന്ന ഒരു കാര്യമാണ്. ചർമ്മത്തിൽ വരൾച്ചയുള്ളവർ കുളി കഴിഞ്ഞ ഉടനെ തന്നെ നിർബന്ധമായും മോയിസ്ചറൈസർ ശരീരം മുഴുവൻ പുരട്ടുക എന്നത് ശീലമാക്കണം.

പോഷണം - നമ്മുടെ ശരീരത്തിലെ ഓരോ കോശങ്ങൾക്കും ശരിയായ പോഷണം അത്യാവശ്യമാണ്. സ്കിന്നാണ് ശരീരത്തിലെ ഏറ്റവും വലിയ അവയവമെന്നത് മുമ്പ് പ്രതിപാദിച്ചിരുന്നു. സ്കിന്നിന്റെ വളർച്ചയ്ക്കും കേടുപാടുകൾ ഉണ്ടാകുമ്പോൾ അവ നന്നാക്കി എടുക്കുന്നിനും നല്ല പോഷണം ഉണ്ടെങ്കിൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. നല്ലപോഷണത്തിന്റെ അഭാവത്തിൽ സ്കിന്നിന് ജീവസ്സ് ഇല്ലാത്തതായി കാണപ്പെടുന്നു. ഇതുകൂടാതെ മുടികൊഴിയുക, നരയ്ക്കുക, മുടിയുടെ ഭംഗി നഷ്ടപ്പെടുക, നഖങ്ങൾ പൊട്ടുക, അവ ശരിയായി വളരാതെ വരുക, സ്കിന്നിനു നിറം മാറ്റം സംഭവിക്കുക എന്നിങ്ങനെയും സംഭവിക്കുന്നു. സ്കിന്നിന്റെ ആരോഗ്യത്തിന് സമീകൃത ആഹാരം കഴിക്കുക എന്നത് അത്യന്താപേക്ഷിതമാണ്. മാംസ്യം, അന്നജം, കൊഴുപ്പ്, ജീവകങ്ങൾ, ധാതുക്കൾ എന്നിവ നിർദ്ദിഷ്ട അളവിൽ ഉള്ള ആഹാരമാണ് സമീകൃത ആഹാരം. ഈ വസ്തുക്കളെല്ലാം നമ്മുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഈ ലേഖനത്തിൽ കൂടി സ്കിൻ കെയറിനെക്കുറിച്ച് ഒരു അവബോധം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ് ഉണ്ടായത്. "പ്രിവൻഷൻ ഈസ് ഓൾവെയ്സ് മച്ച് ഈസി ആൻഡ് ചീപ്പർ ദാൻ ക്യൂവർ" എന്ന് ഒരിക്കൽക്കൂടി ഉദ്ബോധിപ്പിച്ചുകൊണ്ട് ഈ ലേഖനം അവസാനിപ്പിക്കട്ടെ. നമ്മുടെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങളാണ് ഇനി ആവശ്യം.



# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

### ഏപ്രിൽ 5 ഉയിർപ്പു പെരുന്നാൾ

### യോഹ. 20:1 – 10

തുറന്നുകിടക്കുന്ന കല്ലറയും ചുളുങ്ങിക്കിടക്കുന്ന കച്ചയും ചുരുട്ടിവച്ചിരിക്കുന്ന തൂവാലയും നോക്കി ഞങ്ങളുടെ ഗുരുവും നാഥനും ആയവൻ ഉയിർത്തെഴുന്നേറ്റു എന്ന് വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്ന ശിഷ്യസമൂഹത്തിന്റെ ഉയിർപ്പനുഭവമാണ് നാം ഈ ഉയിർപ്പു തിരുനാളിൽ ധ്യാനവിഷയമാക്കുന്നത്. തന്റെ ജീവിതകാലത്ത് യേശുക്രിസ്തു ചെയ്ത അത്ഭുതങ്ങളും പഠിപ്പിച്ച നിത്യസത്യങ്ങളും എല്ലാം അർത്ഥവത്താകുന്നത് ഈ അത്ഭുത പ്രതിഭാസമാകുന്ന ഉയിർപ്പെന്ന കണ്ണാടിയിലൂടെ നോക്കിക്കാണുമ്പോൾ മാത്രമാണ്. അപ്പം വർദ്ധിപ്പിച്ചതും കുരുടനെ സുഖമാക്കിയതും കുഷ്ഠരോഗിയെ സ്പർശിച്ചതും വെള്ളം വീഞ്ഞാക്കിയതും എല്ലാം ഈ നിത്യജീവന്റെ കവാടത്തിലേക്ക് നമ്മെ ക്ഷണിക്കാനായിരുന്നു എന്ന് അവയുടെ ധ്യാനപൂർവ്വമായ വായന നമ്മെ സഹായിക്കുന്നു. നിത്യജീവനിലേക്ക് നയിക്കുന്നതല്ലാത്തതൊന്നും യേശു പഠിപ്പിക്കുകയോ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല എന്ന തിരിച്ചറിവിലാണ് ക്രൈസ്തവശിഷ്യൻ നയിക്കേണ്ട ജീവിതത്തിന്റെ വിലയും വെല്ലുവിളിയും മനസ്സിലാക്കപ്പെടുന്നത്.



യേശുക്രിസ്തുവിന്റെ ഉയിർപ്പ് ഒരു പുതിയ സൃഷ്ടിക്കും പുതിയ ലോകക്രമത്തിനും ആരംഭം കുറിച്ചു. ഒരു നവലോക ജീവിതത്തിന്റെ കാഹളം മുഴക്കലായിരുന്നു യേശുവിന്റെ ഉത്ഥാനം. മനുഷ്യരാശിയെയും മനുഷ്യവർഗത്തിന്റെ മഹത്വീകരണത്തിലൂടെ സമസ്തസൃഷ്ടിയെയും നിത്യജീവിതത്തിലേക്ക് നയിക്കുവാനാണ് ദൈവപുത്രൻ ആഗതനായത്. ക്രിസ്തുവിന്റെ ഉയിർപ്പിലൂടെ ദൈവികമായ ഈ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെടുകയായിരുന്നു. തന്റെ ഏകജാതനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച (cfr യോഹ.3:16) സ്നേഹപിതാവായ ദൈവത്തിന്റെ പദ്ധതിക്ക് തുടക്കമെന്നോണം മൃതരിൽ നിന്നുള്ള ഉയിർപ്പിൽ ക്രിസ്തു ആദ്യജാതനായതിന്റെ തിരുനാളാണ് നാമിന്ന് സാഘോഷം കൊണ്ടാടുന്നത്. ത്യാഗത്തിന്റെ മൂർത്തീഭാവമായ കുരിശിൽ ഗോതമ്പുമണിക്ക് സദൃശ്യം പീഡയേറ്റ് മരിച്ചവർ മൂന്നാം ദിനം (ആഴ്ചയുടെ ഒന്നാം ദിനം) ഉയിർത്തെഴുന്നേറ്റു.

യേശു തന്റെ ഉത്ഥാനത്തിലൂടെ ചരിത്രാതീതനായി. മാനവചരിത്രത്തിൽ അവതീർണ്ണനായ യേശുവിന്റെ പരസ്യജീവിതവും പീഡാസഹനവും മരണവും കബറടക്കവുമെല്ലാം ചരിത്രത്തിന്റെ ഭാഗമാകുമ്പോൾ ഉത്ഥാനമെന്ന മഹാരഹസ്യത്തിലൂടെ അവിടുന്ന് ഉപരിസ്ഥിതനായി. മാനവചരിത്രത്തിൽ മദ്ധ്യപൂർവ്വദേശത്ത് ജീവിച്ച യേശുനാഥൻ ഉത്ഥാനത്തിലൂടെ സ്ഥലകാലപരിമിതികൾക്ക് അതീതനായി. ഇപ്രകാരം ഉത്ഥാനമെന്ന മഹാരഹസ്യത്തിന്റെ വെളിച്ചത്തിലൂടെ മാത്രമേ അവിടുത്തെ എല്ലാ പ്രവർത്തനങ്ങളുടെയും അർത്ഥം വെളിവാകുകയുള്ളു. പീഡാസഹനവും മരണവും എല്ലാം മിഴിവാർന്നു നിൽക്കുന്നത് ഉത്ഥാനത്തിന്റെ പ്രകാശകിരണത്തിലാണ്.

ആഴ്ചവട്ടത്തിന്റെ ആദ്യദിനം എന്ന് സുവിശേഷകൻ സാക്ഷിക്കുമ്പോൾ ഇത് ഒരു പുതുയുഗത്തിന്റെ ആരംഭമായി കണക്കാക്കാം. യേശുവിന്റെ തേജസ്സിനു മുൻപിൽ ലോകം കീഴടങ്ങി. മരണവും പാപവും കീഴടങ്ങി. മരണത്തിനപ്പുറത്തേക്ക്

നീങ്ങുന്ന നിത്യജീവിത പ്രകാശം തന്റെ കബറിടത്തിൽ വച്ചിരുന്ന കല്ലിനെ ഉരുട്ടിമാറ്റി ലോകത്തിൽ വീശിത്തുടങ്ങി. ആകയാൽ ഇത് തിരുനാളുകളുടെ തിരുനാളാണ്. ആഘോഷങ്ങളുടെ ആഘോഷദിവസമാണ്. ഇത് നന്മയുടെ ആഘോഷമാണ്.

എന്നാൽ ഈ തിരുനാളിന്റെ – ഉയിർപ്പിന്റെ, നിത്യജീവൻ – യഥാർത്ഥ മഹത്വവും വിശ്വാസജീവിതത്തിന്റെ സൗന്ദര്യവും മനസ്സിലാക്കുവാൻ പ്രയാസമാണ്. "ഈ വചനം കഠിനമാണ്. ഇത് ശ്രവിക്കാൻ ആർക്കു കഴിയും" (യോഹ. 6:60). ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ പലരും അവനെ വിട്ടുപോയി (യോഹ. 6:66). ഇക്കാര്യങ്ങൾ ഇഹലോകത്തിന്റേതല്ലാത്തതിനാൽ ലോകത്തിനിവ ഉൾക്കൊള്ളുവാൻ കഴിയുകയില്ല. "നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്.... ലോകം നിങ്ങളെ ദ്വേഷിക്കുന്നു" (യോഹ. 15:9). ഉയിർപ്പും സ്വർഗവും ഇഹലോകവ്യാപാര വ്യവഹാരങ്ങളുടെ ഭാഗമാകാത്തതിനാൽ അത് മനസ്സിലാക്കുക പ്രയാസമാണ്. യേശുക്രിസ്തുവിനെ ദൈവവും കർത്താവുമെന്ന് ഏറ്റുപറഞ്ഞ് ഏറിയ നാൾ ശിഷ്യന്മാരായി തന്നോടുകൂടി നടന്ന അപ്പസ്തോലന്മാർ പോലും തന്റെ ഉയിർപ്പിൽ ആദ്യം അവിശ്വസിക്കുകയാണ്. അപ്പോൾ ഒരു സാധാരണ മനുഷ്യന്റെ അവിശ്വാസത്തിലോ അല്പവിശ്വാസത്തിലോ കുറ്റം വിധിക്കാനാവുന്നത് എങ്ങനെ?

എന്നാൽ ഇന്നത്തെ സുവിശേഷത്തിലെ കഥാപാത്രങ്ങളായ മഗ്ദലന മറിയവും പത്രോസും യേശു സ്നേഹിച്ച ശിഷ്യനും നമ്മെ പഠിപ്പിക്കുന്ന വളരെ വലിയ ഒരു സത്യമുണ്ട്. ഉയിർത്തെഴുന്നേറ്റ് ഇന്നും എന്നും ജീവന്റെ നാഥനായി വാഴുന്ന തമ്പുരാന്റെ വിശ്വാസത്തിലേക്ക് എപ്രകാരം വളരാം എന്ന് അവർ സാക്ഷിക്കുന്നു. ഈ മൂന്നുപേരും യേശുവിനെ അനുഭവിച്ചറിഞ്ഞവരായിരുന്നു. ക്രിസ്തുവിനെ നമ്മുടെ ജീവിതപങ്കാളിയായി അനുഭവിച്ചറിയുമ്പോൾ നാം അനുഭവിക്കുന്ന ആനന്ദത്തിന് അതിരുകളില്ല. മഗ്ദലന മറിയം – ഈ സ്ത്രീയേ, യേശു ജീവിതത്തിന്റെ യഥാർത്ഥ സൗന്ദര്യത്തിലേക്ക് കൈപിടിച്ച് നയിച്ചവളാണ്. ശിഷ്യസമൂഹത്തിൽ സ്ഥാനം പിടിച്ച (ലൂക്ക. 8:1–3) അവൾ അതിരാവിലെ തന്നെ കല്ലറയിലെത്തുന്നു. അവളോട് യേശു ചോദിക്കുന്നു, "നീ ആരെയാണ് അന്വേഷിക്കുന്നത്?" യോഹന്നാന്റെ സുവിശേഷത്തിൽ ആദ്യ അദ്ധ്യായത്തിൽ മുഴങ്ങിക്കേട്ട ചോദ്യം (യോഹ.1:) യേശു അനുഭവം അവളെ യേശു അന്വേഷണത്തിലേക്കും യേശു സാന്നിദ്ധ്യത്തിന്റെ ആവശ്യകതയിലേക്കും നയിക്കുന്നു. അവൾക്ക് യേശുവിനെ വേണം. യേശു സാന്നിദ്ധ്യം വേണം. അതിന് അവൾ കല്ലറയിലെത്തി.


പിന്നീടുള്ളത് യേശു സ്നേഹിച്ച ശിഷ്യൻ – തീക്ഷ്ണതയിൽ ശിഷ്യപ്രമുഖനെ പിന്നിലാക്കി ഓടുന്നു. കാരണം അവൻ യേശുവിന്റെ ഹൃദയതാളം തൊട്ടറിഞ്ഞവനാണ്. തിരുവത്താഴമേശയിൽ ക്രിസ്തുവിന്റെ നെഞ്ചോട് ശിരസ് ചേർത്തുവച്ച് കിടന്നു. കുരിശിൻ ചുവട്ടിൽനിന്നുകൊണ്ട് അവിടുത്തെ സമർപ്പണത്തിന്റെ ആഴം അടുത്തറിഞ്ഞു. പരി. അമ്മയെ സ്വഭവനത്തിൽ സ്വീകരിച്ച് വലിയ ഭാഗ്യത്തിനുടമയായി. അങ്ങനെ ആ ശിഷ്യൻ യേശുവിന്റെ സ്നേഹത്തിനു പാത്രമായി. യേശുവിനെ മറ്റാരെക്കാളും സ്നേഹിച്ചു. അവൻ കല്ലറയിലേക്ക് ആദ്യം ഓടിയെത്തി.

മഗ്ദലന മറിയവും യേശു സ്നേഹിച്ച ശിഷ്യനും യേശുവിനെ വ്യക്തിജീവിതത്തിൽ കണ്ടുമുട്ടിയവനുമാണ്. അവർ യേശുവിന്റെ കല്ലറയിൽ തല കുനിക്കുവാൻ സന്നദ്ധരായവരാണ്. തമ്പുരാന്റെ സന്നിധിയിൽ തലവണങ്ങുവാൻ സന്നദ്ധരാകുന്നവർക്ക് അവൻ നൽകുന്ന സമ്മാനമാണ് വിശ്വാസവും സാന്നിദ്ധ്യവും. അവർക്കാണ് അവൻ സമാധാനം നൽകുന്നത്. യേശു സാന്നിദ്ധ്യത്തിന്റെ പ്രതിഫലനമാണ് സമാധാനം. ഉയിർപ്പു നൽകുന്ന വലിയ സന്ദേശവും സമാധാനത്തിന്റേതാണല്ലോ. ഈ കാലഘട്ടത്തിൽ ജനം – വിശ്വാസികളും അല്ലാത്തവരും – ഒരുപോലെ നെടുവീർപ്പിടുന്നതും 'ഒരു സമാധാനവുമില്ല' എന്നാണ് എന്ന് തിരിച്ചറിയുമ്പോൾ ഉത്ഥിതൻ പ്രത്യക്ഷപ്പെട്ട് നിങ്ങൾക്കു സമാധാനം എന്നത് സ്വന്തമാക്കുവാൻ മറിയം മഗ്ദലനയെപ്പോലെ നമുക്ക് യേശുവിനെ സ്നേഹിക്കാം. മുമ്പേ ഓടിയ ശിഷ്യനെപ്പോലെ യേശുവിനാൽ സ്നേഹിക്കപ്പെടാം. ഏവർക്കും ഉയിർപ്പു തിരുനാൾ ആശംസകൾ

***ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്***

## ഏപ്രിൽ 12 ഞായർ, പുതുഞായറാഴ്ച (യോഹ. 20–19:29)

പാപത്താൽ തെറ്റിപ്പോയവരെ തന്റെ പീഡാനുഭവത്താലും കുരിശിനാലും രക്ഷിച്ച് ദൈവപുത്രനടുത്തേക്ക് ഉയർത്തി ഏവർക്കും സമാധാനം ആശം



സിച്ച് കടന്നുവരുന്ന ഞായറാഴ്ചയാണ് പുതുഞാ യറാഴ്ച. സുവിശേഷ പ്രഘോഷണത്തിനായി ശിഷ ന്മാരെ ഭരമേല്പിച്ച് അയയ്ക്കുന്ന ഞായറാഴ്ചയാണ് പുതുഞായറാഴ്ച. ക്രിസ്തുശിഷ്യന്മാർ പരിശുദ്ധാ ത്മാവിന്റെ നിറവ് സ്വീകരിക്കുന്ന ഞായറാഴ്ചയാണ് പുതുഞായറാഴ്ച. പാപങ്ങൾ മോചിക്കുവാനും ബ ന്ധിക്കുവാനും അധികാരം നല്കപ്പെട്ട ഞായറാഴ്ച യാണ് പുതുഞായറാഴ്ച. യേശു പഴയനിയമത്തിലെ യഹോവയായ ദൈവത്തിന് സാദൃശ്യനെന്ന് ഉറക്കെ പ്രഖ്യാപിക്കപ്പെട്ട ഞായറാഴ്ചയാണ് പുതുഞായറാ ഴ്ച. ഇപ്രകാരം ഒട്ടനവധി ചിന്തകളാൽ, ദൈവിക അനുഗ്രഹങ്ങളാൽ സമ്പുഷ്ടമാണ് ഇന്നത്തെ സുവി ശേഷം.

യഹൂദരെ ഭയന്ന് കതകടച്ചിരിക്കുന്ന ശിഷ്യന്മാ രുടെ മദ്ധ്യേ വന്ന് യേശു പറയുന്നു, 'സമാധാനം'. അതിനുശേഷം അവിടുന്ന് തന്റെ തുറക്കപ്പെട്ട പാർശ്വവും കൈകളും കാണിക്കുന്നു. ക്രിസ്ത്യാനി യുടെ സമാധാനം ക്രിസ്തുവിന്റെ തുറക്കപ്പെട്ട പാർശ്വവും കൈകളുമാണെന്ന് യേശു പഠിപ്പിക്കുന്നു. നീ ലോകത്തിൽ ആരുതന്നെയായിക്കൊള്ളട്ടെ, യേശുവുണ്ടെങ്കിൽ നിനക്ക് സമാധാനം ലഭിക്കും എന്ന് യേശു പഠിപ്പിക്കുന്നു. ഇപ്രകാരം പഠിപ്പിച്ചു കൊണ്ട് ശിഷ്യന്മാരെ സുവിശേഷം ദൗത്യം നല്കി അയയ്ക്കുന്നു. പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. അവരുടെ മേൽ നിശ്വസിച്ച് അവർക്ക് പരിശുദ്ധാത്മാവിനെ നല്കു ന്നു. നിങ്ങൾ പോയി ഞാൻ പഠിപ്പിച്ചവ ജനങ്ങളെ പഠിപ്പിക്കുവിൻ. പിതാവ് എന്നെ അയച്ചു. അതിന്റെ ലോകത്തിലെ അനുഭവം തുറക്കപ്പെട്ട പാർശ്വവും കൈകളും. അതുപോലെ ഞാനും നിങ്ങളെ അയ യ്ക്കുന്നു. പ്രതിഫലം എന്തുതന്നെയായിക്കൊള്ളട്ടെ, നിങ്ങൾക്ക് സമാധാനം. ക്രിസ്തുശിഷ്യന് വേണ്ടതും എന്നാൽ ഇന്ന് ക്രിസ്തുശിഷ്യനില്ലാത്തതും സമാ ധാനമല്ലേ. നമുക്ക് ധ്യാനിക്കാം.

ഈ സുവിശേഷ ദൗത്യത്തിനിറങ്ങുന്ന ശിഷ്യ ന്മാർക്ക് ബോണസ് കണക്കെ ഒരു അനുഗ്രഹം കൂടി നല്കുന്നു. പാപങ്ങൾ ബന്ധിക്കുവാനും മോചിക്കു വാനും. ദൈവദൗത്യം ഇവിടെ മനുഷ്യർക്ക് നല്ക പ്പെടുന്നു. ഇതിന്റെ ചുവടുപിടിച്ച് വേണം മുന്നോട്ടു വരുന്ന വാക്യങ്ങൾ അല്ലെങ്കിൽ തോമസിന്റെ സംശയം നാം മനസ്സിലാക്കുവാൻ. ഉയിർത്തെഴു ന്നേറ്റ ക്രിസ്തുവിനെ കണ്ട ശ്ലീഹന്മാരിൽനിന്നും അല്പംപോലും ശ്ലൈഹികത തനിക്ക് കുറവുണ്ടാ കരുതെന്ന നിർബന്ധം ക്രിസ്തുവിനെ ഒരി ക്കൽക്കൂടി ലോകത്തിന് പ്രത്യക്ഷപ്പെടുത്തുവാൻ തോമസിനെ നിർബന്ധിക്കുന്നു. മറ്റ് ശിഷ്യന്മാർ കർത്താവിനെ കണ്ടുവെന്ന് പറയുമ്പോൾ കർത്താ വിനെ അനുഭവിക്കുവാനുള്ള വാഞ്ഛയാണ് ശ്ലീഹ ഇവിടെ പ്രകടിപ്പിക്കുന്നത്. "വെറും കാഴ്ചയും തൊട്ടനുഭവവും" തമ്മിൽ ഏറെ അന്തരമുണ്ടെന്ന് നമുക്കറിയാം. മറ്റ് ശിഷ്യന്മാർ ഈ അന്തരത്തിൽ നില്ക്കുമ്പോൾ യേശുവുമായുള്ള ബന്ധത്തിൽ ഈ അന്തരമുണ്ടാകാൻ പാടില്ല എന്ന് ശ്ലീഹാ നമ്മെ പഠി പ്പിക്കുന്നു. ക്രിസ്തുവിനെ അനുഭവിച്ചറിയുവാൻ

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥത യിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംര ക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാ മെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ലില്ലിക്കുട്ടി പായിപ്പാട്**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥത യിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംര ക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാ മെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മിനി ചെറിയാൻ, തൃശൂർ**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥത യിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംര ക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാ മെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**

**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥത യിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംര ക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാ മെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**


നമുക്ക് സാധിക്കണം. ഈ അനുഭവിച്ചറിയലിലാണ് സ്നേഹം വർദ്ധിക്കുന്നത് എന്ന് നമുക്കറിയാം. ഇപ്രകാരം യേശുവിനെ ആധാരമായി സ്നേഹിച്ച അപ്പസ്തോലൻ യേശുവുമായുള്ള തന്റെ നിരന്തര സഹവാസത്തെയാണ് ഇവിടെ പ്രകടമാക്കുന്നത്. ഇപ്രകാരം സ്നേഹം സഹവാസമാണ് എന്ന് യേശുവും സമ്മതിക്കുന്നതുകൊണ്ടാണ് തോമസിനെത്തേടി അവിടുന്ന് എത്തുന്നത്.

വീണ്ടും മറ്റൊരു സത്യം ഇവിടെ തോമസ് ധരിപ്പിക്കുന്നത് യേശുവിനെ കണ്ടു എന്ന് ശിഷ്യന്മാർ പറയുമ്പോൾ തോമസ് പറയുന്നത് യേശുവിനെ കാണണം എന്നല്ല പിന്നെയോ, "അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും ....." ക്രിസ്തു ഏറ്റ പീഡനങ്ങൾ കാണുവാനാണ് ശ്ലീഹാ ആഗ്രഹിക്കുന്നത്. കാരണം ആ പീഡനങ്ങളാണ് ക്രിസ്തു എന്ന് ശ്ലീഹാ തിരിച്ചറിയുന്നു. ഇന്ന് പീഡനങ്ങളിൽ നിന്നും ഓടിയകലുവാൻ നാമൊക്കെ തത്രപ്പെടുമ്പോൾ നാം കടന്നുപോകുന്നത് ക്രിസ്തുവിൽനിന്നുമാണെന്നുള്ള സത്യമാണ്. ആടുകൾക്കുവേണ്ടി ഏറ്റ മുറിവിൽ അജപാലകൻ സന്തോഷിക്കുമ്പോൾ ദൈവരാജ്യം സ്ഥാപിതമാകുന്നു. പാപികളായ നമുക്കുവേണ്ടി ഏറ്റ മുറിവിൽ ക്രിസ്തു സന്തോഷിച്ചപ്പോൾ നാം ദൈവമക്കളായി. ക്രിസ്തുവിനുവേണ്ടി നമ്മളേൽക്കുന്ന പീഡനങ്ങളിൽ നാം സന്തോഷിക്കുമ്പോൾ ദൈവരാജ്യം സ്ഥാപിക്കപ്പെടും. ആ നിയോഗത്തിൽനിന്നും ഓടിയകലുവാൻ നമുക്ക് സാധിക്കുകയില്ല എന്ന് നാം തിരിച്ചറിയണം.

തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ ആഴം ചെന്ന് നിൽക്കുന്നത് വിശ്വാസപ്രഖ്യാപനത്തിലാണ്. ''എന്റെ കർത്താവും എന്റെ ദൈവവുമേ. ഈ പ്രഖ്യാപനം ഇസ്രായേൽ ജനം പരമ്പരാഗതമായി യാഹ്‌വേയെ മാത്രം സംബോധന ചെയ്യുന്ന അഭിവാദനമാണ്. മനുഷ്യാവതാരം ചെയ്ത ഈശോ പഴയ നിയമത്തിലെ യാഹ്‌വേയ്ക്കു തുല്യനായ ദൈവമാണെന്ന സത്യം ശ്ലീഹാ പ്രഖ്യാപിക്കുന്നു. ക്രിസ്തീയ വിശ്വാസത്തിന്റെ ഏറ്റവും ആഴമേറിയ സത്യമാണിത്. ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് എന്ന ക്രിസ്തുനാഥന്റെ ചോദ്യത്തിന് ഏറ്റവും കൃത്യമായ ഉത്തരം നല്കുന്നത് തോമാശ്ലീഹായാണ്. ഈ തിരിച്ചറിവാണ് നമുക്കും അവനോടൊപ്പം പോയി മരിക്കാം എന്നുവരെ പ്രഖ്യാപിക്കുവാൻ ശ്ലീഹായെ പ്രേരിപ്പിക്കുന്നത്. ഇത് ക്രിസ്തുവുമായുള്ള നിരന്തരസഹവാസത്തിൽ നിന്നും ലഭിക്കുന്നതാണ്.

സ്നേഹിക്കപ്പെട്ടവരെ, ഇപ്രകാരം ക്രിസ്തുവുമായുള്ള നിരന്തര സഹവാസത്തിൽ നിന്നും അവന്റെ സമാധാനം അനുഭവിക്കുവാൻ വിളിക്കപ്പെട്ടവരാണ് നാം. എന്റെ കർത്താവും എന്റെ ദൈവവുമേ എന്ന് ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കുവാൻ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ പാത പിന്തുടരുവാൻ നമുക്ക് പരിശ്രമിക്കാം. ദൈവം നമ്മെ ധാരാളമായി അനുഗ്രഹിക്കട്ടെ.

**താമസിച്ചതിന് ക്ഷമാപണം**



**ഒരു വിശ്വാസി**

## ഉയിർപ്പിനുശേഷം രണ്ടാം ഞായർ
## (വി. യോഹ. 21:1 – 14)

ക്രിസ്തുശിഷ്യത്വം എന്നും ഒരു വെല്ലുവിളിയാണ്. "ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (വി. മർക്കോ). സ്വയം പരിത്യജിച്ച്, ജീവിതയാഥാർത്ഥ്യങ്ങളെ ക്രിസ്തുവാകുന്ന പ്രകാശത്തിൽ സ്വീകരിച്ച്, ക്രിസ്തുവിന്റെ സ്നേഹത്തിന്റെ നീളവും വീതിയും ഉയരവും ആഴവും ഗ്രഹിച്ച്, അവിടുത്തെ അനുഗമിക്കുവാൻ ഓരോ ക്രിസ്തുശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നു.

മീൻപിടുത്തക്കാരായിരുന്ന സാധാരണ മനുഷ്യരെ കർത്താവ് വിളിച്ച് തന്റെ ശിഷ്യത്വത്തിലുൾച്ചേർക്കുന്നു. 3 വർഷക്കാലം യേശുവിനോടൊപ്പമുണ്ടായിരുന്ന ശിഷ്യന്മാർ യേശുവിന്റെ മരണത്തോടെ, പ്രതിസന്ധിയിലാവുന്നു. തന്റെ പീഡാനുഭവരഹസ്യങ്ങളെപ്പറ്റി യേശു അനേകം മുന്നറിയിപ്പുകൾ നൽകിയിരുന്നെങ്കിലും യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളുവാൻ അവർക്ക് കഴിയുന്നില്ല. മാനുഷികമായ പ്രതീക്ഷകൾ തകർന്നുപോയ പശ്ചാത്തലത്തിൽ ശിഷ്യത്വം ഉപേക്ഷിച്ച്, തങ്ങൾ ഉപേക്ഷിച്ചുപോയ തങ്ങളുടെ പഴയ ജോലികളിലേക്ക് തിരികെ പോകുന്നതായി വചനഭാഗത്തിൽ നാം കാണുന്നു.

ശിഷ്യത്വത്തിൽ നിന്നു മാറിനിന്നുകൊണ്ടുള്ള ഒരു പ്രവർത്തനവും ഫലദായകമല്ല. യോഹന്നാൻ 21:3–ൽ പറയുന്നു, "അവർ പോയി വള്ളത്തിൽ കയറി. എന്നാൽ ആ രാത്രിയിൽ അവർക്ക് ഒന്നും കിട്ടിയില്ല." ശിഷ്യത്വം യേശുവിനോടുകൂടി ആയിരിക്കു

**താമസിച്ചതിൽ ക്ഷമാപണം**
**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി**



പത്രോസ് താൻ പാപിയാണ്, തന്നിൽനിന്ന് അകന്നുപോകണമേ എന്ന് അപേക്ഷിക്കുകയാണ്.

അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ച (വി. യോഹ. 3:16) പിതാവിന്റെ സ്നേഹമാണ് യേശുവിലൂടെ നാം കാണുന്നത്. തന്റെ പ്രിയപ്പെട്ടവർ തന്നെ ഉപേക്ഷിച്ചുപോയാലും അവരെ ഉപേക്ഷിക്കുവാൻ ദൈവം തയ്യാറല്ല. മനുഷ്യൻ അവിശ്വസ്തത കാണിച്ചാലും ദൈവം എപ്പോഴും വിശ്വസ്തൻ ആണ്. ദൈവം നൽകിയ ശിഷ്യത്വം എന്ന ദാനം ഉപേക്ഷിച്ച്, ദൈവവുമായുള്ള കൂട്ടായ്മയിൽ നിന്നു മാറി തനിയെ അദ്ധ്വാനിച്ചതിന്റെ ഫലമായി ഒരു ഫലവും ലഭിക്കാതെ നിരാശരായ ശിഷ്യരുടെ ഇല്ലായ്മയിലേക്കിറങ്ങിവന്ന ഹൃദയാർദ്രസ്നേഹമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്.

വി. യോഹന്നാൻ 21:6-ൽ പറയുന്നു, "അവൻ പറഞ്ഞു, വള്ളത്തിന്റെ വലത്തുവശത്ത് വലയിടുക. അപ്പോൾ നിങ്ങൾക്ക് കിട്ടും." ഇവിടെ ദൈവവചനത്തിന്റെ ശക്തിയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. വി. പൗലോസ് ഹെബ്രായ്ക്കെഴുതിയ ലേഖനം 4:12-ൽ പറയുന്നു, "ദൈവത്തിന്റെ വചനം സജീവവും ഊർജസ്വലവുമാണ്. ഇരുതലവാളിനേക്കാൾ മൂർച്ചയേറിയതും ചേതനയിലും ആത്മാവിലും സന്ധിബന്ധങ്ങളിലും മജ്ജയിലും തുളച്ചുകയറി ഹൃദയത്തിൽ വിചാരങ്ങളെയും നിയോഗങ്ങളെയും വിവേചിക്കുന്നതുമാണ്. വി. യോഹ. 2:5-ൽ പരി. കന്യകമറിയം പറയുന്നു, "അവൻ പറയുന്നന്നതിനുള്ള വിളിയാണ്. "പിന്നെ അവൻ മലമുകളിലേക്ക് കയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയയ്ക്കുന്നതിനും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നൽകുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു (വി. മർക്കോ. 3:13-15). താൻ മുന്തിരിച്ചെടിയും തന്റെ ശിഷ്യന്മാർ ശാഖകളുമാണെന്ന് വി. യോഹന്നാൻ 15-ാം അദ്ധ്യായത്തിൽ പഠിപ്പിക്കുന്നുണ്ട്. മുന്തിരിച്ചെടിയിൽ നിൽക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ, എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല (വി. യോഹ.15:4)

തന്റെ ശിഷ്യത്വത്തിൽനിന്നു മാറിപോകുന്നവരെ അന്വേഷിച്ചു കൂട്ടിച്ചേർക്കുന്ന യേശുവിനെയും അവിടുത്തെ വചനത്തിന്റെ ശക്തിയെയും നമുക്ക് ഈ വചനഭാഗത്തിലൂടെ അനുഭവിക്കുവാൻ സാധിക്കും.

ഉഷസായപ്പോൾ യേശു കടൽക്കരയിൽ വന്നുനിന്നു. എന്നാൽ അത് യേശുവാണെന്ന് ശിഷ്യന്മാർ അറിഞ്ഞില്ല. യേശു അവരോട് ചോദിച്ചു, "കുഞ്ഞുങ്ങളെ, നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?" ഇല്ല എന്നവർ ഉത്തരം പറഞ്ഞു.

ഉത്ഥിതനായ ക്രിസ്തു, തന്നെ ഉപേക്ഷിച്ചുപോയ ശിഷ്യന്മാരെ തേടി വരികയാണ്. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അവർക്ക് കിട്ടിയില്ല എന്ന കാര്യം മനസ്സിലാക്കിക്കൊണ്ട് യേശു ചോദിക്കുന്നു. "നിങ്ങളുടെ അടുക്കൽ മീൻ വല്ലതുമുണ്ടോ?"തന്റെ മക്കളുടെ ഉള്ളായ്മകളും ഇല്ലായ്മകളും അറിയുന്നവനാണ് ദൈവം. തന്റെ ഇല്ലായ്മയിലേക്ക് കടന്നുവന്ന് തന്റെ ഇല്ലായ്മയെ ഉള്ളായ്മയാക്കിയ യേശുവിന്റെ സ്നേഹത്തിനു മുമ്പിൽ, കരുതലിന്റെ മുമ്പിൽ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

താമസിച്ചതിന് ക്ഷമാപണം

പരിശുദ്ധാത്മാവേ, എനിക്കെല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്തതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയുടെകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചോദിക്കുന്നു.

**മേരിക്കുട്ടി ചാക്കോ മാത്യു**
**മാന്താനത്ത്, തിരുവല്ല**

തുപോലെ ചെയ്യുവിൻ." വി. യോഹ. 4:49–51–ൽ രാജസേവകന്റെ പുത്രനെ യേശു ''നിന്റെ മകൻ ജീവിക്കും" എന്ന വചനത്തിലൂടെ സൗഖ്യപ്പെടുത്തുന്നു. ഈ വചനഭാഗങ്ങളിൽ ദൈവവചനത്തിന്റെ അത്ഭുതകരമായ ശക്തിയാണ് നമുക്ക് കാണുവാൻ കഴിയുന്നത്.

യേശു പറയുന്നതനുസരിച്ച് വലയിറക്കുമ്പോൾ നടന്ന അത്ഭുതകരമായ മീൻപിടുത്തം കണ്ടയുടനെ യേശു സ്നേഹിച്ചിരുന്ന ശിഷ്യൻ വിളിച്ചുപറഞ്ഞു. "അത് കർത്താവ് ആണ്". ഇത് ഒരു തിരിച്ചറിവാണ്. യേശുവിന്റെ അത്ഭുതങ്ങൾ കണ്ടതുകൊണ്ടോ അതിന്റെ ഫലം അനുഭവിച്ചതുകൊണ്ടോ ഈ തിരിച്ചറിവുണ്ടാകണമെന്നില്ല. എനിക്ക് ജീവനും ജീവിതവും നൽകിയ ദൈവത്തോട് എനിക്കുള്ള ഹൃദയബന്ധമാണ് ജീവിതത്തിന്റെ നിർണ്ണായക നിമിഷങ്ങളിൽ ജീവിതത്തിൽ സംഭവിക്കുന്ന ദൈവിക ഇടപെടലുകളെ തിരിച്ചറിയുവാൻ എന്നെ പ്രാപ്തനാക്കുന്നത്. യോഹന്നാൻ യേശുവിനോട് പുലർത്തിയ നിഷ്കളങ്കമായ ഹൃദയബന്ധം നമുക്കും ആർജിച്ചെടുക്കുവാൻ സാധിക്കണം.

"അത് കർത്താവാണെന്നു കേട്ടപ്പോൾ ശിമയോൻ പത്രോസ്" താൻ നഗ്നനായിരുന്നതുകൊണ്ട് പുറങ്കുപ്പായം എടുത്തുധരിച്ച് കടലിലേക്ക് ചാടി. എന്നാൽ മറ്റു ശിഷ്യന്മാർ മീൻനിറഞ്ഞ വലയും വലിച്ചുകൊണ്ട് വള്ളത്തിൽതന്നെ വന്നു'' (വി.യോഹ. 21:78).


അത്ഭുതകരമായ ഈ മീൻപിടുത്തത്തോട് ബന്ധപ്പെടുത്തിയാണ് പത്രോസിന് മനുഷ്യരെ പിടിക്കുന്ന ദൗത്യം ഭരമേല്പിക്കപ്പെടുന്നത്. യേശു ശിമയോനോട് പറഞ്ഞു, "നീ ഇപ്പോൾ മുതൽ മനുഷ്യരെ പിടിക്കുന്നവനാകും" (വി. ലൂക്കോ 5:10). ഉത്ഥിതനായ ക്രിസ്തുവിനെ തിരിച്ചറിഞ്ഞപ്പോൾ പത്രോസ് യേശുവിന്റെ അടുക്കലേക്ക് വരുന്നു. മറ്റു ശിഷ്യന്മാർ മീൻനിറഞ്ഞ വലയും വലിച്ചുകൊണ്ട് വള്ളത്തിൽ കർത്താവിന്റെ അടുത്തേക്ക് വരുന്നു. മീൻ നിറഞ്ഞ വല സഭയുടെ പ്രതീകമാണ്. മീൻനിറഞ്ഞ വല കരയിലേക്ക് വലിച്ചുകയറ്റുന്നത് പത്രോസാണ്. ഉടൻ ശിമയോൻ പത്രോസ് വള്ളത്തിൽ കയറി വലിയ മത്സ്യങ്ങൾ നിറഞ്ഞ വല വലിച്ചു കരയ്ക്കു കയറ്റി. അതിൽ നൂറ്റിയമ്പത്തിമൂന്ന് മത്സ്യങ്ങൾ ഉണ്ടായിരുന്നു. ഇത്രയധികം ഉണ്ടായിരുന്നിട്ടും വല കീറിയില്ല (വി. യോഹ. 21:11). വലയിലുണ്ടായിരുന്ന 153 മത്സ്യങ്ങൾ ലോകത്തുള്ള സകല ജനപദങ്ങളെയും പ്രതിനിധീകരിക്കുന്നു. 'വല കീറിയില്ല' എന്ന പ്രസ്താവന സഭയുടെ ഐക്യത്തെ സൂചിപ്പിക്കുന്നു.

യേശുവിന് മനുഷ്യനോടുള്ള സ്നേഹം വെളിപ്പെടുത്തുന്നതാണ് അവിടുത്തെ രക്ഷാകര രഹസ്യങ്ങൾ. അവിടുത്തെ പീഡാനുഭവ, മരണ, ഉത്ഥാന രഹസ്യങ്ങൾ, രക്ഷാകരസ്നേഹത്തിന്റെ ഏറ്റവും പൂർണമായ വെളിപ്പെടുത്തലാണിത്. "ഞാൻ ഭൂമിയിൽനിന്ന് ഉയിർത്തപ്പെടുമ്പോൾ എല്ലാ മനുഷ്യരെയും എന്നിലേക്ക് ആകർഷിക്കും" (വി. യോഹ. 12:32) എന്ന യേശുവിന്റെ വചനം ഇവിടെ അന്വർത്ഥമാവുകയാണ്.

യേശു പറഞ്ഞു, "വന്ന് പ്രാതൽ കഴിക്കുവിൻ". ശിഷ്യരിലാരും അവനോട് നീ ആരാണ് എന്ന് ചോദിക്കുവാൻ മുതിർന്നില്ല. അത് കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു. യേശു വന്ന് അപ്പമെടുത്ത് അവർക്കു കൊടുത്തു. അതുപോലെ തന്നെ മത്സ്യവും. (വി. യോഹ. 21:12–13). ഈ വചനഭാഗം വി. കുർബാനയുമായി ബന്ധപ്പെട്ടിരിക്കുന്നു. യേശുവിനോടൊപ്പം യേശുവിൽ ആയിത്തീരുകയാണ്. നഷ്ടപ്പെടുത്തിക്കളയുവാനാഗ്രഹിച്ച ശിഷ്യത്വം ഇവിടെ പുനരുദ്ധരിക്കപ്പെടുകയാണ്. സജീവമായി യേശുവിന് സാക്ഷ്യം വഹിക്കുവാനുള്ള ഊർജ്ജം ഈ അനുഭവത്തിലൂടെ ശിഷ്യന്മാർ സ്വന്തമാക്കുകയാണ്.

പിമ്പിലുള്ളവയെ വിസ്മരിച്ച് മുമ്പിലുള്ളതിനെ ലക്ഷ്യമാക്കിയുള്ള ഒരു പുറപ്പാടാണ് ശിഷ്യത്വം. ദൈവത്തോടുകൂടി ദൈവത്തിൽ ആയിത്തീരുന്ന അവസ്ഥ. സുരക്ഷിതത്വത്തിന്റെ ജീവിതത്തിൽനിന്നും യേശുവുമായുള്ള സഹിത്വം നൽകുന്ന പൂർണ്ണസുരക്ഷിതത്വത്തിന്റെ ജീവിതത്തിലേക്ക്, കണക്കുകൂട്ടലുകളുടെ ജീവിതത്തിൽനിന്ന് നിത്യതയുടെ ജീവിതത്തിലേക്ക്, ക്ഷണഭംഗുരങ്ങളുടെ മേഖലയിൽനിന്ന് അനന്തമായ സാദ്ധ്യതകളുള്ള മേഖലകളിലേക്ക് ശിഷ്യത്വത്തിലൂടെ നമുക്ക് സഞ്ചരിക്കാം. സ്വർഗീയ ജറുസലേമിനെ ലക്ഷ്യമാക്കിയുള്ള സഭയുടെ തീർത്ഥാടന യാത്രയിൽ ത്യാഗത്തിലൂടെ, കുരിശിലൂടെ, വിശുദ്ധിയിലൂടെ, സ്നേഹത്തിലൂടെ നമുക്കും പങ്കുചേരാം.

**ഫാ. ജോസഫ് കരിപ്പായിൽ**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**മറിയാമ്മ തോമസ്, കുമ്പനാട്**

## ഉയിർപ്പിനുശേഷം മൂന്നാം ഞായർ

## എമ്മാവൂസ് അനുഭവം (ലൂക്കാ 24:13–35)

ജീവിതത്തിൽ എനിക്ക് നഷ്ടപ്പെട്ടുപോയി എന്ന് ഞാൻ കരുതുന്ന യേശുവിനെ കണ്ടുമുട്ടുന്ന അനുഭവമാണ് എമ്മാവൂസ് അനുഭവം. എന്റെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് എല്ലാ കാര്യങ്ങളും എന്റെ ജീവിതത്തിൽ നടക്കണമെന്നി


ല്ല. മറിച്ച് എല്ലാ വേദനയുടെ പിൻപിലും സന്തോഷത്തിന്റെ വലിയ ഒരു രഹസ്യം ഒളിച്ചിരിപ്പുണ്ടെന്ന് ലൂക്കാ സുവിശേഷകൻ നിരാശയോടും വേദനയോടും കൂടി എമ്മാവൂസിലേക്ക് യാത്രയായ ശിഷ്യന്മാരുടെ (24:13-35) അനുഭവത്തിലൂടെ നമ്മെ ഓർമ്മപ്പെടുത്തുന്നു.

## യേശു അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു

ജീവിത നൈരാശ്യങ്ങളിലും നഷ്ടങ്ങളുടെ വേദനയിലും മനുഷ്യനെ തനിച്ചാക്കുന്ന ഒരു ദൈവമല്ല നമ്മുടേത്. "അവർ സംസാരിക്കുകയും വാദിക്കുകയും ചെയ്തുകൊണ്ടുപോകുമ്പോൾ യേശുവും അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു". അവിടുന്ന് ശിഷ്യന്മാരുടെ വേദനകൾ ക്ഷമാപൂർവ്വം കേൾക്കുകയും പങ്കുവയ്ക്കുകയും ചെയ്തുകൊണ്ട് അവരോടൊപ്പം യാത്രചെയ്യുന്നു. ഇസ്രായേലിന്റെ മോചനം യേശുവിലൂടെയാണെന്ന് വിശ്വസിച്ച ശിഷ്യഗണത്തിന് അവന്റെ കുരിശുമരണം താങ്ങാവുന്നതിലുമപ്പുറമായിരുന്നു. തങ്ങളോടൊപ്പം യാത്ര ചെയ്യുന്ന ഗുരുവിനോട് വേദനയോടെ അവർ പറയുന്നു, "ഞങ്ങളുടെ പുരോഹിത പ്രമുഖന്മാരും നേതാക്കളും അവനെ മരണവിധിക്ക് ഏല്പിച്ചുകൊടുക്കുകയും ക്രൂശിക്കുകയും ചെയ്തു. ഇസ്രായേലിനെ മോചിപ്പിക്കാനുള്ളവൻ ഇവനാണെന്ന് തങ്ങൾ പ്രതീക്ഷിച്ചിരുന്നു". എന്നാൽ ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നതുപോലെ ഒരു രാജ്യം അവൻ സ്ഥാപിച്ചില്ലെന്നു മാത്രമല്ല, കബറടക്കിയ കല്ലറയിൽ പോലും അവനെ കാണുന്നുമില്ല. ശിഷ്യരുടെ വേദനയുടെയും നിരാശയുടെയും കാരണമിതാണ്. പ്രതീക്ഷകളും സ്വപ്നങ്ങളും നഷ്ടപ്പെട്ട ശിഷ്യസമൂഹത്തിന്റെ പ്രതിനിധികളായിട്ടാണ് എമ്മാവൂസിലേക്ക് യാത്രചെയ്യുന്ന ഈ രണ്ടുപേരെ വി. ലൂക്കോസ് സുവിശേഷകൻ അവതരിപ്പിച്ചിരിക്കുന്നത്. മൂന്നു നാളപ്പുറം വരെ അവരോടൊപ്പമുണ്ടായിരുന്ന അവരുടെ ഗുരു ഇന്ന് അവരോടൊപ്പമില്ല. അവനെ അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. ഇതൊക്കെ സംഭവിച്ചിട്ട് ഇത് മൂന്നാം നാളാണ്.



താമസിച്ചതിന് ക്ഷമാപണം



ഒരു വിശ്വാസി

ജീവിത തിരക്കുകളിലും നെട്ടോട്ടങ്ങളിലും പലപ്പോഴും യേശുവിനെ നമുക്കും നഷ്ടപ്പെട്ടേക്കാം. എന്നാൽ ഇപ്രകാരം നാം നഷ്ടപ്പെട്ടു എന്ന് കരുതുന്ന യേശുവിനെ എവിടെയാണ് തിരയേണ്ടത് (കണ്ടെത്തേണ്ടത്) എന്ന് ലൂക്കോ സുവിശേഷകൻ വ്യക്തമായി പറയുന്നു.


(1) പരിശുദ്ധ കുർബാനയിൽ

(2) തിരുവചനത്തിൽ

യേശുവിനെ തിരിച്ചറിയാനാവാത്തവിധം ശിഷ്യരുടെ വേദനയും നിരാശയും അവരുടെ കണ്ണുകളെ മൂടിയിരുന്നു. എന്നാൽ അവൻ അപ്പമെടുത്ത് ആശീർവദിച്ച് കഴിഞ്ഞപ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവർ അവനെ തിരിച്ചറിയുകയും ചെയ്തു. ഓരോ ബലി അർപ്പണത്തിലും നമ്മുടെ കണ്ണുകളും ഇപ്രകാരം തുറക്കപ്പെടണം. രണ്ടാമതായി നമ്മുടെ ജീവിതത്തിൽ യേശുവിനെ കണ്ടെത്തുന്ന സ്ഥലമാണ് 'തിരുവചനം'. വഴിയിൽവച്ച് അവൻ വിശുദ്ധ ലിഖിതം വിശദീകരിച്ചുകൊണ്ട് നമ്മോട് സംസാരിച്ചപ്പോൾ നമ്മുടെ ഹൃദയം ജ്വലിച്ചിരുന്നില്ലേ? വി. വചനം ശ്രവിക്കുമ്പോൾ ഹൃദയത്തിലുണ്ടാകുന്ന ജ്വലനം തിരിച്ചറിയാൻ കഴിയുന്നില്ല എന്നുള്ളതാണ് ഇക്കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രശ്നം. തിരുവചനം വായിക്കുവാനും ശ്രദ്ധാപൂർവ്വം ശ്രവിക്കുവാനും പരിശുദ്ധ ബലിയിൽ പൂർണ്ണസമർപ്പണത്തോടെ പങ്കാളിയാകുവാനും ലൂക്കോ സുവിശേഷകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

***ഫാ. ജോൺ പടിപ്പുരയ്ക്കൽ***





ഡൽഹി ഗുഡ്ഗാവ് രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ട അഭി. ജേക്കബ് മാർ ബർണ്ണബാസ് തിരുമേനിക്കും പൂനെ ഖട്കി എക്സാർകേറ്റിന്റെ ചുമതല ഏറ്റെടുത്ത അഭി. തോമസ് മാർ അന്തോണിയോസ് തിരുമേനിക്കും ഐക്യദീപത്തിന്റെ ആശംസകളും പ്രാർത്ഥനകളും.





മലങ്കര കാത്തലിക് അസ്സോസിയേഷൻ (എം.സി.എ.) തിരുവല്ല അതിരൂപതാ പ്രസിഡന്റ് ഷാജി പൂച്ചേരിൽ (വെണ്ണിക്കുളം), ജനറൽ സെക്രട്ടറി റെജി എ.സി. ആങ്ങയിൽ (തിരുവൻവണ്ടൂർ).

**ഭാരവാഹികൾ**

മലങ്കര കാത്തലിക് അസ്സോസിയേഷൻ തിരുവല്ല അതിരൂപതാ ഭാരവാഹികൾ. പ്രസിഡന്റ് - ഷാജി പൂച്ചേരിൽ (വെണ്ണിക്കുളം)

ജനറൽ സെക്രട്ടറി - റെജി എ. സി. ആങ്ങയിൽ (തിരുവൻവണ്ടൂർ)

വൈസ് പ്രസിഡന്റുമാർ - ബൈജു തെക്കേടത്ത് (മല്ലപ്പള്ളി), മറിയാമ്മ വടക്കേത്ര (റാന്നി), എലിസബത്ത് വർഗീസ് (തലവടി)

സെക്രട്ടറി - അനില ഫ്രാൻസിസ് (വെണ്ണിക്കുളം)

ട്രഷറർ - ജേക്കബ് വടുതലക്കുന്നേൽ (കോട്ടയം)

# ടീച്ചേഴ്സ് ഗിൽഡ് വാർഷിക സമ്മേളനവും യാത്രയയപ്പും



തിരുവല്ല: അതിരൂപത ടീച്ചേഴ്സ് ഗിൽഡ് വാർഷിക സമ്മേളനവും യാത്രയയപ്പും അനുമോദന സമ്മേളനവും ശാന്തിനിലയത്തിൽ മാർച്ച് 7-ാം തീയതി നടത്തി. തിരുവല്ല അതിരൂപത ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ഡോ. മാത്യു പി. ഏബ്രഹാം അദ്ധ്യക്ഷത വഹിച്ച യോഗം അതിരൂപതാദ്ധ്യക്ഷൻ ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു.

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469-2603968, 9446270259, 9895556074**

**തീയതി:** **ഏപ്രിൽ 14, 15,16 - 28, 29, 30**
**മെയ് 5, 6, 7 - 26, 27, 28**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



# നോമ്പു നൽകുന്ന സന്ദേശം

കുടുംബവേദി

**വർഗ്ഗീസ് വെള്ളാപ്പള്ളിൽ**
ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

ഒരു നോമ്പുകാലം കൂടി കടന്നുപോകുന്നു. ഈ നോമ്പു കാലം യഥാർത്ഥത്തിൽ ഒരു ബലപ്രയോഗത്തിന്റെ കാലമായി നമുക്ക് അനുഭവപ്പെട്ടുവോ? എന്തെല്ലാം നിയന്ത്രണങ്ങളാണ് സഭ നമ്മുടെ മേൽ അടിച്ചേല്പിച്ചത്? വർജനയും ഉപവാസവും. അദ്ധ്വാനിച്ചുണ്ടാക്കിയ പണം മറ്റുള്ളവർക്ക് പങ്കുവയ്ക്കാനുള്ള ആഹ്വാനവുമൊക്കെ. ഈ അടിച്ചേല്പിക്കലും ബലപ്രയോഗവും എന്തിന്? സമൂഹത്തിന്റെ ഒഴുക്കിനനുസരിച്ച് ജീവിക്കാൻ അനുവദിച്ചുകൂടെ? ഇതൊക്കെയാണ് മിക്കവരുടെയും ചിന്ത.

"സ്നാപകയോഹന്നാന്റെ കാലം മുതൽ ഇന്നുവരെ സ്വർഗ്ഗരാജ്യം ബലപ്രയോഗത്തിനു വിഷയമായിരിക്കുന്നു. ബലവാൻ അതിനെ പിടിച്ചടക്കുന്നു" (മത്തായി. 11:12) എന്താണീ ബലപ്രയോഗം? ബലപ്രയോഗത്തിലൂടെ എനിക്ക് സ്വർഗ്ഗരാജ്യം കീഴടക്കാൻ കഴിയുമോ?

സ്വന്തം സഹോദരന്റെ നേരെയോ സമൂഹത്തിന്റെ നേരെയോ ഞാൻ ബലപ്രയോഗം നടത്തി എന്തെങ്കിലും നേടിയെടുക്കുന്നതല്ല; എന്റെ കഴിവും സ്വാധീനവും ഉപയോഗിച്ച് എന്റെ സമ്പത്തും അധികാരം നിലനിർത്തുന്നതുമല്ല ഈ ബലപ്രയോഗം. മറിച്ച് നാം നമ്മോടുതന്നെ, നമ്മുടെ മനഃസാക്ഷിയോടുതന്നെയാണ് ബലപ്രയോഗം നടത്തുക. അതിനാണ് സഭ നമ്മെ ആഹ്വാനം ചെയ്യുന്നത്.

"നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നും രൂപം കൊണ്ട് വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ. നിങ്ങൾ മനസിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥമായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ. 4:22-24).

നമ്മുടെ ചിന്തകൾ, വികാരങ്ങൾ, ആസക്തികൾ എന്നിവയ്ക്ക് പലപ്പോഴും നാം അടിമപ്പെട്ടു പോകാറുണ്ട്. ഈ അടിമത്തത്തിൽ നിന്നും നമ്മെ മോചിപ്പിക്കാനാണ് നാം നമ്മോടുതന്നെ ബലപ്രയോഗം നടത്തേണ്ടത്. "ജഡികരായാണ് ജീവിക്കുന്നതെങ്കിൽ നിങ്ങൾ തീർച്ചയായും മരിക്കും. എന്നാൽ ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിലനിക്കുന്നെങ്കിൽ നിങ്ങൾ ജീവിക്കും" (റോമ 8:13). അതിനാൽ നമ്മുടെ വികാരങ്ങൾക്കും ഇന്ദ്രിയങ്ങളുടെ പ്രവർത്തനത്തിനും അനുസരിച്ച് നമ്മെ വിട്ടുകൊടുക്കാതെ നമ്മുടെ ഇച്ഛയ്ക്കനുസരിച്ച് ആത്മാവിനാൽ അവയെ നിയന്ത്രിക്കാനാവണം. ലോകത്തിന്റെ ഗതിക്കനുസരിച്ച് നീങ്ങാൻ ഒരു ബലപ്രയോഗത്തിന്റെയും ആവശ്യമില്ല. എന്നാൽ യഥാർത്ഥ ക്രിസ്തീയ ജീവിതം ലോകത്തിന്റെ ഒഴുക്കിനെതിരെയുള്ള നീന്തലാണ്. അതാണ് ക്രിസ്തു നമ്മെ പഠിപ്പിച്ചതും നമുക്കു കാട്ടിത്തന്നതും. അതിനുള്ള ബലം നമുക്ക് ലഭിക്കുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിലൂടെയാണ്.

## സീൻ by സീൻ







ഫാ. എൽദോ മോഴശ്ശേരിൽ

# ശ്വാസ്

ഈ പംക്തിയിൽ ആദ്യമായി ഒരു പ്രാദേശിക ചിത്രം വിശകലനത്തിന് വിധേയമാക്കപ്പെടുകയാണ്. 'ശ്വാസ്' എന്നത് ഒരു മികച്ച മറാഠി ചിത്രമാണ്. സന്ദിപ് സാവനത് എന്ന പുതുമുഖ സംവിധായകന്റെ മികവുറ്റ ഈ ചിത്രം 2004-ൽ തീയേറ്ററുകളിൽ എത്തി. പ്രേക്ഷക പ്രശംസ പിടിച്ചുപറ്റിയെന്ന് മാത്രമല്ല, ഇന്ത്യയിൽനിന്നുള്ള ഏറ്റവും മികച്ച, വിദേശ ചിത്രത്തിന്റെ ഇനത്തിലേക്ക് മത്സരിക്കാനുള്ള ചിത്രം ശ്വാസം ആയിരുന്നു. ഓസ്കാർ മത്സരത്തിൽ ആറാം സ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. എന്നാൽ 2004-ലെ മികച്ച ദേശീയ ചിത്രമായി ശ്വാസ് അംഗീകരിക്കപ്പെട്ടു. ഈ ചിത്രം ഒരു യഥാർത്ഥ സംഭവവുമായി യോജിച്ചിരിക്കുന്നു എന്നതും ഇതിനെ വ്യത്യസ്തമാക്കുന്നു. 'ശ്വാസ്' എന്ന വാക്കിന്റെ അർത്ഥം ശ്വാസം എന്നതാണ്.




മറാഠി സിനിമയ്ക്ക് പുതിയ ഒരു ദിശാബോധം നൽകാൻ ശ്വാസിന് കഴിഞ്ഞു.

ഗ്രാമത്തിൽനിന്ന് നഗരത്തിലെ ഒരു ആശുപത്രിയിലേക്ക് തന്റെ കൊച്ചുമകന്റെ കണ്ണിന്റെ ചികിത്സയ്ക്കായി വരുന്ന ഒരു വല്ല്യപ്പൻ അനുഭവിക്കുന്ന സംഘർഷമാണ് കഥയുടെ ഇതിവൃത്തം.

വിചാരേ എന്ന വൃദ്ധൻ തന്റെ എട്ട് വയസുകാരൻ കൊച്ചുമകൻ പരശുരാമിനെ പൂനെയിലുള്ള ഡോക്ടറിന്റെ അടുത്ത് അവന്റെ കണ്ണ് കാണിക്കാൻ കൊണ്ടുവരുന്നു. അവരോടൊപ്പം പരശുരാമന്റെ അമ്മാവൻ ദിവാകറും വരുന്നു. ആശുപത്രിയിൽ ആദ്യദിവസം തന്നെ കുറേ പേപ്പറുകൾ ഒപ്പുവയ്ക്കാൻ വിചാരേയോട് ആവശ്യപ്പെടുന്നു. ഇതിനെപ്പറ്റി ചോദിക്കുമ്പോൾ വിചാരേയ്ക്ക് ലഭിക്കുന്ന മറുപടിയായിരുന്നു, ചികിത്സയിൽ എന്തെങ്കിലും പിഴവ് സംഭവിച്ചാൽ ഡോക്ടർ ഉത്തരവാദിയല്ല എന്ന് വ്യക്തമാക്കുന്ന സമ്മതപത്രമാണ് അതെന്ന്. ഇത് വിചാരേയ്ക്ക് അംഗീകരിക്കാൻ പറ്റാത്ത വ്യവസ്ഥയായി. പ്രതിസന്ധിയുടെ മദ്ധ്യത്തിൽ അവർക്ക് സഹായവുമായി വരുന്നത് ഒരു മെഡിക്കൽ സാമൂഹ്യപ്രവർത്തകയായ പെൺകുട്ടിയാണ്. അഷ്വാരി എന്ന ആ സാമൂഹ്യപ്രവർത്തക കാര്യങ്ങളെല്ലാം വളരെ വിശദമായി വിചാരേയ്ക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുന്നു. അങ്ങനെ അവർ ഡോ. സാനേയെ കാണുകയും അദ്ദേഹം കൊച്ചുപരശുരാമിന്റെ രോഗം പെട്ടെന്നുതന്നെ കണ്ടുപിടിക്കുകയും ചെയ്യുന്നു. വളരെ അപൂർവ്വമായി മാത്രം കടന്നുവരുന്ന നേത്രാന്തരപടലത്തിലുണ്ടാകുന്ന ഒരു അർബുദരോഗമാണെന്ന് മനസ്സിലാക്കുന്നു. ഈ രോഗത്തിന്റെ പേരാണ് റെറ്റിനബ്ലാസ്റ്റോമ. വിചാരേ ഇതുകേട്ട് പൂർണ്ണമായും തകർന്നുപോകുന്നു. ഡോ. സാനേ വളരെ കരുതലോടെ ഇതേക്കുറിച്ച് വിചാരേയ്ക്ക് പറഞ്ഞു മനസ്സിലാക്കിക്കൊടുത്തു. കുഞ്ഞിന്റെ ജീവൻ രക്ഷിക്കണമെങ്കിൽ രണ്ടു കണ്ണും എടുത്തുമാറ്റണമെന്നും അല്ലാത്തപക്ഷം അത് അവന്റെ ജീവനുതന്നെ ഭീഷണിയാകുമെന്ന സൂചനയും കൊടുക്കുന്നു.

നമ്മൾ സ്നേഹിക്കുന്നവർക്ക് രോഗങ്ങളും വിഷമങ്ങളും ഉണ്ടാകുമ്പോൾ അവ എങ്ങനെ നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും ബാധിക്കുമെന്ന് വളരെ തന്മയത്വത്തോടെ സംവിധായകൻ അവതരിപ്പിച്ചിട്ടുണ്ട്. ചില നിമിഷങ്ങളിൽ രോഗിയേക്കാൾ വേദനിക്കുന്നത് അവരുടെ അടുത്ത ബന്ധുക്കളും സുഹൃത്തുക്കളുമാണ്. പരശുരാമിന്റെ കാര്യത്തിൽ അവന് തന്റെ രോഗത്തിന്റെ ഗൗരവത്തെക്കുറിച്ച് അറി

യുന്നില്ല. ആ രോഗത്തിന്റെ ഫലമായി സമ്മർദ്ദത്തിലാകുന്നത് അവന്റെ വല്ല്യപ്പനാണ്.

ഈ ചിത്രത്തിൽ ഒരു ആശുപത്രിയുടെ പ്രവർത്തനങ്ങളും ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്നവരുടെ പ്രത്യേക സ്വഭാവസവിശേഷതകളും അവർ ആശുപത്രിയിൽ വരുന്ന രോഗികളോട് പെരുമാറുന്നത് വളരെ മികവുറ്റ രീതിയിൽ അഭിനയിച്ചിട്ടുണ്ട്.

വൈദ്യശാസ്ത്ര ധാർമ്മികതയനുസരിച്ച് രോഗിക്ക് തന്റെ രോഗത്തെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് കൊടുക്കുവാൻ ഡോക്ടർമാർ കടപ്പെട്ടിരിക്കുകയാണ്. ഇവിടെയാണ് ഒരു ഡോക്ടർ തന്റെ ജോലിക്കപ്പുറം, ദൈവത്തിന്റെ സ്പർശം കൈകളിൽ മാത്രം വയ്ക്കാതെ അത് നാവിലും സൂക്ഷിക്കാൻ സാധിക്കണം എന്ന് നാം മനസ്സിലാക്കുന്നത്. രോഗിയോടുള്ള ഈ സംവാദത്തിൽ ധർമ്മസങ്കടത്തിലാകുന്നത് പലപ്പോഴും അവരെ ശുശ്രൂഷിക്കുന്ന ഡോക്ടർ മാരും ബന്ധുമിത്രാദികളുമാണ്.

ഈ ചിത്രത്തിൽ ബന്ധങ്ങളുടെ ഊഷ്മളത വളരെ സൂക്ഷ്മമായി അവതരിപ്പിക്കുവാൻ കഴിഞ്ഞു. വല്ല്യപ്പനും കൊച്ചുമകനും തമ്മിലുള്ള ആഴമേറിയ ബന്ധത്തെ ഈ ചിത്രത്തിൽ നാം കാണുന്നുണ്ട്. നമ്മുടെ കുടുംബങ്ങളിൽ അപ്പൂപ്പനും അമ്മൂമ്മയ്ക്കുമുള്ള സ്ഥാനം ഇത്തരുണത്തിൽ ചിന്തിക്കുന്നത് നല്ലതാണ്. പല കുട്ടികളുമിന്ന് അപ്പൂപ്പൻ, അമ്മൂമ്മ എന്ന വാക്കുപോലും കേട്ടിട്ടുണ്ടാവില്ല. അമ്മൂമ്മമാരുടെ മടിയിലിരുന്ന് ബൈബിൾ കഥകളും നാടോടിക്കഥകളും കേട്ടിരുന്ന സന്ധ്യാകാലമൊക്കെ ഇന്ന് അന്യമായിപ്പോയി. അപ്പൂപ്പന്റെ വിരൽത്തുമ്പിൽപിടിച്ച് പള്ളിയിൽ പോയതും,



അപ്പൂപ്പന്റെ തോളിലേറി പീടികയിൽ പോയതും ഗ്യാസ് മിഠായിയും നാരങ്ങാമിഠായിയും വാങ്ങിത്തന്നതും ഓർക്കാൻ ഇന്നത്തെ ബാല്യത്തിനൊന്നുമില്ല. പല വൃദ്ധരായ മാതാപിതാക്കന്മാരും ഇന്ന് വൃദ്ധസദനത്തിന്റെ നാലുചുവരുകളിൽ തങ്ങളുടെ ജീവിതം ഒതുക്കി ജീവിക്കുന്നു.

പത്ത് കല്പനകളിൽ വാഗ്ദാനത്തോടെയുള്ള ഏക കല്പനയിതാണ്. "നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിന്റെ ദൈവമായ കർത്താവ് തരുന്ന നാട്ടിൽ നിനക്ക് നന്മയുണ്ടാകുവാനും വേണ്ടി അവിടുന്ന് കല്പിച്ചിരിക്കുന്നതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക" (നിയമാ 5:16). നമ്മളെ സ്നേഹിച്ചു ജനിപ്പിക്കുകയും വളർത്തുകയും പരിപാലിച്ച് പൂർണ്ണപ്രായത്തിൽ എത്തിക്കുകയും ചെയ്തവരെ നാം ബോധപൂർവ്വം ഒഴിവാക്കുകയും ചെയ്യുന്നു. എന്നാൽ നമ്മുടെ ബാല്യകാലത്തിന്റെ ബലഹീനതയിൽ അവർ കൂട്ടായതുപോലെ അവരുടെ വാർദ്ധക്യത്തിന്റെ ബലഹീനതയിൽ അവരുടെ ബലമാകാൻ നമുക്കു കഴിയണം.



ഫ്രാൻസിസ് മാർപാപ്പ വളരെ സന്തോഷത്തോടെയാണ് തന്റെ അപ്പൂപ്പന്മാരെയും അമ്മൂമ്മമാരെയും കുറിച്ച് പറയുന്നത്. വളരെ ദീപ്തമായ സ്മരണയാണ് പാപ്പായ്ക്ക് അവരെക്കുറിച്ചുള്ളത്. "പ്രായം ചെന്നു നരച്ചവരുടെ മുൻപിൽ ആദരപൂർവ്വം എഴുന്നേൽക്കുകയും അവരെ ബഹുമാനിക്കുകയും വേണം" (ലേവ്യർ 19:32). സുവ്യക്തമായി പ്രബോധിപ്പിക്കുന്നു. കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെടുന്ന അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും സ്നേഹം തിരിച്ചുപിടിക്കാൻ നമുക്ക് ആകുമോ? പരശുരാമെന്ന കുഞ്ഞ് ഇന്നീ ഈ ലോകത്തെ കാണാൻപോകുന്നത് അവന്റെ അപ്പൂപ്പന്റെ കണ്ണുകളിലൂടെയാണ്. തന്റെ കൊച്ചുമകന്റെ ശസ്ത്രക്രിയ ഒരു ദിവസത്തേക്ക് നീട്ടിവയ്ക്കുമ്പോൾ വിചാരേ തന്റെ മകനോടൊപ്പം ആശുപത്രിയിൽനിന്നും അപ്രത്യക്ഷയാകുന്നു. ആശുപത്രി അധികൃതർ പരിഭ്രാന്തരായി, അവരെ അന്വേഷിക്കുന്നു. അവസാനം അവർ തിരിച്ചുവരുമ്പോൾ, സർജൻ അവരോട് കോപിഷ്ഠനാകുന്നു. അപ്പോൾ വിചാരേ പറയുന്ന്, തന്റെ കൊച്ചുമകന് അവസാനമായി ഈ നഗരത്തിന്റെ കാഴ്ചകൾ കാണിക്കാനാണ് താൻ അവനെ കൂട്ടിക്കൊണ്ടുപോയതെന്ന് പറയുന്നു.

ഈ ചിത്രത്തിൽ ഡോക്ടർമാരെയും നേഴ്സുമാരെയും ആശുപത്രി സ്റ്റാഫുകളെയും വളരെ നന്മയുള്ളവരായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. പാവപ്പെട്ട ഒരു ഗ്രാമീണനായ വൃദ്ധനോട്‌വർ വളരെ നന്മയോടെ പെരുമാറുന്നു. അവസാന രംഗത്തിൽ പരശുറാം കറുത്ത കണ്ണടകൾ ധരിച്ച് തന്നെ കാത്തിരിക്കുന്ന കുടുംബത്തെയും താൻ വരുന്ന തോണിയിൽനിന്ന് കൈവീശി അവരെ അഭിവാദനം ചെയ്യുന്നു. ഇരുട്ടിന്റെ ലോകത്തിലും അവന് കൂട്ടായി അവന്റെ അപ്പൂപ്പൻ അപ്പോഴും അടുത്തുതന്നെയുണ്ട്, ആ കൊച്ചുമകന്റെ ശ്വാസമായ്....ജീവനായ്.... ■

# ഉള്ളതു പറഞ്ഞാൽ...





**അഡ്വ. വിനോദ് മാത്യു വിൽസൺ**

"ഓസിനു കിട്ടിയാൽ ആസിഡും കുടിക്കും" – "ചുളുവിൽ അടിച്ചുമാറ്റുക" നമ്മുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്ന രണ്ട് സുപ്രധാന പ്രയോഗങ്ങളാണിത്.

രാവിലെ ടിവി തുറന്നപ്പോൾ കണ്ടത് ആരൊക്കെയോ അയയ്ക്കുന്ന കത്തുകൾ വായിച്ച് ആയവരെ ഉദ്ബോധിപ്പിക്കുന്ന ഒരു മഹാൻ, സാർ ഞാൻ 26 വയസ്സുള്ള യുവതിയാണ്. എന്റെ ഭർത്താവ് വിദേശത്താണ്. സാമ്പത്തികമായി കുറച്ചു കടമുണ്ട്. കല്യാണം കഴിഞ്ഞ് വർഷം 2 കഴിഞ്ഞു. ഞങ്ങൾക്ക് കുട്ടികൾ ഉണ്ടാകുമോ? എന്താണ് ഒരുവഴി? (എളുപ്പവഴി). കത്തിലെ രോദനം നീളുന്നു.... മഹാൻ ഉദ്ബോധനം തുടങ്ങി. അത് ചെയ്യണം, ഇത് ചെയ്യണം, നീലക്കുറിഞ്ഞിയുടെ കുരു പുലിപ്പാലിൽ ചേർത്ത് സിംഹത്തിന്റെ വായിലെ 21–ാമത്തെ പല്ല് പറിച്ചെടുത്ത്, അരച്ച് പാലിൽ കലക്കി, ഫെബ്രുവരി 31–ാം തീയതി രാത്രി... അങ്ങനെ നീളുന്നു പരിഹാരം. ഇതുകേട്ടുകൊണ്ടിരുന്ന ഒന്നും അറിയാത്ത നിഷ്കളങ്കയായ എന്റെ വല്യമ്മച്ചിയുടെ മറുപടി, "എന്തിനാ ആ കൊച്ചിനെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നത്. അയാള് ഒന്ന് നാട്ടിൽവന്നാപ്പോരേ..." നമ്മൾ ഇങ്ങനെയാണ്... വേണ്ട കാര്യങ്ങൾക്ക് വേണ്ടാത്ത കാര്യങ്ങൾ ചെയ്യും...



# പിൻവാതിൽ



10 സെന്റ് സ്ഥലം വേണം... കയ്യിൽ പൂത്തകാശും... മോളെ കെട്ടിക്കാൻ വേറെ നിവൃത്തിയില്ലാത്തതുകൊണ്ട് വിൽക്കാൻ തീരുമാനിച്ചു. ഒരുത്തൻ വന്നാൽ പിന്നെ ഉള്ള ഉദ്ദേശം 'അവൻ ആവശ്യക്കാരൻ ആണ്, ചുളുവിൽ അടിക്കാം.'

പരീക്ഷയ്ക്ക് പഠിക്കില്ല.. നേർച്ചകളുടെ നീണ്ട ലിസ്റ്റ് അങ്ങ് ഉണ്ടാക്കും. അവസാനം പടക്കം പൊട്ടുന്നതുപോലെ പൊട്ടും. അപ്പഴും കുറ്റം അങ്ങേർക്ക്. ''അങ്ങേര് തരേണ്ട പകുതി മതിയായിരുന്നു ജയിക്കാൻ'' ഇനിം നേർച്ച അങ്ങ് പള്ളീൽ പോയി പറഞ്ഞാൽ മതി.

സൗന്ദര്യവർദ്ധകയന്ത്രം, സ്വർണ്ണച്ചേന, പണമിരട്ടിക്കും പാത്രം.... പരസ്യം കണ്ട് ഊരും പേരും അറിയാത്ത അഡ്രസിൽ അയച്ചുകൊടുത്ത് 25,000 രൂപയുടെ ഡി.ഡി. അവസാനം പാഴ്സൽ വന്നത് ഒരു വാഴപ്പിണ്ടിയും ചുടുകട്ടയും കൂടെ ഒരു എഴുത്തും. "പോയി മേലനങ്ങി ജീവിക്കടാ പോത്തേ" നാണക്കേടുകൊണ്ട് ആരോടും പറയാൻ വയ്യ.

അമ്മായി അമ്മ ചാകാൻ കിടന്നപ്പോൾ ഒരുതുള്ളി വെള്ളം വാങ്ങാൻ കാശ് മുടക്കാത്ത മരുമകൾ. ഉണ്ടായിരുന്ന സമ്പാദ്യം മുഴുവൻ പൊതുമേഖലാ ബാങ്കിൽ ഇടാതെ കൂടുതൽ പലിശ മോഹിച്ച് സ്വകാര്യ ഇടപാട് സ്ഥാപനത്തിൽ ഇട്ടു. ഇടപാട് പൊളിഞ്ഞു. കേസു കൊടുക്കാൻ ചെന്നപ്പോൾ പോലീസിന്റെ ചോദ്യം, "ചുളുവിൽ കാശ് ഉണ്ടാക്കാൻ പോയതാ അല്ലേ?"

ചൂണ്ടിക്കാണിക്കാൻ നിരവധി കാര്യങ്ങൾ ഉണ്ട്. കാര്യങ്ങൾ സാധിക്കണം. പക്ഷേ അത് ചുളുവിൽ വേണ്ട ചിലവിൽ മതി...

# പാവനസ്മരണയ്ക്ക്

## നാലാം ചരമവാർഷികം

"യേശു മരിക്കുകയും വീണ്ടും
ഉയിർക്കുകയും ചെയ്തു എന്നു
നാം വിശ്വസിക്കുന്നതുപോലെ
യേശുവിൽ നിദ്രപ്രാപിച്ചവരെ
ദൈവം അവനോടുകൂടെ
ഉയിർപ്പിക്കും"
(1 തെസ്സ. 4:14).

*Achachan, we miss you so much, you are always in our thoughts and prayers. May the Almighty God grant rest and comfort to your soul.*

ഭാര്യ, മക്കൾ, മരുമക്കൾ,
കൊച്ചുമക്കൾ



**പരുമൂട്ടിൽ**
**ശ്രീ. പി.സി. മാത്യു**

# MAR EPHRAEM

## COLLEGE OF ENGINEERING AND TECHNOLOGY

**MARTHANDAM**

(Catholic Diocese of Marthandam)


Approved by AICTE, Delhi & Anna University, Chennai

### Courses

- B.E. Mechanical Engineering
- B.E. Civil Engineering
- B.E. Electronics & Communication Engineering
- B.E. Electrical & Electronics Engineering
- B.E. Computer Science & Engineering
- M.E. Computer Science & Engineering
- M.E. Applied Electronics
- M.E. Manufacturing Technology

### Fecilities

* Spiritual formation through daily Holy Mass, Prayer & Jesus youth.
* Experienced and dedicated faculty with post doctoral research and industrial experience.
* World Class Classrooms connected to a centralized e-learning data center on campus.
* Global connectivity to all the  students via 24hr Wi-Fi access.
* Modern library with e-access to various international Journals.
* Most modern Language lab. * Helth club
* Cafeteria and mess with delicious and nutritious food (Kerala taste)



***Admission in 1st year & Direct 2nd year (Later Entry) * Campus Placement Assistance**

FOR ADMISSION CONTACT:

**Mr. TONEY KURIEN** (Admission Officer)**: 9447413790, 09444713790 (T.N)**

Date of Publication: 28-03-2015 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2015-17
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/90
April 2015

10 kms From Kanyakumari

**Loyola Institute of Technology & Science**

www.lites.edu.in Guided by Jesuits

Approved by AICTE No : 06.05/TN/ENGG/2007/33 dt 16/5/08 Affiliated to Anna University, Chennai No : 104 / Affiliation / 2008 dt 3/7/08




Arise & Shine

Courses Offered

**B.E** : ECE, E&I, EEE, CSE, MECH, AUTOMOBILE, CIVIL, BIO-MEDICAL
**M.B.A** : HR, MARKETING, FINANCE, INTERNATIONAL BUSINESS
**M.E** : CSE, APPLIED ELECTRONICS, BIO - MEDICAL ENGG, CAD
**DUAL DEGREE** : Master of Technology Management (B.E. With M.T.M)

SCHOLARSHIP FOR STUDENTS with +2, Maths
Above 80% ₹20,000
Above 70% ₹10,000
Above 60% ₹5,000

Our Speciality & Achievement
Kerala students with less than 50% in +2 Maths are given special coaching ; They are the greatest beneficiaries with no history of arriers.

**Why choose Loyola?**
Because it is Mission centred *(Empowerment of Rural Youth)*
- You will Speak English in the Campus
- You will Develop Skills for Multitasks
- Ensures degree with a high pass percentage
- Arranges good placement and career prospects

- NO.1 IN ANNA UNIVERSITY MENS ATHLETICS MEET 2014
- NO.2 IN ANNA UNIVERSITY WOMENS ATHLETICS MEET 2014
- 16 ANNA UNIVERSITY ACADEMIC RANK HOLDERS IN 2014

**Central Service Training**
For Govt. Job Starting from I Year (VAO, Tahsildar, Bank, IAS, IPS) in collaboration with Saidai Duraisamy's Manitha Neyam IAS Academy

**GATE Exam Training**
For Central Govt. Jobs and Higher Education, Separate Directorate for Training Programme in 3rd & 4th year in collaboration with M/s ACE & T.I.M.E.

**Certification Programme**
For MNC Jobs & Career Prospects
- PLC Scadda
- MCTS
- Ansys
- .Net
- CCNA
- HVAC

**College Office, Kottayam**
2nd Floor, Safa Trade centre,Railway Station Road, Kottayam - 686 001. Ph: 0481 - 2584402

Contact : 9446985555, 09244775555 / 77
loyolacollege2008@gmail.com

JOIN LOYOLA TO REACH YOUR DESTINATION

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*